# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA EKM(M1).130/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
5. കാര്യാലയപകർപ്പ്

നമ്പർ: KSA EKM(M1).130/2024 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാംകുട്ടി ടി.എൽ. | ജോയിന്റ് ഡയറക്ടർ | 22-01-2024 | 05-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 05-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി കവിതാദേവി വി,ഓഡിറ്റ് ഓഫീസർ,
ശ്രീ സന്തോഷ്കുമാർ കെ വി,ഓഡിറ്റ് ഓഫീസർ,
ശ്രീമതി ബിന്ദു സദാനന്ദൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ പ്രസാദ് പി ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി നിജു സി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ ടിനു കെ ജെ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വി.എ. പ്രഭാവതി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ഡോ.സിനി ടി.എൻ | സെക്രട്ടറി | 01-04-2022 | 28-02-2023 |
| ശ്രീമതി മിനി ആന്റണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീന ജി ആർ | മുനിസിപ്പൽ എൻജിനിയർ | 01-04-2022 | 31-03-2023 |
| സിജോ പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ഉമ ജി.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-01-2023 |
| ഡോ.സിന്ധു കെ.ആർ | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്(ആയുർവ്വേദം) | 01-02-2023 | 16-02-2023 |
| ഡോ.ഷാജി പി.ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 17-02-2023 | 31-03-2023 |
| രാഗേഷ് പലേരി വീട്ടിൽ | പ്രൊജക്റ്റ് ഓഫീസർ | 01-04-2022 | 01-09-2022 |

| | | | |
|---|---|---|---|
| ഒഴിവ് | പ്രൊജക്റ്റ് ഓഫീസർ | 02-09-2022 | 11-09-2022 |
| പ്രസന്നകുമാർ ഡി. | പ്രൊജക്റ്റ് ഓഫീസർ | 12-09-2022 | 15-11-2022 |
| ഒഴിവ് | പ്രൊജക്റ്റ് ഓഫീസർ | 16-11-2022 | 27-11-2022 |
| ബിനോയ് ആർ. | പ്രൊജക്റ്റ് ഓഫീസർ | 28-11-2022 | 31-03-2023 |
| ബോബി മാത്യൂസ് | ഷെഡ്യൂള്ഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ | 01-04-2022 | 03-07-2022 |
| സേതുലക്ഷ്മി.കെ | ഷെഡ്യൂള്ഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ ഗ്രേഡ് 2 | 04-07-2022 | 31-03-2023 |
| ഡോ.മറിയാമ്മ തോമസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 10-07-2022 |
| ഡോ.നവാസ് വി എ | സീനിയർ വെറ്ററിനറി സർജൻ അഡീഷ്ണൽ ഇൻ ചാർജ്ജ് | 11-07-2022 | 11-09-2022 |
| ഡോ.രജനി രാമൻ ടി. | സീനിയർ വെറ്ററിനറി സർജൻ | 12-09-2022 | 31-03-2023 |
| വി എൽ പ്രഭ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| രജനി വി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജയലത എം ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 04-07-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 05-07-2022 | 29-07-2022 |
| ഡോ.സിജി എബ്രഹാം(TSI JI Abraham) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 30-07-2022 | 02-01-2023 |
| ഡോ.മിനി കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 03-01-2023 | 31-03-2023 |
| സൂസിരാജ് എ ആർ | പ്രിൻസിപ്പാൾ, ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ | 01-04-2022 | 11-09-2022 |
| ബിന്ദു .ഡി | പ്രിൻസിപ്പാൾ, ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ,നോർത്ത് പറവൂർ | 12-09-2022 | 31-03-2023 |
| സുലേഖ എം എൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-12-2022 |
| സിന്ധു പി.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 28-12-2022 | 31-03-2023 |
| സുധീഷ്ബോസ് കെ.എസ് | ഇൻഡസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.റോസമ്മ പി എസ് | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 01-04-2022 | 31-03-2023 |
| രാഗേഷ് പലേരി വീട്ടിൽ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 01-09-2022 |
| ഒഴിവ് | ഹെൽത്ത് സൂപ്പർവൈസർ | 02-09-2022 | 11-09-2022 |
| പ്രസന്നകുമാർ ഡി. | ഹെൽത്ത് സൂപ്പർവൈസർ | 12-09-2022 | 15-11-2022 |
| ഒഴിവ് | ഹെൽത്ത് സൂപ്പർവൈസർ | 16-11-2022 | 27-11-2022 |
| ബിനോയ് ആർ. | ഹെൽത്ത് സൂപ്പർവൈസർ | 28-11-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ടിന്റെ വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | പണമിടപാടില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-1-5 |
| 7 | ബാങ്ക് പലിശയുടെ വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ട്രഷറിയിൽ നിന്ന് സർക്കാർ പിൻവലിച്ച തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഹഡ്കോ വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വാർഷിക ധനകാര്യ പത്രികയിലെ ബാങ്ക് പലിശയുടെ വിവരം ലഭ്യമാക്കിയില്ല | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ ഗ്രാന്റ്സ് & കോൺട്രിബ്യൂഷന്റെ വിവരം ലഭ്യമാക്കിയില്ല | 1-1-10 |
| 12 | പദ്ധതി ചെലവുകൾ പൂർണ്ണമായി AFS ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തനതു വരുമാനം അവലോകനം | 1-11 |
| 24 | വാർഷിക ധനകാര്യ പത്രികയിൽ തെറ്റായ ഡിമാന്റ് രേഖപ്പെടുത്തി വാടക കുടിശ്ശിക ഒഴിവാക്കി | 1-12 |
| 25 | കടമുറികളിൽ നിന്നും വാടക ഈടാക്കിയില്ല. | 1-13 |
| 26 | കടമുറികൾ വാടകക്ക് നൽകിയില്ല. | 1-14 |
| 27 | സിനിമാ തീയേറ്റർ വിനോദനികുതി അടവാക്കാതെ പ്രവർത്തിക്കുന്നു. | 1-15 |
| 28 | U/A നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ നിന്നും നാളിത് വരെയും വസ്തുനികുതി ഈടാക്കിയില്ല - വൻ കുടിശ്ശിക | 1-16 |
| 29 | വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വർദ്ധനവ് ചെയ്തില്ല. | 1-17 |
| 30 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയയിൽ ഡിമാന്റ് ചെയ്യാതെ ഈടാക്കുന്നു. | 1-18 |
| 31 | നിലവിലുണ്ടായിരുന്ന വാണിജ്യകെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു. | 1-19 |
| 32 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-20 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 1-21 |
| 34 | വരവിനങ്ങൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-22 |
| 35 | ലേലം നടത്തിപ്പിലെ അപാകതകൾ | 1-23 |
| 36 | സഞ്ചരിക്കുന്ന ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ തുകക്കുള്ള മരുന്നു ലഭ്യമായിട്ടില്ല | 1-24 |
| 37 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകത | 1-25 |
| 38 | വയോജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി-മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കി | 1-26 |
| 39 | മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനം-ഫണ്ടുകളുടെ വിനിയോഗം ഉറപ്പ് വരുത്തുന്നില്ല | 1-27 |
| 40 | കന്നുകുട്ടി പരിപാലനം - ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയില്ല | 1-28 |
| 41 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| 42 | വൃദ്ധസദനം പരിപാലനം - അപാകതകൾ | 1-30 |
| 43 | ബഡ്സ് സ്കൂളിന്റെ നടത്തിപ്പ് | 1-31 |
| 44 | കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ -വിഹിതം നല്കൽ–പ്രൊജക്റ്റ് -ധനവിനിയോഗ വിവരം ലഭ്യമല്ല | 1-32 |
| 45 | മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല | 1-33 |
| 46 | മരങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല | 1-34 |
| 47 | മാലിന്യ നിർമ്മാർജനത്തിനായി വാഹനം വാടകയ്ക്ക് -ട്രിപ്പ് ഷീററ് ഹാജരാക്കിയില്ല | 1-35 |
| 48 | ദിവസവേതനാടിസ്ഥാനത്തിൽ നിയമനം | 1-36 |
| 49 | ദുരിതാശ്വാസനിധി | 1-37 |
| 50 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-38 |
| 51 | എട്ടിയോടം റോഡ് റീ കോൺക്രീറ്റിംഗ് & കവർ സ്ലാബ് ഇടൽ–അധിക തുക നൽകി | 1-39 |
| 52 | എർത്ത് വർക്ക് എസ്കവേഷൻ–അധിക നിരക്ക് നൽകി | 1-40 |

| | | |
|---|---|---|
| 53 | മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ്-കരാർ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു | 1-41 |
| 54 | നഗരസഭ റോഡുകളുടെ കണക്കിവിറ്റി മാപ്പ് തയ്യാറാക്കൽ–പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-42 |
| 55 | നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപ്പണി-കരാർ പ്രകാരമുള്ളതിലും അധികം തുക അനുവദിച്ചു | 1-43 |
| 56 | ആരോഗ്യമാതാ പള്ളി റോഡ് ബൈലൈനായ ദേവസ്വം പറമ്പ് റോഡ് റീടാറിംഗ്-കാലി ബാരലിന്റെ വില കുറവായി ഈടാക്കി | 1-44 |
| 57 | നഗരസഭ സ്ലോട്ടർ ഹൗസ് നവീകരണം-പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-45 |
| ഭാഗം **2** | | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-1 |
| ഭാഗം **3** | | |
| 1 | എട്ടിയോടം റോോഡ് റീ കോൺക്രീറ്റിംഗ് & കവർ സ്ലാബ് ഇടൽ–അധിക തുക നൽകി | 3-1 |
| 2 | എർത്ത് വർക്ക് എസ്കവേഷൻ–അധിക നിരക്ക് നൽകി | 3-2 |
| 3 | ദേവസ്വം പറമ്പ് റോഡ് റീടാറിംഗ്-കാലി ബാരലിന്റെ വില കുറവായി ഈടാക്കി | 3-3 |
| 4 | മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ്-കരാർ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു | 3-4 |
| 5 | നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപ്പണി-കരാർ പ്രകാരമുള്ളതിലും അധികം തുക അനുവദിച്ചു | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.**നോർത്ത് പറവൂർ നഗരസഭയുടെ** 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **27.07.2023 ലെ 2/1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **24.08.2023-ാം** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും , ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **നോർത്ത് പറവൂർ നഗരസഭയുടെ 2022-23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: എറണാകുളം**

**തീയതി: 20/03/2024**

**ജോയിന്റ് ഡയറക്ടർ**

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരുപ്പ് പരിശോധിക്കുന്നതിനായി താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് കോഡ് | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | AFS ലെ RP-40(b) പ്രകാരം നീക്കിയിരുപ്പ്(₹) | ബാങ്ക് റീക്കൺസീലിയെഷൻ പത്രിക പ്രകാരം ബാങ്കിലെ നീക്കിയിരുപ്പ്(₹) |
|---|---|---|---|---|
| 1 | 450450100 | TP A/c 30 Regular Pension | 16941.00 | 16941.00 |
| 2 | 450450200 | TP A/c 228 Contingent Pension | 1890.00 | 1890.00 |

| | | | | |
|---|---|---|---|---|
| 3 | 450450400 | Treasury Deferred Salary A/c | 277415.00 | 0.00 |
| 4 | 450610400 | Indian Bank Boat Race | 249.00 | 251.00 |
| 5 | 450610700 | Bank Of India Oldage Home | 119855.00 | 111065.00 |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നറിയിച്ച് 27.1.2024 ൽ ഓഡിറ്റ് എൻക്വയറി നം.10 നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല.

**1-1-3 ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം**

പരിശോധനക്കായി ലഭ്യമാക്കിയ താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2023 ലെ ബാങ്ക് റീക്കൺസീലിയെഷൻ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പും യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും തമ്മിൽ വ്യത്യാസമുണ്ട്

| ക്രമ നം | അക്കൗണ്ട് കോഡ് | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | AFS ലെ RP-40(b) പ്രകാരം നീക്കിയിരുപ്പ് (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്സ് ബുക്ക് പ്രകാരം നീക്കിയിരുപ്പ് (₹) | ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരം ബാങ്കിലെ നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| 1 | 450210200 | Federal Bank | 0.00 | 5,461.00 | 0.00 |
| 2 | 450210600 | UBI Waste Mgmt Fund | 1,14,898.00 | 1,18,163.00 | 1,04,580.00 |
| 3 | 450230100 | EDCB – Own Fund | 1,31,415.97 | 1,33,317.75 | 71,148.97 |
| 4 | 450410500 | SBI Chairman Relief Fund | 80,149.00 | 80,683.00 | 6251.00 |
| 5 | 450410700 | Indian Bank Shuchitwa Mission | 2,56,677.00 | 2,56,677.00 | 3,00,390.00 |
| 6 | 450420100 | Axis Bank-Swach Bharath | 10,90,558.00 | 11,33,003.00 | 11,13,264.00 |
| 7 | 450420300 | HDFC Bank Plastic Waste Collctn2 50100283860993 | 2,46,535.00 | 2,53,787.30 | 2,51,882.00 |
| 8 | 450610100 | Bank Of India (IHSDP) | 8,592.00 | 8,834.00 | 9,29,908.00 |
| 9 | 450610300 | Union Bank Of India - ILCS | 1,16,17,668.50 | 1,18,71,466.50 | 1,19,58,235.50 |
| 10 | 450610600 | UBI-Dry Waste Collection 337802010029454 | 54.00 | 54.00 | 0.00 |
| 11 | 450610800 | Canara Bank-MPLAD Fund 4665101003923 | 92,346.00 | 92,346.00 | 26,432.00 |
| 12 | 450610900 | UBI-Covid Donation A/c 337802010031768 | 2,20,998.00 | 2,29,279.00 | 2,20,998.00 |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പും യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും തമ്മിൽ വ്യത്യാസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച്

27.02.2024 ൽ ഓഡിറ്റ് എൻക്വയറി നം.9 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**1-1-4 ബാങ്ക് അക്കൗണ്ടിന്റെ വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല**

താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് നോർത്ത് പറവൂർ നഗരസഭയിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൗണ്ടിന്റെ വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | അക്കൗണ്ട് ആരംഭിച്ച തിയതി/ അക്കൗണ്ട് പേര് | 01.04.2022 ലെ മുന്നിരുപ്പ് (₹) | തൻ വർഷത്തെ വരവ്(₹) | തൻ വർഷത്തെ ചെലവ്(₹) | 31.03.2023 ലെ നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|---|
| 1 | Indian Bank 7206877331 | 12.07.2022 Urban Health & Wellness Centre | 0.00 | 83,59,965.00 (82,00,000/- Grant & 1,59,965/- Interest) | 0.00 | 83,59,965.00 |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടിന്റെ വിവരം AFS ൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് 29.02.2024 ൽ ഓഡിറ്റ് എൻക്വയറി നം.13 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

**1-1-5 പണമിടപാടില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

2022-23 വർഷത്തെ പരിശോധനക്കായി ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റ്/പാസ്സ് ബുക്ക് പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി പണമിടപാട് നടത്തിയിട്ടില്ല. ബാങ്ക് പലിശ മാത്രമാണ് വരവായി ലഭിച്ചിരിക്കുന്നത്.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | ബാങ്ക് അക്കൗണ്ടിന്റെ പേര് | 31.03.2023 ലെ നീക്കിയിരുപ്പ് (AFS പ്രകാരം)(₹) |
|---|---|---|---|
| 1 | Bank Of India 56410110000193 IHSDP | Secretary, Paravur Municipality | 8592/- |
| 2 | Union Bank Of India 337802010029454 Dry Waste Collection | Secretary, Paravur Municipality | 54/- |
| 3 | Union Bank Of India 337802010028825 Waste Management Fund | Secretary, Paravur Municipality | 1,14,898/- |
| 4 | Indian Bank 6030434224 Shuchithwa Mission | Secretary, Paravur Municipality | 25,6677/- |
| 5 | Federal Bank 11250100347143 Covid-19 CFLTC | Secretary, Paravur Municipality | 0/- (പാസ്സ് ബുക്ക് പ്രകാരം 31.03.23 ൽ 5461/- ) |
| 6 | Indian Bank 6030435308 Uravida Malinya Samskaranam | Secretary, Paravur Municipality | 540168/- |
| 7 | State Bank Of India 31398884382 IHSDP | Secretary, Paravur Municipality | 943/- |
| 8 | State Bank Of India 30685812045 Special Funds | Secretary, Paravur Municipality | 2,29,836/- |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ പണമിടപാട് ഒന്നും ഇല്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടി

സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് 29.02.2024 ൽ ഓഡിറ്റ് എൻക്വയറി നം.14 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

### 1-1-6 ബാങ്ക് പലിശയുടെ വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 വർഷത്തെ, പരിശോധനക്കായി ലഭ്യമാക്കിയ, ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച ബാങ്ക് പലിശയുടെ വിവരം AFSലെ RP-8 Interest Earned എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | ബാങ്ക് അക്കൗണ്ടിന്റെ പേര് | AFS ൽ ഉൾപ്പെടുത്താത്ത ബാങ്ക് പലിശ (₹) |
|---|---|---|---|
| 1 | Federal Bank 11250100354032 | C F C Grant | 68,234/- |
| 2 | Axis Bank 915010061082238 | Swachh Bharath | 8327 + 8447 + 8441 + 8320 = 33,535/- |
| 3 | Bank Of India 856410110000193 | IHSDP | 61 + 60 + 60 + 61 = 242 |
| 4 | Union Bank Of India 33782010029454 | ILCS | 83068 + 84591 + 86139 + 86769 = 3,40,567/- |
| 5 | Union Bank Of India 337802010031768 | Covid Donation | 1580 + 1582 + 1554 + 1565 = 6,281/- |
| 6 | Union Bank Of India 337802010028825 | Waste Management Fund | 822 + 822 + 808 + 813 = 3,265/- |
| 7 | Indian Bank 6030434224 | Shuchithwa Mission | 235 + 239 + 240 + 237 = 951/- |
| 8 | Indian Bank 6030435308 | Uravida Malinya Samskaranam | 37 + 38 + 38 + 37 = 150 |
| 9 | State Bank Of India 67157670253 | Chairman Relief Fund | 534/- |
| 10 | Federal Bank 11250100347143 | Covid-19 CFLTC | 35 + 39 + 40 + 41 = 155/- |
| 11 | State Bank Of India 31398884382 | IHSDP | 178 + 179 + 9 + 9 = 375/- |
| 12 | State Bank Of India 30685812045 | Special Funds | 1530 /- |
| 13 | HDFC Bank 50100283860993 | Plastic Waste Collection | 1858 + 1200 + 1889 + 1905 = 6852 |
| 14 | State Bank Of India 67145257499 | AUEGS | 53/- |
| 15 | Union Bank Of India 337802050000009 | Own Fund Flexi Fixed Deposit | 1726 + 616 = 2342 |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് പലിശ AFS ൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് 29.02.2024 ൽ ഓഡിറ്റ് എൻക്വയറി നം.16 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

### 1-1-7 ട്രഷറിയിൽ നിന്ന് സർക്കാർ പിൻവലിച്ച തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല

സർക്കാർ 31.03.2023 ൽ ട്രഷറി അക്കൗണ്ട് നം. 799011400006027 (Covid – CFLTC) ൽ നിന്ന് ₹44,960/- പിൻവലിക്കുകയും 04.04.2023 ൽ പ്രസ്തുത തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പിൻവലിച്ചതിന്റെ രേഖപ്പെടുത്തൽ 431600100 എന്ന ഹെഡ്ഡിൽ വരുത്തിയിട്ടില്ല. പ്രസ്തുത തുകയുടെ രേഖപ്പെടുത്തൽ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് 29.02.2024 ൽ ഓഡിറ്റ് എൻക്വയറി നം.17 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.കൂടാതെ B15 ഷെഡ്യൂൾ പ്രകാരം കാണിച്ചിരിക്കുന്ന ₹978,528/- യുടെ റിഡംപ്ഷൻ തുക ഏതു വർഷത്തെ തുകയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

### 1-1-8 ഹഡ്കോ വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 വർഷത്തെ ഹഡ്കോ വായ്പ തിരിച്ചടവ് നടത്തിയിരിക്കുന്നത് വികസന ഫണ്ടിൽ (ജനറൽ) നിന്നും ഉത്ഭവത്തിൽ കുറവ്

ചെയ്യാണ്. തൻ വർഷം ₹34,53,334/- (17,26,667/- X 2) രൂപ കുറവ് ചെയ്തിട്ടുണ്ട്. ഹഡ്കോ വായ്പയുടെ രജിസ്റ്റർ പരിശോധിച്ചതിൽ കൃത്യമായ രേഖപ്പെടുത്തൽ ഉണ്ട്. ഹഡ്കോ വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച വിവരം RP ഷെഡ്യൂളിൽ 330500202 എന്ന ഹെഡ്ഡിൽ കാണിച്ചിട്ടില്ല.

ഹഡ്കോ വായ്പയുടെ രജിസ്റ്റർ പ്രകാരം 31.03.2023 ൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹3,80,53,332/- ഉം AFS ന്റെ B-5 ഷെഡ്യൂൾ പ്രകാരം 31.03.2023 ൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹3,97,61,999/-ഉം ആണ്. ₹17,08,667/- യുടെ വ്യത്യാസമുണ്ട്. രണ്ട് തുകയും തമ്മിൽ പൊരുത്തപ്പെടുത്തി കൃത്യമായ കണക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നറിയിച്ച് 29.02.2024 ൽ ഓഡിറ്റ് എൻക്വയറി നം.18 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

**1-1-9 വാർഷിക ധനകാര്യ പത്രികയിലെ ബാങ്ക് പലിശയുടെ വിവരം ലഭ്യമാക്കിയില്ല**

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ Interest From Bank Accounts (171100100) എന്ന ഹെഡ്ഡിൽ താഴെ സൂചിപ്പിക്കുന്ന ബാങ്ക് പലിശ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് ഹെഡ്ഡ്/ തിയതി | ബാങ്ക് അക്കൗണ്ടിന്റെ പേര്/അക്കൗണ്ട് നം | രസീത് നം/തിയതി/തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 450210900/ 30.06.2022 | UBI Flexi A/c 337802050000009 | 122170900690/ 30.06.2022/₹9482/- | പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ₹9482/- ബാങ്ക് പലിശ ക്രെഡിറ്റില്ല. |
| 2 | 450420300 / 24.07.2022 | HDFC Bank 50100283860993 | 122170900001/ 24.07.2022/₹1941/- | പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ₹1858/- ബാങ്ക് പലിശ ക്രെഡിറ്റ് ചെയ്തിരിക്കുന്നത് |
| 3 | 450210900/ 31.12.2022 | UBI Flexi A/c 337802050000009 | 122170900694/ 31.12.2022/₹7171/- | പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ₹7171/- ബാങ്ക് പലിശ ക്രെഡിറ്റില്ല. |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് പലിശ ഏത് ബാങ്ക് അക്കൗണ്ടിന്റെ ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

**1-1-10 വാർഷിക ധനകാര്യ പത്രികയിലെ ഗ്രാന്റ്സ് & കോൺട്രിബ്യൂഷന്റെ വിവരം ലഭ്യമാക്കിയില്ല**

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ B-4 ഷെഡ്യൂളിലെ താഴെ സൂചിപ്പിച്ചിരിക്കുന്ന ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് മുൻ വർഷത്തെ നീക്കിയിരുപ്പാണ്. പ്രസ്തുത തുകകൾ ഏത് ഗ്രാന്റാണെന്നും ഏത് വർഷം മുതൽ നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് ഹെഡ്ഡ് | വിവരണം | തുക(₹) |
|---|---|---|---|
| 1 | 320200110 | Grants/Funds For Pandemic/Epidemic Control | 31,915/- |
| 2 | 320200206 | Funds For Transfered Institutions - Health -Capital | 30,401/- |
| 3 | 320200207 | Funds For Transfered Institutions - Ayurveda -Capital | 14,911/- |
| 4 | 320200209 | Funds For Transfered Institutions - Education -Capital | 8,97,378/- |
| 5 | 320200500 | Capital Grant Under UIDSSMT | 13,01,605/- |
| 6 | 320802000 | Grants For Projects | 97,16,314/- |
| 7 | 320809800 | Donation To Flood | 11,517/- |
| 8 | 320809900 | Other Grants & Contribution For Specific Purpose | 62,95,721/- |

**1-1-11 പദ്ധതി ചെലവുകൾ പൂർണ്ണമായി AFS ൽ ഉൾപ്പെടുത്തിയിട്ടില്ല**

എ.സി.ആർ പ്രകാരമുള്ള എല്ലാ ചെലവുകളും AFS ൽ കാണിച്ചിട്ടില്ല. വിവിധ ഫണ്ടുകളിലെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ACR പ്രകാരം(₹) | AFS പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|
| Development Fund Gen | 20226726 | 18463312 | 1763414 |
| SCP | 2786612 | 2709711 | 76901 |
| TSP | 179550 | 142689 | 36861 |
| MG(R) | 16103457 | 14914435 | 1189022 |
| MG(NR) | 8369501 | 8359580 | 9921 |
| CFC Untied | 10146204 | 2330455 | 7815749 |
| CFC Tied | 9751871 | 1305904 | 8445967 |

*വിശദാംശം ഖണ്ഡിക 1-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*മുകളിൽ സൂചിപ്പിച്ച വ്യത്യാസം കൂടാതെ CFC Grant ന്റെ Tied/Untied Grant ആയി ട്രഷറിയിൽ വന്ന തുകയുടെ വരവ്-ചെലവ് കണക്ക് AFS ൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-12 കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗ വിവരം ലഭ്യമല്ല

AFS ലെ B-4 ഷെഡ്യൂളിലെ 320100100 എന്ന ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഫണ്ടുകളുടെയും മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരം ലഭ്യമല്ല. എല്ലാ ഫണ്ടുകളുടെയും ആകെ തുകയാണ് കാണിച്ചിരിക്കുന്നത്. ഓരോ ഫണ്ടിന്റെയും കണക്കുകൾ പ്രത്യേകം കാണിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. നഗരസഭയുടെ പുതുക്കിയ ബജറ്റ് 28.03.2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹50,86,895/- |
| വരവ് | ₹35,03,44,995/- |
| ആകെ | ₹35,54,31,890/- |
| ചെലവ് | ₹35,08,26,944/- |
| നീക്കിയിരിപ്പ് | ₹46,04,946/- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| 01.04.2022 ലെ മുന്നിരിപ്പ് | ₹ 4,74,34,498.47 |
| തൻ വർഷത്തെ വരവ് | ₹18,39,54,614 .00 |
| ആകെ | ₹ 23,13,89,112.47 |
| തൻ വർഷത്തെ ചെലവ് | ₹ 17,37,82,814.00 |
| 31.03.2023 ലെ നീക്കിയിരിപ്പ് | ₹ 5,76,06,298.47 |

ഈ പത്രികയിലെ വരവ്-ചെലവുകൾ നഗരസഭയുടെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | അലോട്ട്മെന്റ് പ്രകാരം വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കി യിരുപ്പ്(₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ACR - 16726316<br>GO Proj -4811134<br>Total -21537450 | 21537450 | 20226726 (1) | 0 | 1310724 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5426000 | 5426000 | 2786612 (2) | 0 | 2639388 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 182000 | 182000 | 179550 (3) | 0 | 2450 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22925000 | 22925000 | 16103457 (4) | 0 | 6821543 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 10921000 | 10921000 | 8369501 (5) | 0 | 2551499 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | AFS ൽ മുന്നിരിപ്പില്ല (6) | ACR - 8622113 (ബാങ്ക്പലിശ) = 293361 (7)<br>Total=89,15,474 | AFS ൽ മുന്നിരിപ്പ് ഇല്ലാത്തതിനാൽ ആകെ തുക ഉൾപ്പെടുത്താൻ സാധിക്കില്ല | 1,01,46,204 (8) | AFS ൽ നീക്കിയിരിപ്പില്ല (10) | |
| ധനകാര്യ കമ്മീഷൻ | | ACR-10949249 | | 97,51,871 (9) | | |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് (Tied) | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ 320100100 | 68,14,732 | 1,75,95,722 | 2,44,10,454 | 1,17,28,371 | 1,26,82,083 | |
| വിവിധ പ്രോജക്ടുകൾക്ക് ഗ്രാന്റ് 320802000 | 97,16,314 | 0 | 97,16,314 | 0 | 97,16,314 | |
| ആശ്രയ, ബഡ്സ് സ്കൂൾ ഗ്രാന്റ് 320809900 | 62,95,721 | 0 | 62,95,721 | 0 | 62,95,721 | |

കുറിപ്പ് :-

(1) AFS ലെ I-6 പ്രകാരം ചെലവ് ₹1,84,63,312/- ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ ₹17,63,414/-യുടെ വ്യത്യാസം ഉണ്ട്

(A) പ്രോജക്ട് നം.331/23 - സോഴ്സ് ഡിഡക്ഷൻ ആയി വികസന ഫണ്ട് (ജനറൽ) നിന്ന് കറവ് ചെയ്ത ₹17,26,667/-

(B) പ്രോജക്ട് നം.13/23 ന്റെ (Oldage Home Maintenance Charge) ചെലവ് തുകയായ ₹18,357/- (ACR Sl. No.131)

(C) പ്രോജക്ട് നം.11/23 ന്റെ (Buds School Maintenance Charge) ചെലവ് തുകയായ ₹18,390/- (ACR Sl. No.136)

(2) AFS ലെ I-6 പ്രകാരം ചെലവ് ₹27,09,711/- ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാലും ഒരു പ്രോജക്ടിന്റെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്താത്തതിനാലും ₹76,901/- യുടെ വ്യത്യാസം ഉണ്ട്.

(A) പ്രോജക്ട് നം.277/23 ന്റെ (House Maintenance SC) ചെലവ് തുകയായ ₹75,000/- (ACR Sl. No.29) സുലേഖയിൽ ഉൾപ്പെടുത്തിയില്ല.

(B) പ്രോജക്ട് നം.267/23 ന്റെ (Working Expenses Of Premetric Hostel) ചെലവ് തുകയായ ₹1,901/- (ACR Sl. No.19).

(3) AFS ലെ I-6 പ്രകാരം ചെലവ് ₹1,42,689/- ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ട് ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ ₹36,861/- യുടെ വ്യത്യാസം ഉണ്ട്. പ്രോജക്ട് നം.195/23 – House Rewiring - ST (ACR Sl. No.5)

(4) AFS ലെ I-6 പ്രകാരം ചെലവ് ₹1,49,14,435/- ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാലും ഒരു പ്രോജക്ടിന്റെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്താത്തതിനാലും ₹11,89,022/-യുടെ വ്യത്യാസം ഉണ്ട്.

(A) പ്രോജക്ട് നം.173/23 ന്റെ (Retaring & Reconcreting Of K M Mathew Bye Lane & Park View Road Bye Lane In Ward 2) ചെലവ് തുകയായ ₹5,23,494/- (ACR Sl. No.106) സുലേഖയിലും സാംഖ്യയിലും ഉൾപ്പെടുത്തിയില്ല.

(B) പ്രോജക്ട് നം.140/23 ന്റെ (Construction Of Retaining Wall & Cover Slab For Drain Near K M Mathew Road) ചെലവ് തുകയായ ₹6,65,528/- (ACR Sl. No.59)

(5) AFS ലെ I-6 പ്രകാരം ചെലവ് ₹83,59,580/- ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ ₹9,921/- യുടെ വ്യത്യാസം ഉണ്ട്

(A) പ്രോജക്ട് നം.177/23 ന്റെ (Waste Management Through KEIL) ചെലവ് തുകയായ ₹8,073/- (ACR Sl. No.15)

(B) പ്രോജക്ട് നം.177/23 ന്റെ (Waste Management Through KEIL) ചെലവ് തുകയായ ₹1,848/- (ACR Sl. No.32)

(6) CFC Grant കൈകാര്യം ചെയ്യുന്ന Federal Bank A/c No. 11250100354032 ൽ 01.04.2022 ൽ ബാങ്ക് ബുക്ക് പ്രകാരവും പാസ്സ് ബുക്ക് പ്രകാരവും ₹1,09,14,176/- മുന്നിരിപ്പുണ്ട്. എന്നാൽ 2021-22 വർഷത്തെ B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് കാണിച്ചിട്ടില്ല.

(7) CFC Grant കൈകാര്യം ചെയ്യുന്ന Federal Bank A/c No. 11250100354032 ൽ 01.04.2022 മുതൽ 31.03.2023 വരെ ബാങ്ക്

പലിശ ഇനത്തിൽ ₹2,93,361/- വരവുണ്ട് എന്നാൽ AFS ൽ ₹2,25,127/- മാത്രമെ വരവായി കാണിച്ചിട്ടുള്ളൂ.

(8) AFS ലെ I-6 പ്രകാരം Untied Fund ന്റെ ചെലവ് ₹23,30,455/- ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ ₹78,15,749/- യുടെ വ്യത്യാസം ഉണ്ട്. ACR പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു

| Sl.No. | Project No. | Name Of Project | Amount |
|---|---|---|---|
| 1 | 20/23 | സഞ്ചരിക്കുന്ന ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | ₹4,99,998/- |
| 2 | 22/23 | ആശ്രയ പദ്ധതി | ₹4,72,801/- |
| 3 | 150/23 | പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ് | ₹60,500/- |
| 4 | 151/23 | നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ യു പി എസ് ബാറ്ററി വാങ്ങൽ | ₹4,91,509/- |
| 5 | 152/23 | കറവപശുക്കൾക്ക് കാലിത്തീറ്റ വനിത | ₹11,750/- |
| 6 | 156/23 | കന്നുകുട്ടി പരിപാലനം | ₹2,87,500/- |
| 7 | 161/23 | വനിതകൾക്ക് മുട്ടക്കോഴി വിതരണം | ₹87,000/- |
| 8 | 169/23 | തൊഴുത്ത് നവീകരണം | ₹2,00,000/- |
| 9 | 185/23 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | ₹3,38,000/- |

| | | | |
|---|---|---|---|
| 10 | 213/23 | എസ് എസ് കെ വിഹിതം നൽകൽ | ₹7,00,000/- |
| 11 | 219/23 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് | ₹3,04,470/- |
| 12 | 229/23 | മത്സ്യബന്ധന വള്ളവും വലയും | ₹94,500/- |
| 13 | 234/23 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ₹15,73,100/- |
| 14 | 250/23 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് | ₹1,93,997/- |
| 15 | 290/23 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി | ₹1,70,793/- |
| 16 | 309/23 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി | ₹12,68,881/- |
| 17 | 311/23 | അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ - മരുന്ന് | ₹49,997/- |
| 18 | 32/23 | വൃദ്ധസദനം പരിപാലന ചെലവ് | ₹93,794/- |
| 19 | 47/23 | തെരുവ് വിളക്കുകളുടെ പരിപാലനം | ₹3,32,898/- |
| 20 | 84/23 | കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - ആവശ്യമായ മരുന്നുകൾ മെഡിക്കൽ ഉപകരണങ്ങൾ പിപിഇ കിറ്റ് എന്നിവ വാങ്ങൽ | ₹23,743/- |
| 21 | 108/23 | ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് | ₹1,30,226/- |
| 22 | 109/23 | കെ ആർ വിജയൻ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് അധിക തുക വകയിരുത്തൽ | ₹2,86,359/- |
| 23 | 132/23 | വാർഡ് 15 പരപുരപ്പറമ്പ് ബൈലൈനിൽ റീ കോൺക്രീറ്റിംഗ് ഇമ്പ്രൂവ്മെന്റ് ഓഫ് എക്സിസ്റ്റിങ് റോഡ് ആന്റ് ഡ്രയിൻ | ₹1,43,933/- |
| | | TOTAL | **₹78,15,749/-** |

കൂടാതെ ACR പ്രകാരം ആകെ ചെലവ് ₹1,08,82,212/-ആണ്. 27.01.2021 ലെ ₹7,36,008/- യുടെ ചെലവ് ക്രമ നം. 1 ൽ തെറ്റായി ഉൾപ്പെടുത്തി. (Proj.no. 438 – Improvements Of Basic Facilities Of Buds School)

(9) AFS ലെ I-6 പ്രകാരം Tied Fund ന്റെ ചെലവ് ₹13,05,904/-ആണ്. ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ ₹84,45,967/- യുടെ വ്യത്യാസം ഉണ്ട്. ACR പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു

| Sl.No. | Project No. | Name Of Project | Amount |
|---|---|---|---|
| 1 | 48/23 | വെടിമറ പ്ലാന്റിലെ ലെഗസി വേസ്റ്റ് നിർമാർജ്ജനം | ₹12,102/- |
| 2 | 53/23 | നഗരസഭയിലെ 16 മുതൽ 20 വരെയുള്ള വാർഡുകളിലെ തോടുകളിലെ ശുചീകരണം | ₹1,65,962/- |
| 3 | 54/23 | നഗരസഭയിലെ 6 മുതൽ 10 വരെയുള്ള വാർഡുകളിലെ തോടുകളിലെ ശുചീകരണം | ₹1,39,398/- |
| 4 | 62/23 | നഗരസഭയിലെ 1 മുതൽ 5 വരെയുള്ള വാർഡുകളിലെ തോടുകളിലെ ശുചീകരണം | ₹1,54,294/- |
| 5 | 63/23 | നഗരസഭയിലെ 26 മുതൽ 29 വരെയുള്ള വാർഡുകളിലെ തോടുകളിലെ ശുചീകരണം | ₹68,300/- |
| 6 | 64/23 | നഗരസഭയിലെ 21 മുതൽ 25 വരെയുള്ള വാർഡുകളിലെ തോടുകളിലെ ശുചീകരണം | ₹1,18,797/- |
| 7 | 71/23 | കുടിവെള്ള ഗാർഹിക കണക്ഷന് സബ്സിഡി നൽകൽ | ₹2,47,437/- |
| 8 | 77/23 | അജൈവ മാലിന്യം നീക്കം ചെയ്യൽ | ₹9,17,919/- |
| 9 | 80/23 | ഹെൽത്ത് വിഭാഗത്തിലേക്ക് ഗംബൂട്ട് സുരക്ഷ ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ | ₹69,930/- |
| 10 | 106/23 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം | ₹70,363/- |
| 11 | 107/23 | ചെറുകിട വ്യവസായ കേന്ദ്രം-ടോയലെറ്റ് മെയിന്റനൻസ് | ₹1,39,035/- |
| 12 | 110/23 | സ്ലോട്ടർ ഹൗസ് നവീകരണം | ₹2,81,478/- |

| | | | |
|---|---|---|---|
| 13 | 118/23 | വാർഡ് 24ൽ കോലോത്ത് റോഡിന് തെക്കുംഭാഗം കാന നിർമ്മാണം | ₹1,50,000/- |
| 14 | 126/23 | വാർഡ് 19 ലെ അംഗൻവാടി നം.22 ൽ സെപ്റ്റിക ടാങ്ക് അറ്റകുറ്റപ്പണി | ₹29,457/- |
| 15 | 127/23 | പള്ളിത്താഴം മാർക്കറ്റ് പ്രളയത്തിൽ നശിച്ച ടോയിലെറ്റ് നവീകരണം | ₹4,84,988/- |
| 16 | 128/23 | വാർഡ് 2 പാർക്ക് വ്യൂ റോഡിൽ കാന നിർമ്മാണം | ₹1,29,763/- |
| 17 | 131/23 | നഗരസഭ ഓഫീസ് കെട്ടിടത്തിലെ ടോയലെറ്റുകളുടെ അറ്റകുറ്റപ്പണി | ₹3,25,427/- |
| 18 | 137/23 | വാർഡ് 3 ൽ പറുദീസ ബൈലൈൻ റോഡിൽ കാന നിർമ്മാണം | ₹1,50,000/- |
| 19 | 138/23 | പെരുമ്പടന്ന ഫിഷ് മാർക്കറ്റ് കാന നവീകരണം | ₹2,71,206/- |
| 20 | 139/23 | വാർഡ് 6ൽ ബോട്ട് ജെട്ടി ബൈലൈൻ റോഡിൽ ഐറിഷ് ഡ്രയിൻ നിർമ്മാണം പല്ലംതുരുത്ത് ബൈലൈൻ റോഡിൽ റീ കോൺക്രീറ്റിംഗ് | ₹70,132/- |
| 21 | 142/23 | വാർഡ് 16ൽ വഴികുളങ്ങര കിഴക്കേപ്രം റോഡ് (പോസ്റ്റ് നം.14-2018) സമീപം കാന ചപ്പാത്ത് സംരക്ഷണ ഭിത്തി കവർ സ്ലാബ് നിർമ്മാണം | ₹1,39,720/- |
| 22 | 216/23 | പറവൂർ മാർക്കറ്റിൽ ടേക്ക്-എ-ബ്രേക്ക് ടോയിലെറ്റ് അധിക തുക വകയിരുത്തൽ | ₹20,000/- |
| 23 | 252/23 | ലൈബ്രറിയിൽ കുടിവെള്ള കണക്ഷൻ അനുബന്ധ പ്രവർത്തികൾ | ₹20,000/- |
| 24 | 255/23 | വെടിമറ മാലിന്യ സംസ്കരണ പ്ലാന്റിൽ ചുറ്റുമതിൽ അറ്റകുറ്റപ്പണി | ₹1,46,114/- |
| 25 | 260/23 | വെടിമറ വിൻഡ്രോ പ്ലാന്റ് ഇലക്ട്രിഫിക്കേഷൻ | ₹1,36,626/- |
| 26 | 268/23 | നഗരസഭ എം സി എഫ് ലെ പുനരുപയോഗമില്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്യൽ | ₹28,65,984/- |
| 27 | 269/23 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം | ₹2,90,000/- |
| 28 | 270/23 | മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനത്തിന് ക്യാബിൻ നിർമ്മാണം | ₹6,00,000/- |
| 29 | 279/23 | വാർഡ് 26ൽ ശാന്തി റോഡിൽ കാന നിർമ്മാണം | ₹1,31,535/- |
| 30 | 319/23 | ടെക്നോളജിക്കൽ കോൺക്ലേവ് സംഘാടനത്തിന് സർക്കാർ ഉത്തരവ് പ്രകാരം ശുചിത്വ മിഷന് തുക കൈമാറുന്നു | ₹1,00,000/- |
| | | TOTAL | **₹84,45,967/-** |

കൂടാതെ ACR പ്രകാരം ആകെ ചെലവ് ₹98,78,013/-ആണ്. 01.07.2022 ൽ ₹1,26,142/- യുടെ ചെലവ് ക്രമ നം. 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ചെലവ് നടന്നിട്ടില്ല (Proj.no. 77/23 – Non Biodegradable Waste Removal)

(10) AFS ലെ RP-40(b) പ്രകാരം CFC Grant ന്റെ Federal Bank A/c No. 11250100354032 ൽ 31.03.2023 ലെ നീക്കിയിരുപ്പ് ₹54,17,199/- ആണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരവും ബാങ്ക് റീക്കൺസിലിയേഷൻ പത്രിക പ്രകാരവും ₹55,02,003/- ആണ് നീക്കിയിരുപ്പ്. പാസ്സാകാത്ത ബില്ലുകളുടെ (Queue Bill) വിവരം ലഭ്യമാക്കിയില്ല.കൂടാതെ B4 ഷെഡ്യൂളിൽ CFC ഗ്രാന്റിന്റെ നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടില്ല

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | (എണ്ണം) | (എണ്ണം) | | |
|---|---|---|---|---|---|---|---|
| 270 | 14,18,91,420/- | 206 | 6,96,06,428/- | 109 | 97 | 64 | 40.37% |

**പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗ വിവരം.**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവിന്റെ % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹21537450 | ₹21537450 | ₹20226726 | 93.91% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹5426000 | ₹5426000 | ₹2786612 | 51.35% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | ₹182000 | ₹182000 | ₹179550 | 98.65% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹22925000 | ₹22925000 | ₹16103457 | 70.24% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹10921000 | ₹10921000 | ₹8369501 | 76.64% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) (UnTied)<br>ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | AFS ൽ മുന്നിരിപ്പില്ല | Untied-8622113 + Tied-10949249 (പലിശ)293361 **Total=₹1,98,64,723/-** | ₹ | Untied-1,01,46,204 Tied - 97,51,871 **Total= ₹1,98,98,075/-** | AFS ൽ മുന്നിരിപ്പ് ഇല്ലാത്തതിനാൽ ചെലവിന്റെ ശതമാനം കണക്കാക്കാൻ സാധിക്കില്ല |

ഫണ്ട് വിനിയോഗത്തിലെ അപാകതകൾ സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 1-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 442431 | 10109896 | 10552327 | 717052 | 53 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 0 | 0 | 9835222 | |
| ആകെ | 442431 | 10109896 | 10552327 | 10552274 | 53 |

### 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 3,92,000 | 33 |
| വിധവാ പെൻഷൻ | 1,24,44,200 | 1182 |
| വാർദ്ധക്യകാല പെൻഷൻ | 2,92,88,400 | 2815 |
| വികലാംഗ പെൻഷൻ | 26,93,800 | 248 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 11,32,400 | 105 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം (*) | 5,40,000 | 18 |

(*) ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ 06.02.2023 ലെ DCEKM/4147/19-F3 നമ്പർ ഉത്തരവ് പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി ₹5,40,000/- അനുവദിച്ചു. ടി തുക 18 പേർക്ക് ₹30,000/- വീതം 23.03.2023 ൽ ട്രഷറി ബിൽ നം. 2211034700050121761O പ്രകാരം താഴെ സൂചിപ്പിക്കുന്നവർക്ക് നൽകി.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക (₹) |
|---|---|---|
| 1 | Sreedevi Madhusoodhanan | 30,000 |
| 2 | Suma Sivaprasad | 30,000 |

| | | |
|---|---|---|
| 3 | Radhamani Sukumaran | 30,000 |
| 4 | Baby Sanalkumar | 30,000 |
| 5 | Usha Sasi | 30,000 |
| 6 | Susseela Vijayakumar | 30,000 |
| 7 | Sheela K S | 30,000 |
| 8 | Suseela A M | 30,000 |
| 9 | Mahila M G | 30,000 |
| 10 | Jiji | 30,000 |
| 11 | Usha B S | 30,000 |
| 12 | Sreedevi P S | 30,000 |
| 13 | Vijayalakshmi K S | 30,000 |
| 14 | Jayalakshmi K N | 30,000 |
| 15 | Rajalakshmi | 30,000 |
| 16 | Gayathri C S | 30,000 |
| 17 | Saraswathy C S | 30,000 |
| 18 | Suseela A M | 30,000 |
| | ആകെ | 5,40,000 |

മുകളിൽ സൂചിപ്പിച്ച തുകയുടെ വരവ് – ചെലവ് കണക്ക് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2024 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹76346/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1.രജിസ്ററുകളുടെ പരിപാലനം

നഗരസഭയുടെ മുൻഗർ രജിസ്ററുകളിൽ ക്രമീകരിക്കാത്തതായ മുൻഗുറുകൾ അനേകമാണ്.ഖണ്ഡികയിൽ ഈ വിഷയം പരാമർശിച്ചിട്ടുണ്ട്.

2. വൗച്ചറുകളുടെ പരിപാലനം

വൗച്ചറുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.ക്യാഷ് ബുക്ക്പ്രകാരം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2016 മുതൽ 26.02.2016 വരെ | 2014-15 II$^{nd}$ മുതൽ 2015-16 I$^{st}$ വരെ | 14.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2022 | 2018-19 മുതൽ 2021-22 വരെ | 04.11.2022 |

**1-11 തനതു വരുമാനം അവലോകനം**

നോർത്ത് പറവൂർ നഗരസഭയിൽ 29 ഡിവിഷനുകൾ ആണ് ഉള്ളത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിൽ നഗരസഭക്ക് ശ്രദ്ധക്കുറവുണ്ടായിട്ടുണ്ട്.

1)വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും ആകെ കടമുറികളുടെ എണ്ണം സംബന്ധിച്ച് പോലും നഗരസഭക്ക് വ്യക്തതയില്ല. രേഖകളില്ല. വാടക രജിസ്റ്റർ പ്രകാരം വാടക കുടിശ്ശിക ഉണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ കുടിശ്ശിക ഇല്ലാത്തതായി രേഖപ്പെടുത്തി.കുടിശ്ശിക ഇനത്തിൽ വാടക തുക ലഭിക്കാനുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രകയിൽ ആയത് നെഗറ്റീവ് ആണ്. വാടക കാരുമായുള്ള കരാർ വിവരങ്ങൾ ലഭ്യമായില്ല. ആയതിനാൽ വാടകക്കാർ തന്നെയാണോ ടി കടമുറികൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമല്ല. കടമുറികൾ വാടകക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നുമുണ്ട്. ആകെ കടമുറികളുടെ എണ്ണം സംബന്ധിച്ച് കണക്കുണ്ടാക്കി കടമുറികളെല്ലാം വാടകക്ക് നൽകി വാടക കുടിശ്ശിക ഈടാക്കി വാർഷിക ധനകാര്യ പത്രികയിൽ ശരിയായി രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

2)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി നഗരസഭ സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. നഗരസഭയിലെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ

തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തി രണ്ടാം അർദ്ധ വർഷം സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽനികുതി അസസ്സ്മെന്റ് ഫോമുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3)ലൈസൻസ്

ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. നിലവിൽ നഗരസഭയിൽ ലൈസൻസ് ഫീ അടവാക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന ലിസ്റ്റാണുള്ളത്.

4)വിനോദ നികുതി

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ഷഫാസ് തീയേറ്ററിൽ നിന്നും തൻവർഷം വിനോദനികുതി ഈടാക്കിയിട്ടില്ല. ടി തീയേറ്റർ വിനോദ നികുതി അടവാക്കാതെ പ്രവർത്തിച്ചിട്ടും യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. ടി തീയേറ്ററിൽ നിന്നും നഗരസഭക്ക് അർഹമായ വിനോദനികുതി പിരിച്ചെടുക്കാഞ്ഞതിനാൽ നികുതി പിരിവിലെ നഗരസഭയുടെ ശ്രദ്ധക്കുറവ് വ്യക്തമാണ്.

5)വസ്തു നികുതി

വസ്തു നികുതി ഇനത്തിൽ AFS പ്രകാരം നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വസ്തു നികുതി | തുക (₹) |
|---|---|---|
| 1 | തൻ വർഷം | 61,72,543.00 |
| 2 | മുൻ വർഷങ്ങളിലേത് | 84,51,571.00 |

ആയത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.
നിയമാനുസൃതമല്ലാതെ നഗരസഭാ പരിധിയിൽ നിർമ്മിച്ച ചില വാണിജ്യ കെട്ടിടങ്ങൾക്ക് U/A നമ്പർ നൽകിയിട്ടുണ്ടെങ്കിലും നാളിത് വരെയും ഇവയിൽ നിന്ന് ഒരു തവണ പോലും വസ്തുനികുതി ഈടാക്കിയിട്ടില്ല. ₹50,00,000/- ക്ക് മുകളിലുണ്ട് ഇവയുടെ കുടിശ്ശിക. യാതൊരു നടപടിയും ടി വിഷയത്തിൽ നഗരസഭ സ്വീകരിച്ചില്ല.
സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്യാതെ ഡിമാന്റ് ചെയ്യാതെ വസ്തുനികുതി പോസ്റ്റ് ചെയ്യുന്നു. ആയതിനാൽ കെട്ടിട ഉടമ നികുതി അടവാക്കിയില്ലെങ്കിലും, അടവാക്കിയ തുക പോസ്റ്റ് ചെയ്തില്ലെങ്കിലും കുടിശ്ശിക ഉള്ളതായി സഞ്ചയയിൽ കാണിക്കില്ല. ചില അർദ്ധ വർഷങ്ങളിൽ വസ്തുനികുതി പോസ്റ്റ് ചെയ്തിട്ടില്ല.

6) ലേലം

പ്രൈവേറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം, പുതിയ ബസ് ടർമിനൽ പേ & പാർക്ക്,പേ & യൂസ് ടോയ്‌ലെറ്റ്, പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-13, പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-15, പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-8, പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-5, പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-3, പറവൂർ മാർക്കറ്റ് സ്റ്റാൾ-7 എന്നിവയിൽ നിന്ന് ലേല കുടിശ്ശിക ലഭിക്കാനുണ്ടെങ്കിലും ആയത് ഈടാക്കിയിട്ടില്ല.

തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

1) നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക കൃത്യമായി ഈടാക്കേണ്ടതും വലിയ തുകകൾ കുടിശ്ശിക ഇനത്തിൽ വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്.

3) നഗരസഭ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, ഡിവിഷൻ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

4) സിനിമാ തീയറ്റർ ജി.എസ്.ടി വകുപ്പിൽ അടവാക്കുന്ന റിട്ടേണുകളുടെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസത്തെ വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

5) നഗരസഭ വാർഡുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തുനികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**1-12 വാർഷിക ധനകാര്യ പത്രികയിൽ തെറ്റായ ഡിമാന്റ് രേഖപ്പെടുത്തി വാടക കുടിശ്ശിക ഒഴിവാക്കി**

വാർഷിക ധനകാര്യ പത്രികയിൽ തെറ്റായ ഡിമാന്റ് രേഖപ്പെടുത്തി വാടക കുടിശ്ശിക ഒഴിവാക്കി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) കടമുറികളുടെ വാടക രജിസ്റ്ററിൽ ഡി.സി.ബി വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല. വാടക രജിസ്റ്റർ പ്രകാരം തൻവർഷം കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ തുക ലഭിക്കാനുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം ഈ ഇനത്തിൽ തുക ലഭിക്കാനില്ലാത്തതായി രേഖപ്പെടുത്തി. വാർഷിക ധനകാര്യപത്രിക RP-37 ൽ 431400101 - Rent Receivable From Civic Amenities (Current) ഹെഡ് പ്രകാരം ₹8489073/- തൻവർഷം കടമുറികളുടെ ഇനത്തിൽ വരവുണ്ട്. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ഈ ഇനത്തിൽ ₹2294416/- ലഭിക്കാനുണ്ട്. ആയത് തൻവർഷത്തെ Trial Balance ലും രേഖപ്പെടുത്തിയിട്ടുണ്ട്.തൻവർഷം Income &

Expenditure Statement ൽ ഡിമാന്റ് ആയി രേഖപ്പെടുത്തിയത് ₹6194657/-ആണ്. കോവിഡ് നിലനിന്നിരുന്ന മുൻവർഷം പോലും ₹9113866/-ഡിമാന്റ് ഉണ്ടായിരുന്നു.

AFS പ്രകാരം ലഭിക്കാനുള്ളത് = ₹2294416/- + ₹6194657/- = ₹8489073/-

AFS പ്രകാരം ലഭിച്ചത് =₹ 8489073/-

വാടക കുടിശ്ശിക നിലനിന്നിട്ടും വാടക കുടിശ്ശിക ഇല്ല എന്ന് തെളിയിക്കുന്നതിന് വേണ്ടിയാണ് ₹6194657/- മാത്രം ഡിമാന്റ് ആയി രേഖപ്പെടുത്തിയത്.

Trial Balance വിവരം താഴെ ചേർക്കുന്നു.

| Opening Balance(₹) | | Transaction For The Period(₹) | | Closing Balance(₹) | |
|---|---|---|---|---|---|
| Debit | Credit | Debit | Credit | Debit | Credit |
| 2294416 | 0 | 6194657 | 8489073 | 8489073 | 8489073 |

തെറ്റായ ഡിമാന്റ് രേഖപ്പെടുത്തി വാടക കുടിശ്ശിക ഇല്ലാത്തതായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (20/30-1-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2) Rent Arrear Demand Register പരിശോധനക്ക് ലഭ്യമാക്കിയില്ല. 431400101 - Rent Receivable From Civic Amenities (Arrear) ഹെഡ് പ്രകാരം മുൻവർഷത്തെ (2021-2022) ബാലൻസ്ഷീറ്റിൽ ലഭിക്കാനുള്ള Arrear തുക ₹977573/- ആണ്. എന്നാൽ തൻവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ആയത് ₹(-)1408861/- ആണ്. അതായത് ₹1408861/- അധികമായി ഈ ഇനത്തിൽ വരവുണ്ടെന്നാണ് രേഖപ്പെടുത്തിയത്. R&P പ്രകാരം ₹2386484/- രൂപയാണ് വരവായി രേഖപ്പെടുത്തിയത്. ഈ ഇനത്തിൽ അധികമായി വരവ് വന്നതെങ്ങനെയെന്നത് സംബന്ധിച്ചും ഈ ഇനത്തിൽ കുടിശ്ശിക നെഗറ്റീവ് ആയി രേഖപ്പെടുത്തിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (20/30-1-2024)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-13 കടമുറികളിൽ നിന്നും വാടക ഈടാക്കിയില്ല.**

വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെ ചേർത്ത കടമുറികളിൽ നിന്നും വാടക ലഭ്യമായിട്ടില്ല. ഇവയുടെ വാടക ലഭ്യമായത് സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മീറ്റ് സ്റ്റാൾ

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക്(₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 1 | രേഖപ്പെടുത്തിയിട്ടില്ല, വാടക രജിസ്റ്ററിലെ ക്രമ നമ്പർ - 3, പേജ് നമ്പർ – 2 | മൊയ്തീൻ മൗല | 1487/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 17844/- |

ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 1 | VI/222 | രേഖ രാജേഷ്, മച്ചായത്ത്, പള്ളിത്താഴം | 8885/- | 5/2022 മുതൽ 3/2023 വരെ = 11 മാസം | 97735/- |
| 2 | VI/224 | കെ.എം ബഷീർ, കളരിപ്പറമ്പിൽ, വാണിയക്കാട് | 4213/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 50556/- |
| 3 | VI/226 | കെ.എം അഷ്റഫ്, കളരിപ്പറമ്പിൽ, വാണിയക്കാട് | 4213/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 50556/- |

ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് G.F

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 4 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 1, പേജ് നമ്പർ – 5 | പോൾ ജോസഫ്, നെല്ലിക്കാത്തോട്ടത്തിൽ, കുഴപ്പിള്ളി | 5198 | 2/2023, 3/2023 = 2 മാസം | 10396/- |

| | | | | | |
|---|---|---|---|---|---|
| 5 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 6, പേജ് നമ്പർ – 5 | പി.ജെ ഡേവിഡ് പള്ളത്ത് വീട് | 3188 | 3/2023 = 1 മാസം | 3188 |

ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് S.F

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 6 | VI/467 | എ എം ഇബ്രാഹിം, അഞ്ചാം പരുത്തിയിൽ, ചേന്ദമംഗലം | 1405/- | 2/2023, 3/2023 | 2810/- |
| 7 | VI/467/C | കെ.വി ഇന്ദിര, ചിത്ര നന്ത്യാട്ട്കുളങ്ങര | 1745/- | 2/2023, 3/2023 | 3490/- |
| 8 | കടമുറി നമ്പർ രേഖപ്പെടുത്തി യിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4(2), പേജ് നമ്പർ – 9 | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. |
| 9 | കടമുറി നമ്പർ രേഖപ്പെടുത്തി യിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4(3), പേജ് നമ്പർ – 9 | സിനി സുധീർ, തേമാലിൽ, ചെറായ് | 2474/- | 7/2022 മുതൽ 3/2023 വരെ = 9 മാസം | 22266/- |
| 10 | കടമുറി നമ്പർ രേഖപ്പെടുത്തി യിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4(4),, പേജ് നമ്പർ – 9 | റോസമ്മ വി സി, കുര്യാപ്പിള്ളി, നന്ത്യാട്ട്കുന്നം | 2294/- | 7/2022 മുതൽ 3/2023 വരെ = 9 മാസം | 20646/- |
| 11 | കടമുറി നമ്പർ രേഖപ്പെടുത്തി യിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 5(2), 5(3), പേജ് നമ്പർ – 10 | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. | യാതൊരു രേഖപ്പെടുത്തലു കളും ഇല്ല. |
| 12 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 6, പേജ് നമ്പർ – 10 | രജീഷ് കുമാർ മണാലിൽ, മാക്കനായി | 15241 | 4/2022 മുതൽ 3/2023 വരെ = 12 മാസം | 182892/- |

ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 13 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 8, പേജ് നമ്പർ - 12 | ഉമ്മർ.ടി.കെ, തിരുനിലത്ത്, മന്നം.പി.ഒ | 7038/- | 3/2023 = 1 മാസം | 7038/- |
| 14 | VIII/498-10 | എം.എ നാസർ, മുണ്ടോപ്പാടത്ത്, മാള | 3238/- | 11/22 മുതൽ 3/2023 വരെ = 5 മാസം | 16190/- |
| 15 | VIII/498-12 | ഒ.എ അബ്ദുൾ നാസർ, ഒലിപ്പറമ്പിൽ, മന്നം.പി.ഒ | 4442/- | 3/2023 = 1 മാസം | 4442/- |
| 16 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 19, പേജ് നമ്പർ - 16 | ദീപു രാജൻ, മാത്തിപ്പറമ്പിൽ, മുറവൻതുരുത്ത് | 3560/- | 3/2023 = 1 മാസം | 3560/- |

കെ ആർ വി ഷോപ്പിംഗ് കോംപ്ലക്സ് G.F

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 17 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 12, പേജ് നമ്പർ - 21 | ഷാലി ജോ പോൾ കിഴക്കേടത്ത് | 5361/- | 3/2023 = 1 മാസം | 5361/- |
| 18 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 14, പേജ് നമ്പർ - 22 | ജോജി ആന്റണി തെക്കിനേടത്ത്, എൻ.പറവൂർ | 4718/- | 3/2023 = 1 മാസം | 4718/- |
| 19 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 18, പേജ് നമ്പർ - 23 | കമലു.വി.സി, കണക്കശ്ശേരി, പറവൂത്തറ | 4721/- | 4/22 മുതൽ 3/2023 വരെ = 12 മാസം | 56652/- |

കെ ആർ വി ഷോപ്പിംഗ് കോംപ്ലക്സ് F.F

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 20 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2(3) പേജ് നമ്പർ - 24 | രാജേഷ്.കെ, പള്ളിപ്പറമ്പിൽ, പറവൂത്തറ | 2569/- | 4/22 മുതൽ 3/2023 വരെ = 12 മാസം | 30828/- |
| 21 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2(4), പേജ് നമ്പർ - 25 | രാജേഷ്.കെ, പള്ളിപ്പറമ്പിൽ, പറവൂത്തറ | 1127/- | 1/2023 മുതൽ 3/2023 വരെ = 3 മാസം | 3381/- |
| 22 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2(5,) പേജ് നമ്പർ - 25 | രാജേഷ്.കെ, പള്ളിപ്പറമ്പിൽ, പറവൂത്തറ | 1244/- | 1/2023 മുതൽ 3/2023 വരെ = 3 മാസം | 3732/- |
| 23 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4, പേജ് നമ്പർ - 25 | ഷനീഷ്.പി.പി, പത്രക്കടവിൽ, വടക്കുംപുറം | 8033/- | 2/2022, 3/2022 = 2 മാസം | 16066/- |
| 24 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 6, പേജ് നമ്പർ - 26 | മുത്തൂറ്റ് ഫിൻകോർപ്പ് | 9189/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 110268/- |
| 25 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 7, പേജ് നമ്പർ - 26 | എ.കെ.സുനിൽകുമാർ, അരവനപ്പറമ്പിൽ, എൻ.പറവൂർ | 3911/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 46932/- |

കെ ആർ വി ഷോപ്പിംഗ് കോംപ്ലക്സ് S.F

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 26 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2, പേജ് നമ്പർ - 28 | സെക്രട്ടറി, നോർത്ത് പറവൂർ പ്രസ്സ് ക്ലബ്ബ് | 1824/- | 2/2022, 3/2022 = 2 മാസം | 3648/- |
| 27 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 3, പേജ് നമ്പർ - 28 | ഉണ്ണികൃഷ്ണൻ.പി.കെ, ജനതാ ബീച്ച് റോഡ്, ചെറായ് | 4411/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 52932/- |
| 28 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 3(A) പേജ് നമ്പർ - 28 | ബെന്നി സേവ്യാർ, പനക്കൽ, ചെറുകടപ്പുറം, കുത്തിയതോട് | 3882/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 46584/- |

| | | | | | |
|---|---|---|---|---|---|
| 29 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4(2), പേജ് നമ്പർ - 29 | അഡ്വ.കെ.കെ ബിന്ദു, കെടാമംഗലം | 4442/- | 11/2022 മുതൽ 3/2023 വരെ = 5 മാസം | 22210/- |
| 30 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4(3), പേജ് നമ്പർ - 29 | ശാരി.പി.കെ, പണ്ടാരപ്പറമ്പിൽ, പെരുമ്പടന്ന | 3528/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 42336/- |
| 31 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4(4), പേജ് നമ്പർ - 29 | രതീഷ്.കെ.ആർ | 4667/- | 2/2023 , 3/2023 = 2 മാസം | 9334/- |

കെ ആർ വി ഷോപ്പിംഗ് കോംപ്ലക്സ് T.F

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 32 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 3, പേജ് നമ്പർ - 31 | ജയകൃഷ്ണൻ | 1659/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 19908/- |

Shopping Complex Near Sreemoolam Jubilee Club

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 33 | 7/741(9) | രേഖപ്പെടുത്തിയിട്ടില്ല. | 34116/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 409392/- |
| 34 | 7/741(8) | മാനേജർ, നാഷ്ണൽ ഇൻഷുറൻസ് കമ്പനി | 12914/- | 11/2022 മുതൽ 3/2023 വരെ = 5 മാസം | 64570/- |

ചെറുകിട വ്യവസായ കേന്ദ്രം

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 35 | കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2, പേജ് നമ്പർ - 36 | പ്രവീൺ കുമാർ, രശ്മി, പെരുവാരം | 3423/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 41076/- |
| 36 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 3, പേജ് നമ്പർ - 36 | ടി.എ ഉത്തമൻ, ഉണ്ടിയിൽ | 1799/- | 8/2022 മുതൽ 3/2023 വരെ = 8 മാസം | 14392/- |
| 37 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4, പേജ് നമ്പർ - 36 | ടി.വി അരുൺ, നന്ത്യാട്ട്കുന്നം | 1799/- | 11/2022 മുതൽ 3/2023 വരെ = 5 മാസം | 8995/- |
| 38 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 12, പേജ് നമ്പർ - 38 | ടി.വി അരുൺ, നന്ത്യാട്ട്കുന്നം | 1799/- | 8/2022 മുതൽ 3/2023 വരെ = 8 മാസം | 14392/- |
| 39 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 23, പേജ് നമ്പർ - 41 | സതീഷ് കുമാർ, പോട്ടയിൽവീട്, പെരുവാരം | 1799/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 21588/- |
| 40 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 24, പേജ് | ഷറഫുദ്ദീൻ, കാവുംവീട്ടിൽ, മാഞ്ഞാലി | 1799/- | 4/2022 മുതൽ 3/2023 | 21588/- |

| | | | | | |
|---|---|---|---|---|---|
| | നമ്പർ - 41 | | | വരെ = 12 മാസം | |
| 41 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 26, പേജ് നമ്പർ - 42 | ടി.വി പ്രമോദ് , തറമ്മേൽ, നോർത്ത് പറവൂർ | 1799/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 21588/- |
| 42 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 27, പേജ് നമ്പർ - 42 | ബോബി വർഗ്ഗീസ് | 1799/- | 10/2022 മുതൽ 3/2023 വരെ = 6 മാസം | 10794/- |

കണ്ണൻകുളങ്ങര ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 43 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 15, പേജ് നമ്പർ - 46 | സാദത്ത്.കെ.എ, കളത്തിൽ , ജ്യൂസ് സ്ട്രീറ്റ്, എൻ പറവൂർ | 2664/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 31968/- |
| 44 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 19, പേജ് നമ്പർ - 46 | സാദത്ത്.കെ.എ, കളത്തിൽ , ജ്യൂസ് സ്ട്രീറ്റ്, എൻ പറവൂർ | 2798/- | 11/2022 മുതൽ 3/2023 വരെ = 5 മാസം | 13990/- |

മാർക്കറ്റ് സൌത്ത് ബ്ലോക്ക്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 45 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 3, പേജ് നമ്പർ - 50 | പി.ജെ സലിം, പുത്തൻപുരക്കൽ, വള്ളുവള്ളി | 1306/- | 1/2023 മുതൽ 3/2023 വരെ = 3 മാസം | 3918/- |
| 46 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 9, പേജ് നമ്പർ - 52 | വി.പി തങ്കച്ചൻ, കാലടി | 1764/- | 1/2023 മുതൽ 3/2023 വരെ = 3 മാസം | 5292/- |

മാർക്കറ്റ് നോർത്ത് ബ്ലോക്ക്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 47 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 13, പേജ് നമ്പർ - 58 | മനോജ്കുമാർ | 5198/- | 11/2022 മുതൽ 3/2023 വരെ = 5 മാസം | 25990/- |

വെടിമറ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 47 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 7, പേജ് നമ്പർ - 61 | ടി.കെ മനോഹരൻ, തൈവളപ്പിൽ, കിഴക്കേപ്രം | 3331/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 39972/- |
| 48 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 13, പേജ് നമ്പർ - 62 | ഇബ്രാഹിംകുട്ടി, കണ്ണിമുറ്റത്ത്, ആലുവ | 1152/- | 8/2022 മുതൽ 3/2023 വരെ = 8 മാസം | 9216 |
| 49 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 16, പേജ് നമ്പർ - 63 | കെ.എസ്.ബിജിലി, കാഞ്ഞിരപ്പറമ്പിൽ, വെടിമറ | 2986/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 35832/- |
| 50 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ | കെ.എസ്.ബിജിലി, കാഞ്ഞിരപ്പറമ്പിൽ, | 3213/- | 4/2022 മുതൽ | 38556/- |

| | | | | | |
|---|---|---|---|---|---|
| | ക്രമനമ്പർ 17, പേജ് നമ്പർ - 62 | വെടിമറ | | 3/2023 വരെ = 12 മാസം | |

ഫിഷ് മാർക്കറ്റ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 51 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 3, പേജ് നമ്പർ - 65 | സിജോ ജോണി, കൈതാരൻ, എൻ.പറവൂർ | 2329/- | 12/2022 മുതൽ 3/2023 വരെ = 4 മാസം | 9316/- |
| 52 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 4, പേജ് നമ്പർ - 65 | പ്രിൻസ്, കുരൻ, നീണ്ടൂർ | 3243/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 38916/- |
| 53 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 6, പേജ് നമ്പർ - 66 | തസി | 3243/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 38916/- |
| 54 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 8, പേജ് നമ്പർ - 66 | എ.കെ ജോർജ്ജ്, അരിക്കൻ, ചെറിയ പല്ലൻതുരുത്ത്, എൻ.പറവൂർ | 2329/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 27948/- |

നൃൂ ലിമിറ്റഡ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 55 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2, പേജ് നമ്പർ - 67 | ബിനിൽ.പി.ആർ, സുരഭി, നന്ത്യാട്ട്കുന്നം | 5787/- | 7/2022 മുതൽ 3/2023 വരെ = 9 മാസം | 52083/- |
| 56 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 9, പേജ് നമ്പർ - 69 | റഫീക്ക്, ഒളിപ്പറമ്പിൽ | 5517/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 66204/- |

പള്ളിത്താഴം മാർക്കറ്റ്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 55 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2, പേജ് നമ്പർ - 70 | നെൽസൺ.എം.വി, മാലേടത്ത്, എൻ.പറവൂർ | 3890/- | 7/2022 മുതൽ 3/2023 വരെ = 9 മാസം | 35010/- |
| 56 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 5, പേജ് നമ്പർ - 71 | കമറുദ്ദീൻ.കെ.എസ് | 3924/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 47088/- |
| 57 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 6, പേജ് നമ്പർ - 71 | ഷിബു.ടി.എസ്സ്, തോപ്പിൽപ്പറമ്പിൽ, ജാറപ്പടി, മന്നം | 3798/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 45576/- |
| 58 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 7, പേജ് നമ്പർ - 71 | ഷിബു.ടി.എസ്സ്, തോപ്പിൽപ്പറമ്പിൽ, ജാറപ്പടി, മന്നം | 3798/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 45576/- |
| 59 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 18, പേജ് നമ്പർ - 73 | ഫൈസൽ.കെ.എസ്സ്, കാഞ്ഞിരപ്പറമ്പിൽ, മന്നം പി.ഒ | 7258/- | 4/2022 മുതൽ 3/2023 വരെ = | 87096/- |

| | | | | 12 മാസം | |
|---|---|---|---|---|---|

മെയിൻ മാർക്കറ്റ് - ന്യൂ ബ്ലോക്ക്

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് നൽകിയത് | വാടക നിരക്ക് (₹) | കുടിശ്ശിക മാസം | കുടിശ്ശിക (₹) |
|---|---|---|---|---|---|
| 55 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 1, പേജ് നമ്പർ - 74 | കൃഷ്ണൻ.പി.എം, പാടത്ത്പറമ്പിൽ, ഞാറക്കൽ | 7316/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 87792/- |
| 56 | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 5, പേജ് നമ്പർ - 74 | എ.ആർ.ഷമ്മീർ, ആളംപറമ്പിൽ, മേത്തല | 7681/- | 4/2022 മുതൽ 3/2023 വരെ = 12 മാസം | 92172/- |

മേൽചേർത്ത കടമുറികളിൽ നിന്നും പ്രസ്തുത വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (19/31-1-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കടമുറികളിൽ നിന്നും പ്രസ്തുത വാടക കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-14 കടമുറികൾ വാടകക്ക് നൽകിയില്ല.**

താഴെ ചേർത്ത കടമുറികൾ തൻവർഷം പൂർണ്ണമായും Vacant ആയിരുന്നതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ വാടകക്ക് നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (3/25-1-2024)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

| ക്രമനമ്പർ | ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നമ്പർ |
|---|---|---|
| 1 | കണ്ണകുളങ്ങര ഷോപ്പിംഗ് കോംപ്ലക്സ് | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 18, പേജ് നമ്പർ - 47 |
| 2 | വെടിമറ ഷോപ്പിംഗ് കോംപ്ലക്സ് | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 18, പേജ് നമ്പർ - 63 |
| 3 | വെടിമറ ഷോപ്പിംഗ് കോംപ്ലക്സ് | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 19, പേജ് നമ്പർ - 63 |
| 4 | പള്ളിത്താഴം മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല - വാടക രജിസ്റ്ററിൽ ക്രമനമ്പർ 8,9,- പേജ് നമ്പർ - 71 |
| 5 | പള്ളിത്താഴം മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല.വാടക രജിസ്റ്ററിൽ ക്രമനമ്പർ- 10,11,12,13,14,15 പേജ് നമ്പർ - 72 |
| 6 | പള്ളിത്താഴം മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ- 16,17,19 പേജ് നമ്പർ - 73 |
| 7 | മെയിൻ മാർക്കറ്റ് ന്യൂ ബ്ലോക്ക് | രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ ക്രമനമ്പർ 2,3,4- പേജ് നമ്പർ - 74 |

ടി കടമുറികൾ വാടകക്ക് നൽകാതിരുന്നതിനാൽ വാടക ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇവ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-15 സിനിമാ തീയേറ്റർ വിനോദനികുതി അടവാക്കാതെ പ്രവർത്തിക്കുന്നു.**

വാർഷിക ധനകാര്യ പത്രികയിൽ RP1 ഷെഡ്യൂളിൽ 110160100 - Entertainment Tax ഹെഡിൽ ₹783805/- വിനോദ നികുതി ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഹെഡ് വൈസ് റിപ്പോർട്ട്, ലഭ്യമാക്കിയ രേഖകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൈരളി/ ശ്രീ തീയേറ്ററുകളിൽ നിന്ന് വിനോദ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തീയേറ്ററുകളേക്കാൾ ഉയർന്ന ടിക്കറ്റ് നിരക്കുള്ള ഷഫാസ് തീയേറ്ററിൽ നിന്നും, ലഭ്യമാക്കിയ രേഖകൾ പ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല. ഷഫാസ് തീയേറ്ററിൽ നിന്നും തൻവർഷം വിനോദ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (3/25-2-2024) നൽകിയെങ്കിലും മറുപടിയോ ടി രേഖകകളോ ലഭ്യമാക്കിയില്ല. വിനോദ നികുതി അടവാക്കാതെ ടി സിനിമാ തീയേറ്റർ നിലവിലും പ്രവർത്തിക്കുന്നുണ്ട്. ടി തീയേറ്ററിന്റെ ലൈസൻസ് വിവരങ്ങൾ ലഭ്യമായില്ല. ലൈസൻസ് അനുവദിക്കപ്പെടാതെയാണോ ടി തീയേറ്റർ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്. സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണത്തിന്റേയും നിരക്കിന്റേയും അടിസ്ഥാനത്തിൽ തൻവർഷം എല്ലാ മാസത്തേയും വിനോദ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-16 U/A നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ നിന്നും നാളിത് വരെയും വസ്തുനികുതി ഈടാക്കിയില്ല - വൻ കുടിശ്ശിക**

നിയമാനുസൃതമല്ലാതെ നഗരസഭാ പരിധിയിൽ നിർമ്മിച്ച ചില വാണിജ്യ കെട്ടിടങ്ങൾക്ക് U/A നമ്പർ നൽകി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും, വകുപ്പ് 242(1) പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ട്. സഞ്ചയ രേഖകൾ പ്രകാരം ടി കെട്ടിടങ്ങൾ നാളിത് വരെയും പൊളിച്ചുകളയുകയോ ഇവയിൽ നിന്ന് വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നഗരസഭയിലെ നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ വസ്തുനികുതി അടവാക്കുമ്പോൾ നിയമാനുസൃതമല്ലാതെ നിർമ്മിച്ച ടി കെട്ടിടങ്ങൾ വസ്തുനികുതി അടവാക്കാതെ നികുതി ഒഴിവാക്കി യാതൊരു നടപടികളും നേരിടാതെ പ്രവർത്തിക്കുന്നു. ₹50,00,000/- ന് മുകളിലുണ്ട് ഇവയുടെ കുടിശ്ശിക. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | കെട്ടിട | കെട്ടിട ഉടമ | ഉപയോഗ ക്രമം | വാർഷിക | നമ്പർ നൽകി | 2022-23 |
|---|---|---|---|---|---|---|

| നമ്പർ | നമ്പർ | | | വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പടെ) (₹) | വസ്തുനികതി നിർണ്ണയിച്ചത് | രണ്ടാം അർദ്ധ വർഷം വരെ വസ്തുനികുതി കുടിശ്ശിക (ലൈബ്രറി സെസ്സ് ഉൾപ്പടെ) (₹) |
|---|---|---|---|---|---|---|
| 1 | 4/297/1UA /2020 | സെക്രട്ടറി,സമൂഹമഠം, കണ്ണൻകുളങ്ങര, നോർത്ത് പറവൂർ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 63618/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 254472/- |
| 2 | 5/31/1UA /2020 | മാനേജർ,സെൻറ് തോമസ് യാക്കോബായ സിറിയൻ ചർച്ച്, നോർത്ത് പറവൂർ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 109242/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 436968/- |
| 3 | 6/174/3UA /2020 | ജയലക്ഷ്മി,പാവന ഹൗസ്,വരാപ്പുഴ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 116957/- | 2016 ഒന്നാം അർദ്ധവർഷം മുതൽ | 818699/- |
| 4 | 7/1198/1UA | സെക്രട്ടറി,ഈഴവ സമാജം, നോർത്ത് പറവൂർ | മൊബൈൽ ടെലഫോൺ ടവർ | 42525/- | 2016 ഒന്നാം അർദ്ധവർഷം മുതൽ | 297675/- |
| 5 | 28/298/2/UA | സെക്രട്ടറി,സെൻറ് തോമസ് യാക്കോബൈറ്റ് സിറിയൻ ചർച്ച്, നോർത്ത് പറവൂർ | മൊബൈൽ ടെലഫോൺ ടവർ | 44888/- | 2016 ഒന്നാം അർദ്ധവർഷം മുതൽ | 314216/- |
| 6 | 3/316/1UA | മാർട്ടിൻ ജോസഫ്, ബിന്ദു, മേക്കോണത്ത്, നോർത്ത് പറവൂർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 38500/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 154090/- |
| 7 | 3/317/1UA | കെ.ഐ.മാത്യൂ,കുളങ്ങര, നോർത്ത് പറവൂർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 43127/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 172508/- |
| 8 | 3/496/1UA /2020 | മുഹമ്മദ് അലി സൈദ്, ,പുതുപ്പള്ളി, നോർത്ത് പറവൂർ, | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 61917/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 247668/- |
| 9 | 22/33//1UA | പി.എസ്.സുധീർ, പുല്ലാർക്കാട്ട്, നോർത്ത് പറവൂർ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 198510/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 794040/- |
| 10 | 3/317/2UA | കെ.ഐ.മാത്യൂ, കുളങ്ങര, നോർത്ത് പറവൂർ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 111180/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 444720/- |
| 11 | 3/317/3UA | കെ.ഐ.മാത്യൂ, നോർത്ത് പറവൂർ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 107957/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 431828/- |
| 12 | 17/136/1UA | പത്മ വിജയകുമാർ, അംബുജഭവൻ, കിഴക്കേപ്രം, എൻ.പറവൂർ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 196138/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 784552/- |
| 13 | 7/355/3UA | സിസിലി സെബാസ്റ്റ്യൻ, ചെമ്മാശ്ശേരി, പറവൂത്തറ മുറി, | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 42749/- | 2019 ഒന്നാം അർദ്ധവർഷം മുതൽ | 170996/- |

| | | | | | | |
|---|---|---|---|---|---|---|
| | | നോർത്ത് പറവൂർ, | | | | |
| | | | | | | 5322432/- |

UA നമ്പർ അനുവദിച്ചിട്ടും ടി കെട്ടിടങ്ങളിൽ നിന്നും നാളിത് വരെയും വസ്തുനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/2-2-2024) മറുപടി ലഭ്യമായില്ല. ടി കെട്ടിങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിശദമായി പരിശോധിക്കേണ്ടതാണ്. വരുമാനം കുറവുള്ള നഗരസഭയായിട്ടും ടി കെട്ടിടങ്ങളിൽ നിന്ന് ഒരുതവണ പോലും വസ്തുനികുതി ഈടാക്കാതിരുന്നതിനാൽ നഗരസഭയുടെ ഭാഗത്ത് നിന്ന് നികുതി കളക്ഷനിൽ യാതൊരു ശ്രദ്ധയും ഇല്ലെന്ന് വ്യക്തമാണ്. മേൽ കെട്ടിടങ്ങളിൽ നിന്ന് കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-17 വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വർദ്ധനവ് ചെയ്തില്ല.**

കെ ജെ നാരായണൻ പോറ്റി, സത്യനാരായണ മന്ദിരത്തിൽ ഹൌസ്,നന്ത്യാട്ടുകുന്നം എൻ പറവൂർ, എന്നയാളുടെ 23/115 /Aകെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗ ക്രമവും 23/115/B കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഉപയോഗക്രമവും നൽകി 2021 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ പ്ലാൻ, ലൊക്കേഷൻ സ്കെച്ച് എന്നിവ പ്രകാരം കെട്ടിടങ്ങൾക്ക് 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള പറവൂർ - ചാത്തനാട് റോഡിൽ നിന്നും പ്രവേശനമുണ്ട്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 6 പട്ടിക 2.1 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് നൽകിയിട്ടില്ല. പറവൂർ - ചാത്തനാട് റോഡ് എന്ന് സഞ്ചയയിൽ സെലക്ട് ചെയ്തിട്ടുണ്ടെങ്കിലും ടി റോഡിന് 1.5 മീറ്ററിൽ കൂടുതൽ വീതി ഉള്ള റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വഴിസൌകര്യം ഇനത്തിൽ വർദ്ധനവ് നൽകാത്തതിനാൽ താഴെ ചേർത്ത പ്രകാരം വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച.മീ) | വസ്തുനികുതി (₹) | ഈടാക്കേണ്ടത് (₹) | കുറവ് (₹) |
|---|---|---|---|---|
| 23/115/A | 213.61 | 2990.54 ഇളവുകളോ വർദ്ധനവോ ഇല്ല. = 2991/- | 2990.54 + 598.108(വഴി സൌകര്യം 20% വർദ്ധനവ്) = 3589/- | 598/- |
| 2/115/B | 108.62 | 9775.68 - 977.58 (മേൽക്കൂര 10% ഇളവ്) = 8799/- | 9775.68 - 977.58 (മേൽക്കൂര 10% ഇളവ്) + 1995.136(വഴി സൌകര്യം 20% വർദ്ധനവ്) = 10794/- | 1995/- |
| ആകെ | | | | 2593/- |

പ്രതിവർഷം ₹2593/-യുടെ വസ്തുനികുതി നഷ്ടം മേൽ കെട്ടിടങ്ങളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/5-2-2024)മറുപടി ലഭ്യമായില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-18 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയയിൽ ഡിമാന്റ് ചെയ്യാതെ ഈടാക്കുന്നു.**

സി സി റാഫേൽ ,സി ആർ ഷിബു ,സൈമൺ തോമസ് ,സി ആർ ജേക്കബ്ബ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 8/596, 8/597, 8/600 നമ്പർ കെട്ടിടങ്ങൾ സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്തില്ല. നിലവിൽ DE Ongoing എന്നാണ് ഫോം - 6 വിവരങ്ങൾ കാണിക്കുന്നത്. സഞ്ചയ ഡിമാന്റ് വിവരങ്ങളിൽ യാതൊരു ഡിമാന്റും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കളക്ഷനായി തുക രേഖപ്പെടുത്തിയിട്ടുണ്ട്.

സഞ്ചയയിൽ ഡിമാന്റ് രേഖപ്പെടുത്താതെ വരവ് ആയി രേഖപ്പെടുത്തിയതിനാൽ ബാലൻസ് വിവരത്തിൽ നികുതി തുക കഴിച്ച് അധികം അടച്ച തുകയായാണ് കാണുന്നത്. ആയതിനാൽ കെട്ടിട ഉടമ നികുതി അടവാക്കിയില്ലെങ്കിലും, അടവാക്കിയ തുക പോസ്റ്റ് ചെയ്തില്ലെങ്കിലും കുടിശ്ശിക ഉള്ളതായി സഞ്ചയയിൽ കാണിക്കില്ല. ചില അർദ്ധ വർഷങ്ങളിൽ വസ്തുനികുതി പോസ്റ്റ് ചെയ്തിട്ടുമില്ല.

| കെട്ടിട നമ്പർ | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി(₹) | റിമാർക്ക്സ് |
|---|---|---|---|---|
| 8/596 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 296.8 ച.മീ | 25822 | 2013 ഒന്നാം അർദ്ധവർഷം 8-30143/ 11-10-2023 നമ്പർ രസീത് മുഖേന 2623 രൂപ വസ്തുനികുതി ഈടാക്കിയതായി സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും 2013 രണ്ടാം അർദ്ധ വർഷം മുതൽ 2017 രണ്ടാം അർദ്ധ വർഷം വരെ പോസ്റ്റിംഗ് ഇല്ല. 2018, രണ്ടാം അർദ്ധവർഷം പോസ്റ്റിംഗ് ഇല്ല. 2018, 2019 ഒന്നാം അർദ്ധവർഷം ,2019 രണ്ടാം അർദ്ധവർഷം 5250 രൂപ വീതം പോസ്റ്റ് ചെയ്തിട്ടുണ്ട്.2020, 2021, 2022 Ful Year 10500 രൂപ വീതം പോസ്റ്റിംഗ് ഉണ്ട്. ടി കെട്ടിടം ARV കെട്ടിടമാണെങ്കിൽ 2013 മുതൽ 2017 വരെയുള്ള നികുതി ഈടാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. |
| 8/597 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 296.8 ച.മീ | 4747 | 2018 ഒന്നാം അർദ്ധവർഷം 2623 രൂപ പോസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടാം അർദ്ധവർഷം പോസ്റ്റ് ചെയ്തിട്ടില്ല. 2019, 2020, 2021, 2022 വർഷങ്ങളിൽ 5246 രൂപ വീതം പോസ്റ്റ് ചെയ്തിട്ടുണ്ട്. ARV കെട്ടിടമാണെങ്കിൽ 2013 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കി സഞ്ചയയിൽ പോസ്റ്റ് ചെയ്യേണ്ടതാണ്. എന്നാൽ 2013 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ പോസ്റ്റിംഗ് ഇല്ല. |
| 8/600 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 597.8 ച.മീ | 27992 | 2018 ഒന്നാം അർദ്ധവർഷം 8106 രൂപ പോസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടാം അർദ്ധവർഷം പോസ്റ്റ് ചെയ്തിട്ടില്ല. 2019, 2020, 2021, 2022 വർഷങ്ങളിൽ 16212 രൂപ വീതം പോസ്റ്റ് ചെയ്തിട്ടുണ്ട്. ARV കെട്ടിടമാണെങ്കിൽ 2013 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കി സഞ്ചയയിൽ പോസ്റ്റ് ചെയ്യേണ്ടതാണ്. എന്നാൽ 2013 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ പോസ്റ്റിംഗ് ഇല്ല. |

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/1-2-2024) പ്രസ്തുത കെട്ടിടങ്ങൾ ARV പ്രകാരം നിലനിന്നിരുന്ന കെട്ടിടങ്ങളാണെന്നും ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടങ്ങൾ മാത്രമേ K – SMART ൽ ലഭ്യമാകുകയുള്ളൂ എന്നും ടി കെട്ടിടങ്ങളുടെ വിവരങ്ങൾ ഭാഗികമായി K – SMART ൽ ലഭ്യമാണെന്നും K – SMART അപ്ലിക്കേഷൻ പൂർണ്ണമാകാത്ത സാഹചര്യത്തിൽ ഇവ ഡിജിറ്റൽ സൈൻ ചെയ്യാൻ നിർവ്വാഹമില്ലാത്തതാണെന്നും ആയത് സാധ്യമാകുന്ന മുറക്ക് ഡിജിറ്റൽ സൈൻ ചെയ്യുന്നതും വിട്ടു പോയിട്ടുള്ള കളക്ഷൻ പോസ്റ്റിംഗ് പൂർത്തിയാക്കുന്നതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ARV കെട്ടിടങ്ങളായ ഇവ 10 വർഷത്തിന് ശേഷവും സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്യാതെ വസ്തുനികുതി ഡിമാന്റ് ചെയ്യാതെ കളക്ഷൻ മാത്രം സഞ്ചയയിൽ പോസ്റ്റ് ചെയ്തതും ചില അർദ്ധവർഷങ്ങളിൽ പോസ്റ്റ് ചെയ്യാതിരുന്നതും തെറ്റായ നടപടിയാണ്. കെട്ടിടങ്ങൾ സഞ്ചയയിൽ സൈൻ ചെയ്യാതെ മേൽ സാഹചര്യം സൃഷ്ടിച്ചതിനാൽ ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി കുടിശ്ശിക ഉണ്ടായാലും ആയത് നഗരസഭ അറിയില്ല. ഈടാക്കിയ തുക Excess ആയി കാണിക്കുകയും ചെയ്യും. കെട്ടിട ഉടമ നികുതി അടവാക്കിയില്ലെങ്കിലും, അടവാക്കിയ തുക പോസ്റ്റ് ചെയ്തില്ലെങ്കിലും കുടിശ്ശിക ഉള്ളതായി സഞ്ചയയിൽ കാണിക്കില്ല. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും മേൽ കെട്ടിടങ്ങൾ ARV കെട്ടിടങ്ങളായിരുന്നോ എന്നും, 2013 മുതൽ ഇവയിൽ നിന്ന് കെട്ടിടനികുതി ഈടാക്കിയോ എന്നും ഈടാക്കിയ കെട്ടിടനികുതി നഗരസഭയുടെ അക്കൗണ്ടിലേക്ക് വരവ് വന്നോ എന്നും പരിശോധിച്ച് ഇവ നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്ത് നാളിത് വരെയുള്ള ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക കൃത്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-19 നിലവിലുണ്ടായിരുന്ന വാണിജ്യകെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു.**

ജോയ് ഷിബു ആൻറ് കൊച്ചുത്രേസ്യ തെക്കിനേടത്ത്,എൻ പറവൂർ എന്നിവരുടെ ഉടമസ്ഥതയിൽ നിലവിലുള്ള 2/373 നമ്പർ വാണിജ്യ കെട്ടിടത്തിന്റെ ARV അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി ₹18850/- ഉം (എൽ.സി ഇല്ലാതെ) കെട്ടിട നമ്പർ 2/99/1 ഉം ആയിരുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-4-2015 ലെ സ.ഉ.(എം.എസ്)നം.144/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിക്ക് വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. മേൽ കെട്ടിടത്തിന്റെ ടി പരിധി = 18850x 2 = ₹37700/-

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി നിലവിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ച് ഈടാക്കുന്നത്. എന്നാൽ 490.97 ച.മീ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഉപയോഗക്രമം നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ഈ ഉപയോഗ ക്രമത്തിന് 60 രൂപ/ച.മീയും വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഉപയോഗക്രമത്തിന് 90 രൂപ/ച.മീയുമാണ് നോർത്ത് പറവൂർ നഗരസഭ നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| ₹60/ച.മീ പ്രകാരം നിർണ്ണയിച്ചത് | ₹90/ച.മീ പ്രകാരം നിർണ്ണയിക്കേണ്ടത് |
|---|---|
| 29458.2 - 2945.82 (കാലപ്പഴക്കം 10% ഇളവ്) = ₹26513/- | 44187.3 - 4418.73 (കാലപ്പഴക്കം 10% ഇളവ്) = ₹39769/- |

ടി കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായ ഉപയോഗ ക്രമം നൽകി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100% വർദ്ധനവിനേക്കാൾ അധികരിക്കുന്നുണ്ട് (₹39769 > ₹37700 ). ആയതിനാൽ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100 ശതമാനം വർദ്ധനയായ ₹37700 ആയിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.ആയതിന് പകരം തെറ്റായ ഉപയോഗ ക്രമം നൽകി തറവിസ്തീർണ്ണാടിസ്ഥാനത്തിൽ ₹26513 ആയി വസ്തുനികുതി നിർണ്ണയിച്ചതിനാൽ പ്രതിവർഷം ₹11187 യുടെ വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. തെറ്റായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/2-2-2024) ടി കെട്ടിടം ARV പ്രകാരം വസ്തുനികുതി നിർണ്ണയിച്ച വാണിജ്യ കെട്ടിടമാണെന്നും ₹18850 ആയിരുന്ന വാർഷിക വസ്തുനികുതി , നികുതി പരിഷ്കരണം പ്രകാരം ₹26513 ആയിട്ടുള്ളതാണെന്നും ARV കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം ബാധകമല്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ARV വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയുടെ ആദ്യ ഭാഗത്ത്(ടി ഖണ്ഡികയുടെ ആദ്യ ഭാഗത്ത്) സൂചിപ്പിച്ച തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-4-2015 ലെ സ.ഉ.(എം.എസ്)നം.144/15/തസ്വഭവ നമ്പർ ഉത്തരവ് പോലും പരിശോധിക്കാതെയാണ് പ്രസ്തുത മറുപടി. മേലുത്തരവ് പ്രകാരം ഈ കെട്ടിടത്തിന് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ ഉപയോഗ ക്രമം നൽകി തന്നെയാണ് നിലവിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ 100 ശതമാനത്തിൽ അധികരിക്കുന്നില്ല എന്ന് രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. എന്നാൽ തെറ്റായ ഉപയോഗ ക്രമം നൽകി ആയിരുന്നു ഈ വസ്തുനികുതി നിർണ്ണയം. ശരിയായ ഉപയോഗ ക്രമം നൽകി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100% വർദ്ധനവിനേക്കാൾ അധികരിക്കുന്നുണ്ട് (₹39769 > ₹37700 ). ആയതിനാൽ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100 ശതമാനം വർദ്ധനയായ ₹37700 ആയിരുന്ന വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ആയതിനാൽ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് ആയത് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം മാത്രമാണ് ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | തൊഴിൽനികുതി ഈടാക്കിയ അർദ്ധവർഷം | ഈടാക്കിയ തൊഴിൽ നികുതി (₹) | രസീത് നമ്പർ/ തീയതി | വാർഡ് | തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് നമ്പർ | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|---|---|---|---|
| 1 | സബ് പോസ്റ്റ് മാസ്റ്റർ, പറവൂർ മാർക്കറ്റ് പോസ്റ്റ് ഓഫീസ് | I | 2000/- | 4285/12-8-2022 | 3 | 4 | II |
| 2 | പ്രൊപ്രൈറ്റർ, തമ്പീസ് ഇലക്ട്രിക്കൽസ് | I | 3000/- | 5021/ 5-9-2022 | 5 | 14 | II |
| 3 | മാനേജർ പിട്ടാപ്പിള്ളിൽ ഏജൻസീസ് | II | 12640/- | 4500/20-8-2022 | 6 | 19 | II |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ, | I | 7250/- | 022/26-10-2022 | 6 | 28 | II |

| | | | | | | |
|---|---|---|---|---|---|---|
| | പി.ഡബ്ല്യ.ഡി ബ്രിഡ്ജ്സ് സെക്ഷൻ (ക്രമനമ്പർ - 12) | | | | | |
| 5 | ഫുഡ് സേഫ്റ്റി ഓഫീസ് | I | 5000/- | 5336-5337/ 15-9-202022 | 7 | 38 | II |
| 6 | പറവൂർ വെസ്റ്റ് കോ ഓപറേറ്റീവ് ബാങ്ക് | II | 11250/- | 100281/17-4-2023 | 7 | 51 | I |

2) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷവും ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് | തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് നമ്പർ |
|---|---|---|---|
| 1 | ദേവസ്വം ഓഫീസ്, കണ്ണങ്കുളങ്കര | 4 | 8 |
| 2 | അസിസ്റ്റന്റ് ദേവസ്വം കമ്മീഷ്ണേഴ്സ് ഓഫീസ് | 4 | 8 |
| 3 | മാനേജർ കല്ലറക്കൽ കുറീസ് & ലോൺസ് പ്രൈവറ്റ് ലിമിറ്റഡ് | 5 | 11 |
| 4 | ഡോ.ജോർജ്ജ് തെക്കിനേടത്ത് ഡെന്റൽ ക്ലിനിക്ക് | 5 | 11 |
| 5 | പ്രൊപ്രൈറ്റർ, റോയൽ ബേക്കറി | 5 | 12 |
| 6 | പ്രൊപ്രൈറ്റർ, തെക്കിനേടത്ത് വെസ്സൽസ് | 5 | 16 |
| 7 | പ്രൊപ്രൈറ്റർ, പറവൂർ മെറ്റൽ ഇൻഡസ്ട്രീസ് | 5 | 16 |
| 8 | മഹാത്മ കോളേജ് | 5 | 17 |
| 9 | ഡയറക്ടർ, ഇംഗ്ലീഷ് ചേമ്പർ | 6 | 22 |
| 10 | പ്രൊപ്രൈറ്റർ ഇസിപി & സൺസ് | 6 | 24 |
| 11 | സെക്രട്ടറി, എറണാകുളം ഡിസ്ട്രിക്ട് ബസ് ഓപറേറ്റേഴ്സ് സൊസൈറ്റി. | 6 | 24 |
| 12 | അസിസ്റ്റന്റ് എഞ്ചിനിയർ, പി.ഡബ്ല്യ.ഡി ബ്രിഡ്ജസ് സെക്ഷൻ (ക്രമനമ്പർ - 13) | 7 | 28 |
| 13 | പ്രൊപ്രൈറ്റർ, ഡ്രീം കളർ ലാബ് | 7 | 29 |
| 14 | പ്രൊപ്രൈറ്റർ, രഞ്ജു ബേക്കറി | 7 | 31 |
| 15 | ലക്ഷ്യ കോച്ചിംഗ് സെന്റർ | 7 | 31 |
| 16 | ഖലീഫ റെസ്റ്റോറന്റ് | 7 | 31 |
| 17 | യോഗക്ഷേമം ലോൺസ് എൽ.ടി.ഡി | 7 | 32 |
| 18 | ജി ടെക് കമ്പ്യൂട്ടർ സെന്റർ | 7 | 33 |
| 19 | പഞ്ചാബ് നാഷ്ണൽ ബാങ്ക് | 7 | 34 |
| 20 | വൊക്കേഷ്ണൽ ട്രെയ്നിംഗ് സെന്റർ | 7 | 42 |
| 21 | ലോട്ടസ് ഇൻഡസ്ട്രീസ്, ലോട്ടസ് ട്രേഡേഴ്സ് | 12 | 67 |
| 22 | റൈഡ്സ് മോട്ടോഴ്സ് യമഹ ഷോറൂം | 15 | 73 |
| 23 | Zen മോട്ടോഴ്സ്, | 17 | 78 |
| 24 | ഡോ.വിനു എബ്രഹാം ക്ലിനിക്ക് | 21 | 89 |
| 25 | ഷെയർ വെൽത്ത് സെക്യൂരിറ്റീസ് എൽ.ടി.ഡി | 21 | 89 |
| 26 | ലൈഫ് ഓഡിയോളജി & സ്പീച്ച് തെറാപ്പി സെന്റർ | 22 | 94 |

3)പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ/ തീയതി | വാർഡ് | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 121030112236 | 1 | ജെന്റിൽ ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക്ക് | 2 |
| 2 | 121030112237 | 3 | ഹിസ്ഗ്രേസ് ഡെന്റൽ ക്ലിനിക്ക് | 2 |
| 3 | 123030107494 | 5 | തോമസ് ക്ലിനിക്ക് | 6 |
| 4 | 121030113034 | 5 | ഫാമിലി ഡെന്റൽ ക്ലിനിക്ക് | 2 |
| 5 | 121030112927 | 6 | അമൃത ലൈഫ് | 3 |
| 6 | 122030110603 | 6 | ഡോ.സിലിൻസ് മോഡേൺ ഡെന്റൽ ക്ലിനിക്ക് | 2 |
| 7 | 121030113311 | 6 | ഡെന്റൽ എക്സ്പെർട്സ് ഡെന്റൽ ക്ലിനിക്ക് | 2 |
| 8 | 12203010713 | 7 | ഐലാബ്സ് ഡയഗ്നോസ്റ്റിക്സ് | 2 |
| 9 | 122030104050 | 7 | ദ ന്യൂറോൺ | 3 |
| 10 | 122030107744 | 7 | ഡോ.ശ്രീ & അരുൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2 |
| 11 | 121030113218 | 7 | കെയർവെൽ ഡെന്റൽ ക്ലിനിക്ക് | 2 |
| 12 | 121030111531 | 7 | ഫാമിലി ഹോമിയോ ക്ലിനിക്ക് | 2 |
| 13 | 121030111858 | 8 | വൈദ്യമഠം വൈദ്യശാല നഴ്സിംഗ് ഹോം | 2 |
| 14 | 121030111350 | 8 | മോനച്ചേരി ഡെന്റൽകെയർ | 2 |
| 15 | 121030112325 | 8 | മൈ മദർ ഹോമിയോപതിക് മെഡിക്കൽ സെന്റർ | 3 |
| 16 | 12030107899 | 8 | ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാല | 2 |
| 17 | 122030102128 | 21 | വേദിക് ആയുർകെയർ | 3 |
| 18 | 12030112433 | 21 | ബ്രൈറ്റ് സ്മൈൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2 |
| 19 | 123030107416 | 22 | സ്മൈൽ വേൾഡ് ഡെന്റൽ ക്ലിനിക്ക് | 2 |
| 20 | 12203010704 | 24 | ഐ ലാബ്സ് ഡയഗ്നോസ്റ്റിക് സർവ്വീസസ് | 2 |
| 21 | രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പേജ് നമ്പർ 34 | 25 | ശ്രീദേവി ഹോമിയോ ക്ലിനിക് | 2 |
| 22 | 121030112982 | 29 | ഡോ.പി.എം ജോർജ്ജ് | 2 |

| | | | | |
|---|---|---|---|---|
| | | | മെമ്മോറിയൽ ഡെന്റൽ ക്ലിനിക്ക് | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/4-2-2024) ലഭ്യമായ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കയില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

5) തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തി രണ്ടാം അർദ്ധ വർഷം സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽനികുതി അസസ്സ്മെന്റ് ഫോമുകൾ പരിശോധനക്ക് ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (47/4-2-2024) നൽകിയെങ്കിലും ഇവ പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയത് പരിശോധിക്കാനായില്ല. പ്രസ്തുത രേഖകൾ ഈ ഓഡിറ്റ് കാര്യാലായത്തിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-21 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.**

നോർത്ത് പറവൂർ നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിലെ 8 ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതിൽ ₹2670/- യുടെ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

**1-22 വരവിനങ്ങൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതി ഇനത്തിലും, തൊഴിൽ നികുതി, ലൈസൻസ് ,മറ്റുള്ളവ എന്നീയിനങ്ങളിലും താഴെ പട്ടികയിൽ ചേർത്തിരിക്കും പ്രകാരം കുടിശ്ശിക ഉണ്ട്.

| ക്രമ നം | ലെഡ്ജർ ഹെഡ് | ഇനം | തുക(₹) |
|---|---|---|---|
| 1 | 431100100 | Receivables For Property Taxes (Current) | 6,172,543.00 |
| 2 | 431100200 | Receivables For Property Taxes (Arrears) | 8,451,571.00 |
| 3 | 431190101 | Receivables For Profession Tax - Institutions/Professionals/Traders (Current) | 128,882.00 |
| 4 | 431190102 | Receivables For Profession Tax - Institutions/Professionals/Traders (Arrears) | 465,539.00 |
| 5 | 431300202 | Receivable For License Fees (Arrears) | 181,207.00 |
| 6 | 431409901 | Other Receivable (Current) | 4,240,528.00 |
| 7 | 431409902 | Other Receivable (Arrears) | 86,054,003.00 |

എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, കേരള മുനിസിപ്പാലിറ്റീസ് അക്കൗണ്ട്സ് മാനവൽ 2007 ഖണ്ഡിക 3.7(കെ) പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.ഇതിൽ ക്രമ നം 6,7 എന്നീ ഇനങ്ങൾ ഏതാണെന്ന് വ്യക്തമല്ല.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ "B-21 Provisions" എന്ന ശീർഷകം പ്രകാരം വ്യത്യസ്ത വരവിനങ്ങൾക്ക് 545,802/- രൂപയ്ക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.ഇതു മുൻവർഷങ്ങളിലെ അക്യൂമുലേറ്റഡ് പ്രൊവിഷൻ ആണ്.തൻവർഷം ഒന്നും ആയതിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. മേൽ അപാകതകൾ സൂചിപ്പിച്ചും B-21 ശീർഷകം പ്രകാരം കുടിശ്ശിക തുക പിരിഞ്ഞുകിട്ടുന്ന തുകയിൽ സംശയാസ്പദമായ തുക കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ്,ബന്ധപ്പെട്ട ജേണൽ വൌച്ചറിനോപ്പം പരിശോധനക്കു ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ചും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-23 ലേലം നടത്തിപ്പിലെ അപാകതകൾ**

മുനിസിപ്പാലിറ്റി ലേല നടപടികളിലെ അപാകതകൾ താഴെ ചേർക്കുന്നു

1)എല്ലാ ലേലങ്ങളുടെയും ഫയലുകൾ,ഡയറികൾ എന്നിവ സൂക്ഷിച്ചു കാണുന്നില്ല

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ വാർഷിക ധനകാര്യ പത്രികയിലെ ലേലം സംബന്ധിച്ച ലെഡ്ജർ ഹെഡ് – Bus Stand Fees-140501100 പ്രകാരം ₹10,82,933/- ഉം Market Fees-140501000 പ്രകാരം ₹33,31,821/- ഉം Lorry,Taxi,Auto And Other Vehicle Stand Fees-140501300 പ്രകാരം ₹12520/- ഉം Sale Of Manure-150100600 പ്രകാരം ₹133909/- ഉം Sale Of Scrap-150120200 പ്രകാരം ₹24281/- ഉം Receipts From Auction Of Obsolete Assets-150120300 പ്രകാരം ₹706281/- ഉം വരവുണ്ട്.എന്നാൽ മേൽ പ്രകാരമുള്ള ലേലങ്ങളിൽ കുത്തക ലേലങ്ങൾക്കു മാത്രമേ ലേലം രജിസ്റ്റർ,ലേലം ഡയറി സൂക്ഷിച്ചു കാണുന്നുള്ളൂ. 150120300, 150120200,150100600 എന്നീ ഹെഡുകൾ പ്രകാരമുള്ള ലേലങ്ങളിൽ മരം,മണൽ ,Scrap ,മാന്വർ എന്നീ ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.ഇവയുടെ ഫയൽ ,ലേലം ഡയറി എന്നിവ ലഭ്യമാക്കുകയോ ലേലം രജിസ്റ്ററിൽ ലേല വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതു ലഭ്യമാക്കേണ്ടതാണ്

2)ടാക്സ് കളക്ഷൻ അറ്റ് സോഴ്സ് ഈടാക്കിയ വിവരം ലഭ്യമല്ല

മരം ലേലം കൊള്ളുന്നവരിൽ നിന്ന് ലേലത്തുകയുടെ 2.5% ഉം സ്ക്രാപ്പ് -യന്ത്രസാമഗ്രികളുടെ ലേലത്തിന് 1% ഉം Parking Lotന 2% ഉം ടാക്സ് കളക്ഷൻ അറ്റ് സോഴ്സ് (ടി സി എസ്) ആയി ഈടാക്കികാണുന്നില്ല. സെക്ഷൻ 206 C IncomeTax Act 1961(1) പ്രകാരം ടി സി എസ് ഈടാക്കേണ്ടതാണ്.

3)ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല.
കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേലം ഇനം /തീയതി | ലേലം കൊണ്ട വ്യക്തി/ കുടിശ്ശിക തുക(₹) |
|---|---|---|
| 1 | പ്രൈവേറ്റ് ബസ് സ്ററാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം | ഡൊമനിക് ഫ്രാൻസിസ്-196667/- |
| 2 | പുതിയ ബസ് ടർമിനൽ പേ & പാർക്ക്,പേ & യൂസ് ടോയ്ലെറ്റ് | അഭയ് അബാബ-86425/- |
| 3 | പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-13 | ദേവസ്സി -10573/- |
| 4 | പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-15 | ഹസ്സൻ-34063/- |
| 5 | പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-8 | ഹസ്സൻ- 28820/- |
| 6 | പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-5 | ബാബു - 27828/- |
| | പെരുമ്പടന്ന ഫിഷ് മാർക്കറ്റ് സ്റ്റാൾ-3 | ആന്റണി ജോൺ - 27828/- |
| | പറവൂർ മാർക്കറ്റ് സ്റ്റാൾ-7 | ആന്റണി എസ് ആർ - 162807/- |

മേൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും നാളിതുവരെ കുടിശ്ശിക ഈടാക്കിയിട്ടില്ല.റവന്യൂ റിക്കവറി സ്വീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കൂടാതെ ലേലം കൊണ്ടിട്ടുള്ള ഇനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും അതിലെ ജീവനക്കാരുടെയും തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയ വിവരവും ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (54/5.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-24 സഞ്ചരിക്കുന്ന ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകക്കുള്ള മരുന്നു ലഭ്യമായിട്ടില്ല**

| | |
|---|---|
| ഫയൽ നമ്പർ | PH1-10144/21 |
| പ്രൊജക്റ്റ് നം | 20/22-23 |
| പ്രൊജക്റ്റിന്റെ പേര് | സഞ്ചരിക്കുന്ന ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| പ്രൊജക്റ്റ്അടങ്കൽ | ₹500000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹499998/- |
| ബിൽ നം./ തീയതി,തുക,സ്ഥാപനം | 1)165/19.10.22-₹75000/-<br>PFMS Paymentadvice No: C102230780779/20.10.22<br>(നീതി മെഡിക്കൽ വെയർ ഹൗസ്,എറണാകുളം)<br>2)221/13.12.22-₹11066/-<br>PFMS Paymentadvice No:c122237096889/27.12.22<br>(നീതി മെഡിക്കൽ വെയർ ഹൗസ്,എറണാകുളം)<br>3)518/25.3.23-₹413932/-<br>PFMS Paymentadvice No;co62306324173/8.6.23<br>(കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം) |

ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റിൽ മേൽ പട്ടികയിലെ ബിൽ ക്രമ നം 1,2 എന്നിവ പ്രകാരം ₹86006/-യുടെ മരുന്നുകൾ ബിൽ ഇൻവോയ്സ് നമ്പർ2223106103400/30.7.22 ( പ്രൊഫോർമ ഇൻവോയ്സ് നം പിആർഎഫ് 115/20.7.22), ബിൽ ഇൻവോയ്സ് നമ്പർ2223106105807/12.11.22(Supply Order No:116/10.11.22) എന്നിവ പ്രകാരം ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ട്. കൂടാതെ പ്രൊഫോർമ ഇൻവോയ്സ് നം പിആർഎഫ് 5626/22.3.23 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (മേൽ പട്ടിക ബിൽ ക്രമനം 3 പ്രകാരം )ആകെ ₹413932 കൈമാറിയിട്ടുണ്ട് . എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ KMSCL ൽ നിന്ന് വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിക്കേണ്ട നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.NOC ലഭ്യമാക്കി മാത്രമെ പ്രസ്തുത മരുന്നുകൾക്ക് ഓർഡർ നൽകാവൂ.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23ൽ ചെലവ് കാണിച്ചിട്ടുള്ള 413932 രൂപയുടെ മരുന്നുകളിൽ ₹187612 യുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ട്.ബാക്കി ₹226320 യുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നതു വരെ ₹226320 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 1/23.1.24 ന് മറുപടി ലഭ്യമായില്ല. KMSCL ൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**1-25 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകത**

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പേരിൽ സ്പിൽ ഓവർ ആയും പുതിയതായും രണ്ടു പ്രൊജക്റ്റുകൾ താഴെ കൊടുത്തിരിക്കുന്ന പട്ടികകൾ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടിക 1

| | |
|---|---|
| പ്രോജക്ട് നം | 33/23(സ്പിൽ ഓവർ) |
| പേര് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹1642100/-<br>(വികസന ഫണ്ട്) |
| ചെലവ് തുക<br>(എസിആർ പ്രകാരമുള്ള ബിൽനം,തീയതി) | ₹1642100/-<br>1)₹1625600/- (1/20.4.22)<br>(BRN No22110347018200035298/20.4.22)<br>2)₹16500/- (30/13.6.22)<br>(BRN No22110347018200195498/13.6.22) |

പട്ടിക 2

| | |
|---|---|
| പ്രോജക്ട് നം | 234/23 |
| പേര് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹1700000/-<br>( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് അൺടൈഡ്) |
| ചെലവ് തുക<br>(ബിൽനം,തീയതി) | ₹1573100/-<br>1)₹1184200/- (341/10.2.23)<br>(PFMS/Payment Advice No/C032334087927 Dt 18.3.23)<br>2)₹147300/- (393/13.3.23)<br>(PFMS/Payment Advice No/C032345554916dt 23.3.23)<br>3)₹ 173100/- (457/18.3.23)<br>(PFMS/Payment Advice No/C032345555378 Dt 23.3.23)<br>4)₹68500/- (512/24.3.23)<br>പിഎഫ് എം എസ് ട്രാൻസാക്ഷൻ വിവരം ലഭ്യമല്ല |

അപാകങ്ങൾ

1) മേൽ സൂചിപ്പിച്ച രണ്ടു പട്ടികകളിലെ പട്ടിക രണ്ടിലെ ബിൽ ക്രമ നം1,2,3 എന്നിവ പ്രകാരം ഗുണഭോക്താക്കൾക്ക് തുക അക്കൗണ്ടിൽ ലഭ്യമായോ എന്ന പരിശോധിക്കുന്നതിന് യുടിആർ നം/ ഡെലിവേഡ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല

2)പട്ടിക രണ്ടിലെ ബിൽ ക്രമ നം 4 പ്രകാരം ₹68500/- സുലേഖ ,എസി ആർ പ്രകാരം ചെലവ് കാണിച്ചിട്ടുണ്ടെങ്കിലും തൻവർഷം പി എഫ് എം എസ് അക്കൗണ്ടിൽ നിന്നും ടി.തുക ചെലവായിട്ടില്ല.എന്നാൽ പിഎഫ് എം എസ് Payment Advice No C032388960902 തീ 30.3.23 പ്രകാരമുള്ള ₹28500/-യുടെ ചെലവ് ട്രാൻസാക്ഷൻ നടന്നിട്ടുണ്ട്.ആയതിൽ മുഹമ്മദ് ബഷീർ എന്ന ഗുണഭോക്താവിനു മാത്രമെ തുക കൈമാറിയിട്ടുള്ളൂ. മറ്റു രണ്ടു ഗുണഭോക്താക്കളുടെ (രമ്യ ചന്ദ്രൻ,മരിയ റോസ് )അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ പി എഫ് എം എസ് ട്രാൻസാക്ഷൻ വിവരം , ക്രെഡിറ്റ് ആയതിന്റെ യുടിആർ നം /ഡെലിവേഡ് സ്റ്റേറ്റ്മെന്റ് സഹിതം പരിശോധനക്ക ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നൽകിയതിനു ആയതു ലഭ്യമാക്കാമെന്നു അറിയിച്ചു

3.മേൽ സൂചിപ്പിച്ച രണ്ടു പ്രൊജക്ടുകളിലും മെന്റലി റിട്ടാർഡേഷൻ (MR) Temporary ആയോ ഡിസേബിലിറ്റി Condition Mildആയോ Likely To Improve ആയോ 40% ആയോ ഡിസേബിലിറ്റി സർട്ടിഫിക്കറ്റ് ൽ രേഖപ്പെടുത്തിയ കുട്ടികളുടെ കാര്യത്തിൽ ഡിസേബിലിറ്റി സർട്ടിഫിക്കറ്റിൽ ഒരു നിശ്ചിത കാലയളവ് കഴിഞ്ഞ് Reassessment Recommend ചെയ്തിട്ടും സർട്ടിഫിക്കറ്റ് പുതുക്കി ലഭ്യമാക്കിയതായി കാണുന്നില്ല

ഉദാ:-

പട്ടിക 3

| ക്രമ നം | പേര് | ഡിസേബിലിറ്റി,ലഭ്യമാക്കിയ സർട്ടിഫിക്കറ്റ്തീയതി | പുതുക്കേണ്ട തീയതി | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | Mohamed AliThalib M A | MR Temporary 40%,8.2.2018 | 8.2.2021 | GHSS N.Paravur |
| 2. | Sriraj K R | MR-ADHD 45% Mild ,24.6.15 | 24.6.18 | TD HS Mattancheri |
| 3. | Habil Shin | Autism Spectrum Disorder,50%,7.12.2017 | 7.12.2020 | Government Boys HSS,N.Paravur |
| 4. | Aisha Sadath | Autism Temporary,50%,17.8.2017 | 17.8.2020 | Government G HSS,N.Paravur |
| 5 | Yadhu Krishnan CB | MR,Temporary,18.8.2015 | 18.8.2018 | Kuriakose Chavara Memorial Private ITI (Electronics) |

രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.₹68500-₹28500=₹40000യുടെ ചെലവുരേഖകൾ ലഭ്യമാക്കുന്നതു വരെ ₹40000/-

യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 29/1.2.24 ന് നല്കിയ മറുപടിയിൽ അപാകത പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നറിയിച്ചിട്ടുണ്ട്.

**1-26 വയോജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി-മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കി**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ്നമ്പർ, പേര് | 271/23 നൈപുണ്യനഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത |
| അടങ്കൽ | ₹40000/- (തനതുഫണ്ട്) |
| ചെലവ് | ₹30688/ – |
| ബിൽ നം, തീയതി | ബിൽ വിവരമില്ല.ആയതു ലഭ്യമാക്കേണ്ടതാണ് |

എറണാകുളം ജില്ലയിലെ 13 മുനിസിപ്പാലിറ്റികളിലെയും 50 വീതം വയോജനങ്ങൾക്ക് , ഐ എച്ച് ആർ ഡി യുടെയും കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസിന്റെയും ആഭിമുഖ്യത്തിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങളിൽ പരിജ്ഞാനം നല്കുന്നതിനാണ് പ്രൊജക്റ്റ് ലക്ഷ്യമിട്ടത്.ജില്ല പ്ലാനിംഗ് ഓഫീസ് എറണാകുളത്തിന്റെ 103578/22/ഡിപിഒ/ഇ.കെ.എം/12 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി പ്രൊജക്റ്റ് നിർവ്വഹണം നടത്തേണ്ടതും മിനിമം 30 പേരെയെങ്കിലും പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതും പങ്കെടുക്കുന്ന ഓരോ ഗുണഭോക്താവിനും ₹800/- വീതം മുനിസിപ്പാലിറ്റി ഐ എച്ച് ആർ ഡി ക്ക് നൽകേണ്ടതുമാണ്.പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മേൽ ഉത്തരവിലെ ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം, നോർത്ത് പറവൂർ നഗരസഭയുടെ പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ സാക്ഷരത ലഭിക്കുന്നതിന് പരിശീലന പരിപാടി സെക്രട്ടറി നിർവ്വഹിക്കേണ്ടതായിരുന്നു. പകരം ഐ.സി.ഡി.സ് സൂപ്പർവൈസറാണ് നിർവ്വഹിച്ചിരിക്കുന്നത്.സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തനതുഫണ്ടിൽ നിന്നും ചെലവുണ്ട്.എന്നാൽ പ്രൊജക്റ്റ് തുക സെക്രട്ടറി തനതുഫണ്ടിൽ നിന്നും കൈമാറിയ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2)ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകരിച്ച കമ്മിറ്റി മിനിറ്റ്സ് വിവരം ലഭ്യമല്ല.ഗുണഭോക്താക്കളെ വാർഡ് തലത്തിൽ തെരഞ്ഞെടുത്ത് ലിസ്റ്റ് കമ്മറ്റിയിൽ അംഗീകരിക്കാതെയാണ് ഐ എച്ച് ആർ ഡിയിലേക്ക് നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

3)13.2.2023 മുതൽ 24.2.2023 വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ മുനിസിപ്പാലിറ്റിയിൽ വെച്ച് നടത്തിയതായി സൂചിപ്പിക്കുന്ന 24.2.23ലെ IHRD(Institute Of Human Resources Development)യുടെ A1/275 /2022/RC എന്ന കത്തു മാത്രമെ പരിശീലനം നടന്നതിന്റെ ആധികാരിക രേഖയായി സൂക്ഷിച്ചിട്ടുള്ളൂ.പരിശീലനം നടന്ന സ്ഥലം, പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാരുടെ വിവരം, പരിപാടിയുടെ ഫോട്ടോഗ്രാഫ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. 22 വ്യക്തികൾ ഒപ്പിട്ട അറ്റൻഡൻസ് ഷീറ്റിന്റെ ഫോട്ടോസ്റ്റാറ്റ് മാത്രമേ ഫയലിലുള്ളൂ (അറ്റൻൻസിൽ എല്ലാ ദിവസവും പരിശീലനാർത്ഥികൾ ഒപ്പിട്ടിട്ടുമില്ല).എന്നാൽ ,13.2.23,24.2.23എന്നീ തിയതികളിലെ പരിപാടിയുടെ ഫോട്ടോസ് മാത്രം പരിശീലകർ ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് ₹800/- നിരക്കിൽ കുറഞ്ഞത് 30 വ്യക്തികൾക്കുള്ള തുക ഐ.എച്ച്.ആർ.ഡി.ക്ക് കൈമാറണമെന്നുള്ള ജില്ല ആസൂത്രണ സമിതി ചെയർമാൻ & ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദേശം മുനിസിപ്പാലിറ്റി പാലിക്കുകയും 30 വ്യക്തികളുടെ ഫീസ് ₹24,000/- ഐ.എച്ച്.ആർ.ഡി.ക്ക് സ്ഥാപനത്തിന്റെ ഇൻവോയ്സ് പകർപ്പ് പ്രകാരം(നം 15/DLP/2022 തീ 24.2.23) തനതു ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു.എന്നാൽ വെബ് സാംഖ്യ ബിൽ/ടി തുക ട്രാൻസ്ഫർചെയ്തതിന്റെ യുടിആർ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല.

4)ഗുണഭോക്താക്കൾക്കുള്ള റിഫ്രഷ്മെന്റ് ,ബാനർ നോട്ടീസ് എന്നിവയുടെ ചെലവുകൾ നഗരസഭ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്റ്റിൽ വഹിക്കുവാൻ മേൽ ആസൂത്രണ സമിതിയുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടില്ല.എന്നാൽ റിഫ്രഷ്മെന്റിനത്തിൽ ₹6688/- പ്രൊജക്റ്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.ടി തുക ട്രാൻസ്ഫർചെയ്തതിന്റെ യുടിആർ സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടില്ല.

5)പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ.തീയതി 28.5.22, ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് മാത്രമായി പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗരേഖയ്ക്ക് വിരുദ്ധമായി, ഫണ്ട് ചെലവഴിച്ച് പ്രൊജക്റ്റ് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല.(ഓഡിറ്റ് അന്വേഷണം 35/2.2.23)ന് ലഭ്യമാക്കിയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറുപടി തൃപ്തികരമല്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത ടി പ്രൊജക്റ്റിന്റെ ₹30688/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

**1-27 മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനം-ഫണ്ടുകളുടെ വിനിയോഗം ഉറപ്പു വരുത്തുന്നില്ല**

| | |
|---|---|
| പ്രോജക്റ്റ് നം/പേര് | 269/23 മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനം |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് - ₹2.9 ലക്ഷം |
| ബിൽ നം/തിയതി /ചെലവ് | PFMS Payment Advice No. CO32392426650 / 30.03.2023 – ₹2.9 ലക്ഷം രൂപ(എസി ആർ ബിൽനം 506/24.3.23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

സർക്കാർ ഉത്തരവ്(സാധാ) നം 1346/22 തീ 31.5.22 പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാല പൂർവ്വ

ശുചീകരണത്തിനായി വാർഡ് ഒന്നിന് നഗരസഭകൾക്ക് ചെലവഴിക്കാവുന്ന തുക ₹30,000 ആണ് ( ശുചിത്വമിഷൻ വിഹിതം -₹10,000/- + എൻ.എച്ച്.എം വിഹിതം - ₹10,000/- + തനത് ഫണ്ട് വിഹിതം - ₹10000/- = ₹30000/-) . മേൽ പ്രോജക്റ്റ് പ്രകാരം 29 വാർഡുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആയി ലഭിച്ച ₹2.9 ലക്ഷം PFMS മുഖേന ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ (A/c No.11250100354032) നിന്നും തനത് ഫണ്ടിലേക്ക് (SBI A/c No.57068825921) 30.03.2023 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി.തുക SBI അക്കൗണ്ടിൽ വരവ് വന്നതും ആയതിൽ നിന്നുള്ള ചെലവ് പോയതും പരിശോധിക്കാൻ SBI പാസ്സ് ബുക്ക് ലഭ്യമാക്കിയതിൽ 25.3.23ലും 30.3.23ലും ₹2.9 ലക്ഷം വരവ് വന്നിട്ടുണ്ട്.എന്നാൽ അതിൽ നിന്നുള്ള ചെലവ് പരിശോധിക്കുന്നതിനായി പിന്നീട്ടുള്ള കാലയളവിലെ പാസ്സ്ബുക്ക് ലഭ്യമായില്ല. 25.3.23 ലെ വരവ് ഏതാണെന്നും ശുചിത്വ മിഷൻ ഫണ്ടാണെങ്കിൽ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.എന്നാൽ 29 വാർഡ് സമിതികളുടെ പാസ്സ് ബുക്കുകൾ(HDFC ബാങ്കുകളിലെ WHSC A/cs) പ്രകാരം 19.5.23ൽ ₹10000/- വീതം (₹10000/-*29) ആകെ ₹290000/- ക്രെഡിറ്റ് ചെയ്തിട്ടുണ്ട് .ടി തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആണെങ്കിൽ 29 വാർഡ് സമിതികളുടെ പാസ്സ് ബുക്കുകൾ പ്രകാരം ശുചിത്വ മിഷൻ ഫണ്ട് വരവ് വന്നതായി കാണുന്നില്ല. വാർഡുകളിൽ സാനിറ്റേഷൻ സമിതികൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

നഗരസഭയുടെ 29 വാർഡുകളിലും ഫണ്ട് വിനിയോഗ വിവരങ്ങൾ പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ വാർഡ് വൈസ് സാനിറ്റേഷൻ സമിതികളുടെ കാഷ് ബുക്ക്,പാസ്സ് ബുക്ക്,വൗച്ചർ, മിനിറ്റ്സ് എന്നിവ പരിശോധിച്ചതു പ്രകാരമുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു

അപാകങ്ങൾ

1)തൻവർഷം ലഭ്യമാകേണ്ട ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം വാർഡ് ഒന്നിന് ₹10000/-, വാർഡ് സാനിറ്റേഷൻ സമിതികളുടെ പാസ്സ്ബുക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ആണ്(19.5.23ൽ ആണ്) ക്രെഡിറ്റ് ആയിട്ടുള്ളത്.(29 വാർഡ്x ₹10000/-).ചില വാർഡ് സാനിറ്റേഷൻ സമിതികൾ ടി തുക പിന്നീട് പിൻവലിച്ചിട്ടുണ്ടെങ്കിലും കാഷ് ബുക്കിൽ വരവ് ചെലവുകൾ രേഖപ്പെടുത്തുകയോ ബന്ധപ്പെട്ട ചെലവ് രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.ചെലവ് രേഖകൾ, കാലികമാക്കി സാക്ഷ്യപ്പെടുത്തിയ കാഷ് ബുക്കുകൾ ,പാസ്സ്ബുക്കുകൾ എന്നിവ സഹിതം ലഭ്യമാക്കേണ്ടതാണ്.

2)ലഭ്യമാക്കിയ വാർഡ് 2,18,19 സമിതികളുടെ കാഷ്ബുക്ക്, മിനിറ്റ്സ് എന്നിവ കാലികമാക്കിയിട്ടുണ്ട്. വാർഡ് 26 ന്റെ മിനിറ്റ്സ് കാലികമാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.മറ്റു വാർഡു സാനിറ്റേഷൻ സമിതികളുടെ മിനിറ്റ്സ് ലഭ്യമാക്കേണ്ടതാണ്.

3)വാർഡുസമിതികളുടെ ഒട്ടുമിക്ക കാഷ് ബുക്കുകളിലും മുന്നിരിപ്പ് നീക്കിയിരിപ്പ് രേഖപ്പെടുത്തലുകളില്ല.

ചില കാഷ് ബുക്കുകളിൽ നാളിതു വരെയുള്ള ട്രാൻസാക്ഷനുകൾ രേഖപ്പെടുത്തുന്നില്ല.കാഷ് ബുക്കുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

4) 17,29 എന്നീ വാർഡുകളിൽ സാനിറ്റേഷൻ സമിതികൾ കാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും,പാസ്സ് ബുക്കുകൾ ലഭ്യമാക്കിയിട്ടില്ല.

5)പ്രവൃത്തികൾക്ക് മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.വാർഡുകളിലെ ഉത്തരവാദപ്പെട്ടവരുടെ റിപ്പോർട്ടുകളോ സാക്ഷ്യപ്പെടുത്തലുകളോ ഇല്ല.

ചെലവുകൾക്ക് നൽകിയ തുകയുടെ കൈപ്പറ്റ് രസീതിയാണ് ചെലവ് രേഖയായി സൂക്ഷിച്ചിട്ടുള്ളത്.ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിന്റെ വിവരങ്ങൾ ഇല്ല.പ്രവത്തികൾ സംബന്ധിച്ച് മസ്റ്ററിംഗ് നടത്തുന്നില്ല. തൻവർഷ പ്രവൃത്തികൾ നടത്തുന്നതിനായി യോഗം കൂടിയോ എന്നതിൽ വ്യക്തയില്ല. പ്രസ്തുത പ്രവർത്തികൾ സംബന്ധിച്ച് വാർഡ് സാനിറ്റേഷൻ സമിതികളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്.

6)ഫണ്ടുകളുടെ വിനിയോഗത്തിൽ വ്യക്തതയില്ല.

2021-22ലെ പ്രൊജക്റ്റ് പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡ് ഒന്നിന് നഗരസഭകൾക്ക് ചെലവഴിക്കാവുന്ന തുക ₹25,000/- ആണ് ( ശുചിത്വമിഷൻ വിഹിതം -₹10,000 + എൻ.എച്ച്.എം വിഹിതം - ₹10,000 + തനത് ഫണ്ട് വിഹിതം - ₹5000/- = ₹25000/-) .

തൻവർഷം 29 വാർഡ് സാനിറ്റേഷൻ സമിതികളുടെ പാസ്സ്ബുക്കുകൾ പ്രകാരം ലഭ്യമായ വരവുകൾ ₹290000/-(₹3000/- *29 +₹7000/-*29 ),₹145000/-(₹5000/- *29)എന്നിങ്ങനെയാണ്.ഇതിൽ ₹3000/- ഉം ₹7000/-ഉം ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ നിന്നും വന്ന 2022-23ലെ NRHMഫണ്ട് വിഹിതം ആണ്. ₹5000/- യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിന്നും നിന്നും ക്രെഡിറ്റ് ആയതാണ്. ഏതു വർഷത്തെ തനതു ഫണ്ടാണ് ക്രെഡിറ്റ് ചെയ്തതെന്ന് നിന്നാണെന്ന വ്യക്തമല്ല

വാർഡു സമിതികളുടെ കാഷ് ബുക്ക് ,പാസ്സ്ബുക്ക് ,വൗച്ചർ എന്നിവയുടെ പരിശോധനയിൽ മുൻവർഷത്തെ പ്രവൃത്തികൾക്കായി 2021-22ൽ വകയിരുത്തിയ ₹25000 യുടെ വാർഡ് വിഹിതത്തിൽ 2021-22 ൽ വന്നിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതും ₹15000/- ആണ്.ഏതെല്ലാം ഫണ്ടുകളുടെ വിഹിതമാണ് വരവ് വന്നതെന്നും ചെലവാക്കിയതെന്നും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.തൻവർഷം(2022-23) വന്ന ₹15000/-യുടെ വിവിധ ഫണ്ടുകളുടെ വിഹിതം (₹3000+₹5000+₹7000) തൻവർഷത്തെയും 2023-24ലെയും പ്രവൃത്തികൾക്കായാണ് ചെലവഴിച്ചിട്ടുള്ളതെന്നു വൗച്ചർ പ്രകാരം വ്യക്തമാണ്.എന്നാൽ ഫണ്ടുകൾ ട്രാൻസഫർ ചെയ്യുന്നതിന്റെ നടപടി ക്രമം കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും ഏതെല്ലാം ഫണ്ടുകൾ ആണ് ക്രെഡിറ്റ് ആയതെന്നും ആയതിൽ ഫണ്ട് ഇനം തിരിച്ച് എത്ര രൂപ ചെലവാക്കി എന്നും സമിതികളുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.മാത്രമല്ല,എല്ലാ വാർഡ് സാനിറ്റേഷൻ സമിതികളും പാസ്സ്ബുക്ക് പ്രകാരം തൻവർഷം ലഭ്യമാക്കിയ തുക ചെലവഴിച്ചിട്ടില്ല.മുൻവർഷം വന്ന വരവുകളിൽ നിന്നും ചെലവുള്ളതിനാലും തൻവർഷം ഏതെല്ലാം ഫണ്ടുകൾ ആണ് വന്നത് എന്നത് വാർഡ് സമിതികൾ മിനിറ്റ്സിലും കാഷ്ബുക്കിലും രേഖപ്പെടുത്താത്തതിനാലും ഫണ്ടുകളുടെ വിനിയോഗ വിവരത്തിന് വ്യക്തതയില്ല.

7)താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സമിതികളുടെ HDFCബാങ്ക്WHSC അക്കൗണ്ടുകളിലേക്ക് 6/22ൽ ക്രെഡിറ്റ് ആയ ₹3000/- ഉം 3/23 ൽ ക്രെഡിറ്റ് ആയ ₹7000/-ഉം 2023 ലെ നിന്നുള്ള NHRM വിഹിതം ആണെങ്കിലും ആയതു അപ്രകാരം രേഖപ്പെടുത്താത്തിനാലും 11/22ൽ ക്രെഡിറ്റ് ആയ ₹5000/- ഏതു ഫണ്ടാണെന്ന വ്യക്തതയില്ലാത്തതിനാലും തന്നെ ഓരോ വാർഡിലേക്കും ഫണ്ടുകളുടെ വാർഡ്

വിഹിതത്തിൽ എത്ര ലഭിച്ചുവെന്നോ അതിൽ എത്ര ചെലവാക്കിയോ എന്നതു കണക്കാക്കിയിട്ടില്ല

ലഭ്യമായ വരവ് ചെലവ് വിവരങ്ങൾ വിശദമായി താഴെ ചേർക്കുന്നു.

| വാർഡ് നം | മുന്നിരിപ്പ് (1.4.22) | വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) (31.3.23) | വാർഡ് സമിതിയുടെ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ലകാഷ്ബുക്കിൽ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല | 3000(18.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | ചെലവില്ല | കാഷ്ബുക്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 18369/- | ശ്യാം ലാൽ JHI പറവൂർ നഗരസഭ | പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.സാക്ഷ്യപ്പെടുത്തിയ മിനിറ്റ്സ് ലഭ്യമാക്കേണ്ടതാണ് |
| 2 | കാഷ്ബുക്ക്,പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് 17.30 | 3000(18.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(14.7.22)+ 5000(21.1.23 +7000 (28.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | കാഷ്ബുക്ക് ,പാസ്സ്ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 60.30/- | ധന്യ JHIപറവൂർ നഗരസഭ | ₹15000 യുടെ ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 3 | പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ല കാഷ്ബുക്കിൽ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല | 3000(18.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(13.7.22)+ 5000(19.11.22) +7000 (23.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം 34.30രൂപ | രാജി ജെ JPHN താലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 4 | കാഷ് ബുക്ക് പ്രകാരം 104 രൂപ.പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ല | 3000(18.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | ആകെ 15000 രൂപ (27.3.23 എംഡി ജോർജ്ജ് ന് നൽകി)(കാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പ്രകാരം) | കാഷ് ബുക്ക്,പാസ്സ്ബുക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പ് 245.30 | ശ്യാം ലാൽ JHI പറവൂർ നഗരസഭ | ചെലവ് സംബന്ധിച്ച് ₹9187യുടെ ബിൽ മാത്രം കാഷ്ബുക്കിൽ സൂക്ഷിച്ചിട്ടുണ്ട്.മറ്റ ചെലവ്വൗച്ചറുകൾ ഇല്ല |
| 5 | പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ല കാഷ്ബുക്കിൽ മുന്നിരിപ്പ് 15378.30 | 3000(18.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | കാഷ് ബുക്കിൽ 28.3.23ൽ 23000രൂപ പിൻവലിച്ച് എം ജെ രാജു വിന് നൽകിയതായി കാണിച്ചിട്ടുണ്ടെങ്കിലും പാസ്സ് ബുക്ക് പ്രകാരം ടി.ചെലവ് നടന്നിട്ടുള്ളത് 6.6.23ൽ ആണ്. | കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 7798.30.പാസ്സ് ബുക്ക് പ്രാരമുള്ള നീക്കിയിരിപ്പ് 30987 /- | അനൂപ് കുമാർഎ എം JHI പറവൂർ നഗരസഭ | ചെലവ് വിവരം ഇനം തിരിച്ച് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 30.3.23ലെ₹20000യുടെ ചെലവ് വൗച്ചറുകളിൽ കൈപ്പറ്റ് രസീതായി കാണിച്ചിട്ടുള്ള തുകകൾക്ക് പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.വൗച്ചറുകൾ കൗൺസിലർ,JHI എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡ് സമിതിയുടെ സാക്ഷ്യപ്പെടുത്തിയ മിനിറ്റ്സ് ലഭ്യമാക്കേണ്ടതാണ് |
| 6 | പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് | 3000(18.6.22+ 5000(10.11.22)+ | പാസ്സ് ബുക്ക്,കാഷ് എന്നിവ പ്രകാരം | കാഷ് ബുക്ക് പാസ്സ്ബുക്ക് | അനൂപ് കുമാർഎ എം | ചെലവ് വിവരം ഇനം തിരിച്ച് |

| | | | | | | |
|---|---|---|---|---|---|---|
| | ലഭ്യമല്ല. കാഷ്ബുക്കിൽ മുന്നിരിപ്പ് 15378.30 | 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 30.3.23ൽ 30000രൂപ പിൻവലിച്ച് രഞ്ജിത്ത് എംന് നൽകിയതായി കാണിച്ചിട്ടുണ്ട് | എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 798.30 | JHI പറവൂർ നഗരസഭ | കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 30.3.23ലെ₹20000രൂപയുടെ ചെലവ് വൗച്ചറുകളിൽ കൈപ്പറ്റ് രസീതായി കാണിച്ചിട്ടുള്ള തുകകൾക്ക് പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്നതിൽ വ്യകതതയില്ല.വൗച്ചറുകൾ കൗൺസിലർ,JHI എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡ് സമിതിയുടെ സാക്ഷ്യപ്പെടുത്തിയ മിനിറ്റ്സ് ലഭ്യമാക്കേണ്ടതാണ് ബാക്കി ₹10000യുടെ ചെലവ് രേഖകൾ ലഭ്യമല്ല |
| 7 | കാഷ് ബുക്ക്,പാസ്സ്ബുക്ക് എന്നിവ പ്രകാരം മുന്നിരിപ്പ് 102.30 | 3000(18.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(14.7.22)+ 12000(21.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 210.30.രൂപ നീക്കിയിരിപ്പ് | രാഖി ജി ആർ JPHN താലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 8 | കാഷ് ബുക്ക്,പാസ്സ്ബുക്ക് എന്നിവ പ്രകാരം മുന്നിരിപ്പ് 33.30 | 3000(20.6.22+ 5000(10.11.22) + 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(8.7.22)+ 5000(16.2.23 +7000(23.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 61.30.രൂപ നീക്കിയിരിപ്പ് (കാഷ്ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം) | അമ്പിളി JPHN താലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 9 | കാഷ് ബുക്ക്,പാസ്സ്ബുക്ക് എന്നിവ പ്രകാരം മുന്നിരിപ്പ് 29.30 | 3000(2 0.6.22+ 5000(10.11.22) + 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(8.7.22)+ 5000(16.2.23 +7000(23.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 56.30.രൂപ നീക്കിയിരിപ്പ് (കാഷ്ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം) | അമ്പിളി JPHN താലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 10 | പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ല കാഷ്ബുക്കിൽ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല | 3000(2 0.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(29.6.22)+ 5000(15.11.22 +7000(13.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 6.രൂപ നീക്കിയിരിപ്പ് (പാസ്സ്ബുക്ക് പ്രകാരം) കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | സജിത JPHN പറവൂർ നഗരസഭ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 11 | പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് 5148.കാഷ്ബുക്കിൽ മുന്നിരിപ്പ് | 3000(2 0.6.22+ 5000(10.11.22) + 7000(9.3.23) | 3000(25.7.22)+ 5000(15.12.22 +12000(13.3.23) ആകെ 20000 രൂപ | 322.30രൂപ നീക്കിയിരിപ്പ് (പാസ്സ്ബുക്ക് പ്രകാരം) | സജിത JPHNപറവൂർ നഗരസഭ | 13.3.23ൽ ₹12000 പിൻവലിച്ചിട്ടുണ്ട് എന്നാൽ കാഷ്ബുക്കിൽ 24.4.23 മുതൽ 30.4.23 വരെയുള്ള 7 |

| | | | | | | |
|---|---|---|---|---|---|---|
| | രേഖപ്പെടുത്തുന്നില്ല | .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | | ദിവസത്തെ കൂലി ₹3500 30.4.23ൽ കൈപ്പറ്റിയതായി കാണിച്ചിട്ടുണ്ട്.ആയതു 23-24 ലെ പ്രവൃത്തിയാണ് . അംഗൻവായി തോട് വൃത്തിയാക്കിടത്ത് കൊതുക നിവാരണ സ്പ്രേ ചെയ്തതിന് നടത്തിയതിന് 20.3.23-25.3.23, 27.3.23-28.3.23 എന്നീ തീയതികളിൽ3 പേർ പ്രവൃത്തി എടുത്തതിന് ₹8500 ചെലവായിട്ടുണ്ട്. 20.3.23 മുതൽ 24.3.23 വരെയായി രണ്ടു പേർ ചെയ്ത പ്രവൃത്തിയുടെ ₹5000യുടെ വൗച്ചർ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി ചെയ്തതിന്റെ മസ്റ്ററിംഗ് വിവരം ലഭ്യമല്ല |
| 12 | പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് വിവരം ലഭ്യമല്ല.കാഷ്ബുക്കിൽ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല | 3000(2 0.6.22+ 5000(10.11.22 )+7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ് ബുക്ക് എന്നിവ പ്രകാരം) | 3000(22)+17.11.22) 5000(17.11.22 +5000(4.1.23 +7000(14.3.23) ആകെ 20000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 332.30രൂപ നീക്കിയിരിപ്പ് (പാസ്സ്ബുക്ക് പ്രകാരം) കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | സജിത JPHN പറവൂർ നഗരസഭ | കാഷ്ബുക്കിൽ 10.4.23 മുതൽ 14.4.23 വരെയും 17.4.23 മുതൽ 20.4.23 വരെയുമുള്ള കൂലി ₹7000 20.4.23ൽ കൈപ്പറ്റിയതായി കാണിച്ചിട്ടുണ്ട്. ആയതു 23-24 ലെ പ്രവൃത്തിയാണ് . |
| 13 | പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് വിവരം ലഭ്യമല്ല .കാഷ്ബുക്കിൽ 20.6.22ലെ മുന്നിരിപ്പ് 173.30 | പാസ്സ്ബുക്കിൽ 22-23 ലെ ട്രാൻസാക്ഷൻ വിവരം ഇല്ല.3000(2 0.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക് എന്നിവ പ്രകാരം) | പാസ്സ്ബുക്കിൽ 22-23 ലെ ട്രാൻസാക്ഷൻ വിവരം ഇല്ല.3000(6.7.22)+ 12000(21.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പ്രകാരം | പാസ്സ്ബുക്കിൽ നീക്കിയിരിപ്പ് ലഭ്യമല്ല. 203.30 കാഷ്ബുക്ക് പ്രകാരം | രാഖി ജി ആർ JPHNതാലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 14 | കാഷ്ബുക്ക്,പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് . 110.30 | 3000(20.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം) | 8000(22.2.23)+ 7000(16.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 183.30കാഷ്ബുക്ക് പ്രകാരം | സുധ JHIതാലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |
| 15 | കാഷ്ബുക്ക്,പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് . 114.30 | 3000(20.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് | 3000(19.7.22)+5000 (21.12.22) 7000(16.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് | 173.30കാഷ്ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം | **സുധ JHIതാലൂക്ക് ഹോസ്പ്പിറ്റൽ** | ചെലവ് വൗച്ചറുകൾ കൈപ്പറ്റ് രസീതിയായാണ് സൂക്ഷിച്ചിട്ടുള്ളത് |

| | | | | | | |
|---|---|---|---|---|---|---|
| | | ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം) | ബുക്ക് എന്നിവ പ്രകാരം | | | |
| 16 | പാസ്സ്ബുക്കിൽ 1.4.22ലെ മുന്നിരിപ്പ് വിവരം ലഭ്യമല്ല. കാഷ്ബുക്കിൽ 20.6.22ലെ മുന്നിരിപ്പ് 37.30 | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക്,പാസ്സ്ബുക്ക് എന്നിവ പ്രകാരം) | കാഷ് ബുക്ക് പ്രകാരം 5.4.23ൽ 19000രൂപ പിൻവലിച്ചു. | കാഷ് ബുക്ക് , പാസ്സ്ബുക്ക് എന്നിവ പ്രകാരം 64.30രൂപ നീക്കിയിരിപ്പ് | രാഖി ജി ആർ JPHNതാലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 17 | പാസ്സ്ബുക്ക് ലഭ്യമല്ല. കാഷ് ബുക്കിൽ മുന്നിരിപ്പില്ല | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ(കാഷ് ബുക്ക് പ്രകാരം) | കാഷ് ബുക്ക് പ്രകാരം 5.4.23ൽ 19000രൂപ പിൻവലിച്ചു. | കാഷ് ബുക്ക് പ്രകാരം 1430രൂപ നീക്കിയിരിപ്പ് | ശ്യാംലാൽ JHI പറവൂർ നഗരസഭ | ₹6050യുടെ വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത്. വാർഡ് കൗൺസിലറുടെയോ JHI യുടെയോ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.ഈ വൗച്ചറുകൾ പ്രകാരം ₹6050 ചെലവാക്കിയിട്ടുള്ളത് 23-24 ലെ പ്രവൃത്തികൾക്ക് ആണ്.25.8.22 ലെ 3050രൂപയുടെ JCB ടിപ്പ് ഷീറ്റ് ലഭ്യമാക്കിയത് ഏതു പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് എന്നതിൽ വ്യക്തയില്ല .വാർഡ് സമിതിയുടെ സാക്ഷ്യപ്പെടുത്തിയ മിനിറ്റ്സ് ലഭ്യമാക്കേണ്ടതാണ് |
| 18 | ലഭ്യമാക്കിയ കാഷ് ബുക്ക് ,പാസ്സ്ബുക്ക് എന്നിവ പ്രകാരം 1.4.22ലെ മുന്നിരിപ്പ് 48.30 | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ | 3000(3.822)+ 5000(30.12.22 +7000(30.3.23)- ആശ മുരളി ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 92.30രൂപ(കാഷ് ബുക്ക്,പാസ്സ്ബുക്ക് പ്രകാരം). | ധന്യ,JHI പറവൂർ നഗരസഭ | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 19 | ലഭ്യമാക്കിയ കാഷ് ബുക്ക് ,പാസ്സ്ബുക്ക് എന്നിവ പ്രകാരം 1.4.22ലെ മുന്നിരിപ്പ് 11.30 | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ | 3000(2.7.22)+ 5000(17.11.22 +7000(21.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | 14.30രൂപ(കാഷ് ബുക്ക്,പാസ്സ്ബുക്ക് പ്രകാരം). | ധന്യ JHI പറവൂർ നഗരസഭ. | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 20 | ലഭ്യമാക്കിയ പാസ്സ്ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ല .കാഷ് ബുക്കിൽ മുന്നിരിപ്പ് 15.30 | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ | ചെലവില്ല | 15158രൂപ(പാസ്സ്ബുക്ക്, കാഷ് ബുക്ക് പ്രകാരം) | അനൂപ് കുമാർഎ എം JHI പറവൂർ നഗരസഭ | ചെലവ് നടന്നിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.14.6.21ലെ ചെലവ് വൗച്ചർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് |
| 21 | ലഭ്യമാക്കിയ കാഷ് ബുക്ക് പാസ്സ്ബുക്ക് | 3000(21.6.22+ 5000(10.11.22)+ | 3000(4.7.22)+ 5000(16.12.22) | 7018 രൂപ( കാഷ് ബുക്ക്,പാസ്സ് ബുക്ക് | സുധ JHIതാലൂക്ക് | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക |

| | | | | | | |
|---|---|---|---|---|---|---|
| | പ്രകാരം 21.6.22ലെ മുന്നിരിപ്പ് 0 | 7000(9.3.23) .ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം | കാഷ്ബുക്ക്,ലഭ്യമായ പാസ്സ്ബുക്ക് പ്രകാരം ആകെ8000രൂപ | എന്നിവ പ്രകാരം | ഹോസ്പ്പിറ്റൽ | കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 22 | ലഭ്യമാക്കിയ കാഷ് ബുക്ക് പ്രകാരം 31.7.22ലെ മുന്നിരിപ്പ് 5000/- പാസ്സ് ബുക്ക് പ്രകാരം 3039.30 കാഷ്ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം 1.4.22ലെ മുന്നിരിപ്പ് ലഭ്യമല്ല. | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം | 3000(6.9.22)+ 5000(6.12.22 +7000(29.4.23) ആകെ 15000 രൂപ പാസ്സ്ബുക്ക് പ്രകാരം എന്നാൽ ഇതു കൂടാതെ കാഷ് ബുക്ക് പ്രകാരം 31.7.22 ൽ 4935 രൂപ ചെലവ് കാണിച്ചിട്ടുണ്ട് | കാഷ് ബുക്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പ് 29.4.23ൽ81.30 രൂപ | രാജി JPHN താലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത്. കാഷ് ബുക്ക് പ്രകാരമുള്ള ₹4935 യുടെ ചെലവ് രേഖകൾ ലഭ്യമല്ല |
| 23 | ലഭ്യമാക്കിയ പാസ്സ്ബുക്ക് പ്രകാരം മുന്നിരിപ്പ് ലഭ്യമല്ല.കാഷ് ബുക്കിൽ മുന്നിരിപ്പ് ഇല്ല. | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) .ആകെ 15000 രൂപ കാഷ് ബുക്ക് പ്രകാരം | 3000(12.7.22)+ 5000(21.11.22 +7000(27.3.23) ആകെ 15000 രൂപ കാഷ് ബുക്ക് പ്രകാരം | 20രൂപ(പാസ്സ്ബുക്ക് പ്രകാരം).കാഷ് ബുക്കിൽനീക്കിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല | മിനി എ എ(JPHN)പറവൂർ നഗരസഭ | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 24 | ലഭ്യമാക്കിയ പാസ്സ്ബുക്ക് പ്രകാരം മുന്നിരിപ്പ് ലഭ്യമല്ല.കാഷ് ബുക്കിൽ മുന്നിരിപ്പ് ഇല്ല. | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) കാഷ് ബുക്ക് പ്രകാരം ആകെ 15000/- | 3000(13.7.22)+ 5000(30.1.23 +7000(23.3.23)കാഷ് ബുക്ക് പ്രകാരം | 37.30(പാസ്സ്ബുക്ക് പ്രകാരം)കാഷ് ബുക്കിൽനീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല | മിനി എ എ(JIHN) | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 25 | കാഷ് ബുക്കിൽ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല. പാസ്സ്ബുക്ക് പ്രകാരം മുന്നിരിപ്പ് 20.30.രൂപ | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) കാഷ് ബുക്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം ആകെ15000രൂപ | 3000(13.7.22)+ 5000(15.11.22) +7000(22.3.23)കാഷ് ബുക്ക്,പാസ്സ്ബുക്ക് എന്നിവ പ്രകാരം ആകെ15000 രൂപ | കാഷ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പ് 28.30. | രാജി JPHNതാലൂക്ക് ഹോസ്പ്പിറ്റൽ | ചെലവ് സംബന്ധിച്ച് വൗച്ചറുകൾ തുക കൈപ്പറ്റിയതായുള്ള രസീതികൾ ആയാണ് സൂക്ഷിച്ചിട്ടുള്ളത് |
| 26 | മുന്നിരിപ്പുള്ള പാസ്സ്ബുക്ക് പ്രകാരം 11.30 | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) കാഷ്ബുക്ക്, ലഭ്യമായ പാസ്സ് ബുക്ക് എന്നിവ പ്രകാരം ആകെ15000രൂപ | 3000(27.6.22)+ 5000(18.11.220 +7000(16.5.23) കാഷ്ബുക്ക് ,ലഭ്യമായ പാസ്സ്ബുക്ക് പ്രകാരം ആകെ15000രൂപ | 7035(31.3.23). പാസ്സ്ബുക്ക് പ്രകാരം. കാഷ് ബുക്കിൽ നീക്കിയിരിപ്പില്ല | മിനി എ എ(JPHN)പറവൂർ നഗരസഭ | ചെലവ് സംബന്ധിച്ച് ുള്ള വൗച്ചറുകൾ കൈപ്പറ്റ് രസീതുകളായാണ് സൂക്ഷിച്ചിട്ടുള്ളത്. 29.4.23ൽ പിൻവലിച്ച നൽകിയ ₹7000യുടെ പ്രവൃത്തികൾ 23-24 സാമ്പത്തിക വർഷം ആണ് ചെയ്തിട്ടുള്ളത്(4.5.23-8.5.23, 9.523-12.5.23) |
| 27 | പാസ്സ് ബുക്ക് 9.3.23വരെയുള്ളത് ലഭ്യമല്ല. കാഷ് ബുക്ക് പ്രകാരം 1.4.22ലെ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല | 3000(21.6.22+ 5000(10.11.22)+ 7000(9.3.23) കാഷ്ബുക്ക് പ്രകാരം ലഭ്യമായ പാസ്സ് ബുക്ക് പ്രകാരം 7000(9.3.23) ആകെ 15000/- | 3000(20.7.22)+ 5000(12.12.22 +7000(9.3.23) കാഷ്ബുക്ക് പ്രകാരം .ലഭ്യമായ പാസ്സ്ബുക്ക് പ്രകാരം 7000(29.4.23 ജ്യോതി ദിനേശന് നൽകി) | നീക്കിയിരിപ്പ് കാഷ് ബുക്ക് ്പ്രകാരം 66.30,പാസ്സ് ബുക്ക് പ്രകാരം 7080.30. | ജയശ്രീ JHIപറവൂർ നഗരസഭ | ചെലവ് സംബന്ധിച്ച് ുള്ള വൗച്ചറുകൾ കൈപ്പറ്റ് രസീതുകളായാണ് സൂക്ഷിച്ചിട്ടുള്ളത്.29.4.23ൽ പിൻവലിച്ച നൽകിയ ₹7000യുടെ പ്രവൃത്തികൾ 23-24 സാമ്പത്തിക വർഷം ആണ് ചെയ്തിട്ടുള്ളത് (24.4.23-27.4.23, 2.5.23-26.5.23) |

| | | | | | | |
|---|---|---|---|---|---|---|
| 28 | കാഷ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം 1.4.22ലെ മുന്നിരിപ്പ് രേഖപ്പെടുത്തുന്നില്ല | കാഷ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ പ്രകാരം 3000(21.6.22+ 5000(10.11.22) + 7000(9.3.23) ആകെ 15000/- | 5000(18.1.23 +7000 (27.4.23 ) ആകെ 15000 രൂപ കാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം | കാഷ് ബുക്ക് കാലികമാക്കിയിട്ടില്ല. പാസ്സ് ബുക്ക് പ്രകാരം 10139.30 | ജയശ്രീ JHI പറവൂർ നഗരസഭ | ചെലവ് സംബന്ധിച്ച് ുള്ള വൗച്ചറുകൾ കൈപ്പറ്റ് രസീതുകളായാണ് സൂക്ഷിച്ചിട്ടുള്ളത്. 27.4.23ൽ പിൻവലിച്ച നൽകിയ ₹7000യുടെ പ്രവൃത്തികൾ 23-24 സാമ്പത്തിക വർഷം ആണ് ചെയ്തിട്ടുള്ളത് (2.5.23-5.5.23,, 8.5.23-12.5.23) |
| 29 | പാസ്സ് ബുക്ക് ലഭ്യമല്ല. കാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 95.30 | 3000(23.8.22)+ 5000(10.11.22)+ 7000(9.3.23) കാഷ്ബുക്ക് പ്രകാരം 15000 രൂപ | കാഷ് ബുക്ക് പ്രകാരം ചെലവില്ല | കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 15151.30 | ,ജയശ്രീ JHI,പറവൂർ നഗരസഭ | പ്രവൃത്തികൾ തൻവർഷം നടത്തിയിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 22/31.01.2024 ന് മറുപടി ലഭ്യമാക്കിയെങ്കിലും അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതാണ്.പരിഹരിച്ച് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.തൻ വർഷത്തിലെ പ്രൊജക്ടിന്റെ പ്രസ്തുത തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ ₹2,90,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-28 കന്നുകുട്ടി പരിപാലനം - ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | കന്നുകുട്ടി പരിപാലനം SO(156/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | ₹3,75,000/- (സി.എഫ്.സി ഗ്രാന്റ് ) |
| ചെലവ് തുക | ₹ 2,87,500/- |
| ബിൽ നമ്പർ/തീയതി, തുക | 403/13.03.2023, ₹ 2,87,500/- |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിന് ഒരു കന്നുകുട്ടിക്ക് ₹12,500/- നിരക്കിൽ 23 കന്നുകുട്ടിക്കൾക്ക് ₹2,87,500/- Project Officer ICDP, Aluva ക്ക് നൽകി. Individual Feed Distribution Ledger പരിശോധിച്ചതിൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിരിക്കുന്നത് 8/2023 മുതലാണ്. താഴെ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കൾ തുടർച്ചയായി മൂന്ന് മാസം കാലിത്തീറ്റ എടുക്കാതിരുന്നതിൽ കാലിത്തീറ്റ കൊടുക്കുന്നത് ക്യാൻസൽ ആയി പോയി. ടി ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1. രാജി എൻ.ബി, പള്ളിപറമ്പിൽ, പറവൂതറ, ചേന്ദമംഗലം
2. ആദംകുട്ടി, തൈത്തറപറമ്പിൽ, വാണിയകാട്
3. റീന തോമസ്, അറക്കൽ, പറവൂതറ
4. സന്ധ്യ അനിൽ, മണിയാലിൽ, വാണിയകാട്, മന്നം
5. ജലജ, വാധ്യാര്പറമ്പിൽ, കമാരമംഗലം

ആയതിനാൽ Project Officer ICDP, Aluva ക്ക് ₹62,500/- (₹12500 X 5) അധികമായി നൽകിയിട്ടുണ്ട്. ടി തുക തിരികെ അടവാക്കാൻ നിർദ്ദേശം നല്കി വിശദാംശം അറിയിക്കേണ്ടതാണ്.

### 1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നമ്പർ 43/03.02.2024) നല്കിയിരുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവ്തുക(₹) | ബിൽനമ്പർ,തീയതി |
|---|---|---|---|
| 147/23 | ഐ.കെ.എം. ന് പ്രവർത്തനഫണ്ട് നൽകൽ | 96700/-(പൊതുവിഭാഗം ജനറൽ)<br>5050/-(പൊതുവിഭാഗം ജനറൽ) | 117/1-5-9-22<br>405/15-3-23 |
| 6/23 | വയോമിത്രം - തുക നല്കൽ | 100000/-(പൊതുവിഭാഗം ജനറൽ)<br>50000/-(പൊതുവിഭാഗം ജനറൽ) | 146/01-10-22<br>406/15-3-23 |
| 319/23 | ടെക്നോളജിക്കൽ കോൺക്ലേവിന് ശുചിത്വമിഷന് തുക നൽകൽ | 100000/-(ധനകാര്യകമ്മീഷൻ അവാർഡ്) | 420/16-3-23 |

തുടർന്ന് വയോമിത്രം പ്രൊജക്റ്റ് സംബന്ധിച്ച് ₹1000000/- നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത പ്രൊജക്റ്റുകളുടെ ചെലവ് തുകയായ ₹251750 തടസ്സപ്പെടുത്തുന്നു. 6-5-2013 ലെ 1209/2013 /ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികൾക്ക് പത്ത് ലക്ഷം രൂപയാണ് വയോമിത്രം പ്രവർത്തനഫണ്ട് ആയി നിശ്ചയിച്ചിട്ടുള്ളതെങ്കിലും പറവൂർ നഗരസഭ ഓഡിറ്റ് വർഷത്തിൽ ഈ ഇനത്തിൽ ₹1050000/- അനുവദിച്ചിട്ടുള്ളതായി കാണുന്നു.

**1-30 വൃദ്ധസദനം പരിപാലനം - അപാകതകൾ**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 32/23, വൃദ്ധസദനം പരിപാലനചെലവ് |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹82122/- |
| ചെലവ് | ₹93794/-(ധനകാര്യകമ്മീഷൻ വിഹിതം) |
| ബിൽ നമ്പർ | 27/3-6-222 |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 13/23, വൃദ്ധസദനം പരിപാലനചെലവ് |
| നിർവ്വഹണം | പ്രൊജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| അടങ്കൽ | ₹790000/- |
| ചെലവ് | ₹535812/-(പൊതുവിഭാഗം സാധാരണവിഹിതം) |
| ബിൽ നമ്പർ | 100/27-8-22(₹102000/-),110/1-9-22(₹96299/-), 163/18-10-22(₹39000/-), 186/8-11-22(₹92430/-), 220/13-12-22(₹44634/-),240/12-1-23(₹31000/-), 241/12-1-23(₹22488/-),346/14-2-23(₹42329/-), 421/16-3-23(₹47275/-), 528/26-3-23(₹18357/-) |

നഗരസഭയുടെ കീഴിലുള്ള വൃദ്ധസദനത്തിലെ ജീവനക്കാരുടെ വേതനം, ദൈനംദിനചെലവുകൾ എന്നിവ സംബന്ധിച്ച പ്രൊജക്റ്റുകളാണിത്. സാന്ത്വനം ശരണാലയം ചാരിറ്റബിൾ സൊസൈറ്റി നടത്തിവന്നിരുന്ന വൃദ്ധസദനം 1-10-2018 ലെ 10 നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ ഏറ്റെടുക്കുകയായിരുന്നു. തുടർന്ന് 30-11-2018 ലെ 7 നമ്പർ കൗൺസിൽ തീരുമാനപ്രകാരം വൃദ്ധസദനം പരിപാലനത്തിനായുള്ള ബൈലോ അംഗീകരിക്കപ്പെട്ടു. ഓഡിറ്റ് വർഷത്തിൽ ബാധകമായിട്ടുള്ളത് ഈ ബൈലോ ആണ്. ആദ്യഘട്ടങ്ങളിൽ തന്നെ, സാമൂഹ്യനീതിവകുപ്പിന്റെ രജിസ്ട്രേഷൻ നേടിയെടുക്കുന്നതിന് കത്ത് നല്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ നോട്ട് ഫയലിൽ കാണുന്നുണ്ടെങ്കിലും ആയത് നേടിയെടുത്തതായി സൂചനയില്ല. 27-12-2023ൽ ബൈലോ ഭേദഗതി ചെയ്തിട്ടുള്ളതാണ്. രണ്ട് ബൈലോകൾക്കും സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതല്ല. പുതുക്കിയ ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നുണ്ട്.

വൃദ്ധസദനത്തിൽ നിലവിൽ 6 അന്തേവാസികളാണുള്ളത്. ഓഡിറ്റ് വർഷത്തിൽ ബാധകമാക്കാവുന്ന ബൈലോ പ്രകാരം നാല് ജീവനക്കാർ ആണ് ഉണ്ടാകാവുന്നത്( നഴ്സ്, കെയർടേക്കർ, കുക്ക്,സ്വീപ്പർ -ഓരോ തസ്തിക വീതം). നഴ്സ് ഒഴികെ ഉള്ള ജീവനക്കാർ നിലവിൽ സേവനത്തിലുണ്ട്.ചില മാസങ്ങളിൽ നഴ്സ് കൂടാതെ തന്നെ തസ്തികയുടെ എണ്ണം നാല് ആണ് എന്ന് കാണുന്നു. ബൈലോയിൽ ഇല്ലാത്ത ഹെൽപ്പർ എന്ന തസ്തികയിലും ഒരാൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വൃദ്ധസദനം സംബന്ധിച്ച് താഴെ ചേർത്തിട്ടുള്ള വിഷയങ്ങളിന്മേൽ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.(നമ്പർ 11/27-1-24)

മറുപടി ലഭ്യമാക്കിയിരുന്നെങ്കിലും താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1. ജീവനക്കാരുടെ നിയമനം ഏത് വിധേനയാണ് നടത്തിയിട്ടുള്ളത്, ഓഡിറ്റ് വർഷത്തിൽ ഇവർക്ക് വേതനം പ്രതിമാസനിരക്കിൽ നല്കിയിട്ടുള്ളത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കെയർടേക്കർ, ഹെൽപ്പർ, കുക്ക് എന്നിവരുടെ വേതനം ജൂലൈ 2022 വരെ യഥാക്രമം ₹15000/-, ₹7000/-,₹12000/- എന്നിങ്ങനെ ആയിരുന്നത് ₹16000/-, ₹8000/-, ₹15000/-, എന്നിങ്ങനെ വർധിപ്പിച്ചത് ഏത് സർക്കാർ ഉത്തരവിന്റെ/കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. 2023 ജൂൺ മാസത്തിൽ ഹെൽപ്പർ, കെയർടേക്കർ, സ്വീപ്പർ, കുക്ക് എന്നിങ്ങനെ നാലുപേർക്ക് വേതനം നല്കിയതായി കാണുന്നു. ബൈലോ പ്രകാരം സ്വീപ്പർ എന്ന തസ്തിക ഇല്ലായെന്നിരിക്കെ സ്വീപ്പർ തസ്തികയിൽ വേതനം നല്കിയത് സംബന്ധിച്ച് വ്യക്ത ആവശ്യമാണ്.

2. വൃദ്ധസദനം നടത്തിപ്പിനായി ചെയർ പേഴ്സൺ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് മേൽനോട്ടം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. മേൽ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഓഡിറ്റ് വർഷത്തിൽ യോഗം ചേർന്ന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്.

3. വൃദ്ധസദനത്തിന്റെ ചുമതലയുള്ള ജെ.എച്ച്. ഐ. ക്യാഷ്ബുക്ക്, അറ്റന്റൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വിസിറ്റേഴ്സ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പ്രോപ്പർട്ടി രജിസ്റ്റർ, മെഡിക്കൽ റെക്കോർഡ് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയവ പരിശോധനക്കായി ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

4.സ്ഥിരമായി ഒരു നഴ്സിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആവശ്യമാകുന്ന സാഹചര്യങ്ങളിൽ മറ്റ് അറേഞ്ച്മെന്റ് എന്തെങ്കിലും ലഭ്യമാക്കുന്നതിന് വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അന്തേവാസികൾക്ക് പിരിയോഡിക് മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയതിന്റെയും വിശദാംശം അറിയിക്കാൻ താൽപര്യപ്പെടുന്നു.

വൃദ്ധസദനം നടത്തുന്നതിന് അംഗീകാരമുള്ള സ്ഥാപനങ്ങൾ/ഏജൻസികൾ(തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പെടെ), അവയിൽ നിർബന്ധമായും ഉണ്ടാകേണ്ട തസ്തികകൾ എന്നിവയെല്ലാം സംബന്ധിച്ച വിശദമായ വ്യവസ്ഥകൾ സാമൂഹ്യനീതിവകുപ്പിന്റെ ജി.ഓ.(പി) നമ്പർ 10/2016/സാ.നീ.വ. തീയതി 20-8-2016 പ്രകാരം പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. ആയതെല്ലാം പാലിച്ചുകൊണ്ട് വൃദ്ധസദനം നടത്തിപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തസ്തികകൾ,

അനുവദിക്കാവുന്ന ശമ്പളം എന്നിവ സംബന്ധിച്ചെല്ലാം സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. നിലവിൽ ഇത്തരത്തിൽ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാർക്കുള്ള വേതനം നല്കുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നുണ്ട്.ഈകാര്യത്തിൽ സൂക്ഷ്മത ആവശ്യമാണ്. വൃദ്ധസദനത്തിന്റെ സംഭാവന രസീതുകൾ വരുംവർഷങ്ങളിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അന്തേവാസികൾക്ക് കൃത്യമായ ഇടവേളകളിൽ ആരോഗ്യപരിശോധന നടത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്. വൃദ്ധസദനം നടത്തിപ്പിന് കാലാകാലങ്ങളിൽ പാലിക്കേണ്ട വ്യവസ്ഥകൾ സാമൂഹ്യനീതിവകുപ്പിൽ നിന്നും ലഭ്യമാക്കി പാലിക്കേണ്ടതാണ്. വൃദ്ധസദനം നടത്തിപ്പുമായി ബന്ധപ്പെട്ട ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

**1-31 ബഡ്സ് സ്കൂളിന്റെ നടത്തിപ്പ്**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 11/23, ബഡ്സ് സ്കൂൾ പരിപാലനചെലവ് |
| നിർവ്വഹണം | പ്രൊജക്റ്റ് ഓഫീസർ |
| അടങ്കൽ | ₹820000/- |
| ചെലവ് | ₹661695/-(പൊതുവിഭാഗം സാധാരണവിഹിതം) |
| ബിൽ നമ്പർ,തീയതി,തുക | 19/12.5.22(₹30675/-)<br>20/12.5.22(₹17325/-)<br>25/3.6.22(₹30675/-)<br>26/3.6.22(₹17325/-)<br>32/28.6.22(₹3586/-)<br>41/2.7.22(₹17325/-)<br>40/2.2.22(₹30675/-)<br>42/5.7.22(₹2224/-)<br>56/13.7.22(₹4609/-)<br>69/12.8.22(₹30675/-)<br>70/12.8.22(₹17325/-)<br>71/12.8.22(₹4660/-)<br>108/1.9.22(₹36330/-)<br>109/1.9.22(₹20520/-)<br>162/18.10.22(₹3999/-)<br>161/18.10.22(₹4110/-)<br>160/18.10.22(₹18390/-)<br>159/18.10.22(₹32560/-)<br>189/9.11.22(₹7425/-)<br>188/9.11.22(₹18390/-)<br>187/9.11.22(₹32560/-)<br>213/7.12.22(₹32560/-)<br>214/7.12.22(₹18390/-)<br>215/7.12.22(₹4252/-)<br>236/6.1.23(₹32560/-)<br>237/6.1.23(₹18390/-)<br>238/6.1.23(₹3315/-)<br>324/2.2.23(₹32560/-)<br>325/2.2.23(₹18390/-)<br>326/2.2.23(₹5276/-)<br>371/28.2.23(₹18390/-)<br>401/14.3.23(₹3546/-)<br>415/15.3.23(₹9193/-)<br>422/16.3.23(₹32560/-) |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 31/23, ബഡ്സ് സ്കൂൾ പരിപാലനചെലവ് |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹116657/- |

| | |
|---|---|
| ചെലവ് | ₹52535/-(പൊതുവിഭാഗം സാധാരണവിഹിതം) |
| ബിൽ നമ്പർ,തീയതി,തുക | 7/26.4.22(₹30675/-)<br>8/26.4.22(₹17325/-)<br>14/10.5.22(₹3735/-)<br>18/10.5.22(₹800/-) |

ബഡ്സ് സ്കൂളിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രണ്ട് പ്രൊജക്റ്റുകളാണ് ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രൊജക്റ്റ് ഓഫീസർ നടപ്പാക്കിയ പ്രൊജക്റ്റ് സംബന്ധിച്ച് ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ₹263629നുള്ള ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വേതനം, പലവ്യഞ്ജനങ്ങൾ, പാചകവാതകം എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള ചെലവിന്റെ രേഖകൾ ആണിവ. സെക്രട്ടറി നടപ്പാക്കിയ സ്പിൽ ഓവർ പ്രൊജക്റ്റ് സംബന്ധിച്ച ചെലവ് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബഡ്സ് സ്കൂൾ നടത്തിപ്പ് സംബന്ധിച്ച ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 53/5.2.2024)നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകകളായ ₹398066/- , ₹52535/- എന്നിവ (ആകെ ₹450601/-) തടസ്സപ്പെടുത്തുന്നു.

**1-32 കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ -വിഹിതം നല്കൽ-പ്രൊജക്റ്റ് -ധനവിനിയോഗ വിവരം ലഭ്യമല്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ/പേര് | 35/23(സ്പിൽ ഓവർ)<br>കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ |
| അടങ്കൽ | ₹25,000/- |
| ചെലവ് | ₹25000/ – വികസന ഫണ്ട്-ജനറൽ |
| എസിആര് ബിൽ നം | 439/16.3.23<br>₹25,000/-(യുടിആർ വിവരം ലഭ്യമല്ല) |

മേൽ പ്രൊജക്റ്റ് നിർവ്വഹണത്തിനായി എറണാകുളം ജില്ലാ പഞ്ചായത്തിന് ₹25,000/- നൽകിയിട്ടുണ്ട്.തുക കൈമാറിയതിന്റെ യുടിആർ നം അടങ്ങിയ സാംഖ്യ വെബ് പേമെന്റ് ഡിറ്റെയിൽസ്,സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം നം 31 /2.2.24). പ്രസ്തുത തുകയുടെ വിശദാംശങ്ങൾ വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കുന്നതു വരെ ₹25000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തെ ഓഡിററിന്റെ ഭാഗമായി മുൻകൂർ രജിസ്ററർ പരിശോധിച്ചപ്പോൾ മുൻകൂറുകൾ ക്രമീകരിക്കാത്തതായി കാണുന്നു.

| ക്രമനം | മുൻകൂർതുക(₹) | കൈപ്പററിയ ഉദ്യോഗസ്ഥൻ | വൗച്ചർ നം/ചെക്ക് നം/തീയതി | ഉദ്ദേശ്യം |
|---|---|---|---|---|
| 1. | 20000/- | ശ്യാംലാൽ<br>ജെ എച്ച്.ഐ | 259155/21.4.21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| 2. | 30000/- | ,, | 259210/25.5.21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| 3. | 50000/- | ,, | 259213/2.6.2021 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| 4. | 4000/- | അനൂപ്കുമാർ<br>ജെ എച്ച്ഐ | 259358/5.10.21 | മരങ്ങൾ മുറിക്കുന്നതിന് |
| 5. | 20000/- | അനൂപ്കുമാർ<br>ജെ എച്ച്ഐ | 10/22/30.12.2021 | ഗ്ലൗസ് വാങ്ങുന്നതിന് |
| 6. | | നിവ്യ പോൾ | 81/22/20.1.2022 | റിപ്പയറിംഗിന് |
| 7. | 50000/- | രേഖ പി വി<br>റവന്യൂ ഇൻസ്പെക്ടർ | 84/22/25.02.2022 | ലേലം നടത്തുന്നതിന് |
| 8. | 5000/- | ധന്യ . വി<br>ഓവർസിയർ | 9/22/3.6.2022 | ജലം പരിശോധി ക്കുന്നതിന് |
| 9. | 30000/- | എഡ്വിൻ കുഞ്ഞപ്പൻ<br>ക്ളർക്ക് | 13/22/7.6.2022 | ലേലം നടത്തുന്നതിന് |
| 10. | 10000/- | ആന്റണി<br>ഓവർസിയർ | 29/23/14.2.2023 | ഇലക്ട്രിഫിക്കേഷന് |
| 11. | 50000/- | ബിനോയ്.ആർ | 30/23/14.02.2023 | വാഹന |

| | | | | |
|---|---|---|---|---|
| | | ഹെൽത് സൂപ്പർവൈസർ | | രജിസ്ട്രേഷൻ ചെലവുകൾ |
| 12. | 15000/- | മഞ്ചു ബി<br>റവന്യൂ ഇൻസ്പെക്ടർ | 24/23/27.2.2023 | പ്രോപ്പർട്ടിടാക്സ്<br>അരിയർ കളക്ഷന് |

നഗരസഭയുടെ മുൻവർഷങ്ങളിലെ മുൻകൂർ രജിസ്റ്ററിൽ ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂറുകൾ നിലവിലും തുടരുകയാണ്. മുൻകൂറുകൾ ക്രമീകരിച്ച വിവരം ചേർത്ത് രജിസ്റ്റർ അടിയന്തിര പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 4.10.2011ലെ ഉത്തരവ് നംപർ 419/2011 പ്രകാരം മുൻകൂറുകൾ മൂന്ന മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രതിവർഷം 18% നിരക്കിൽ പിഴപലിശ ഈടാക്കേണ്ടതാണ്. ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂറുകൾ പിഴപലിശ സഹിതം ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-34 മരങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല

2022-23 സാമ്പത്തികവർഷം പറവൂർ നഗരസഭയിൽ നിന്നും മരം മുറിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുള്ളതായികാണുന്നു.

| ക്രമനം | വൗച്ചർനം./തീയതി | തുക (₹) |
|---|---|---|
| 1. | 52/3.7.2022 | 4000/- |
| 2. | 56/22.7.2022 | 25000/- |
| 3. | 58/26.8.2022 | 21400/- |
| 4. | 45/17.08.2022 | 5500/- |
| 5. | 28/5.11.2022 | 24000/ |
| ആകെ | | 79900/- |

ടി മരങ്ങൾ ലേലം ചെയ്ത് വരവുവച്ചതായി കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം നല്കേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്കു(നം 39/02.02.2024 ) മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവുതുക ₹79,900/-തടസ്സപ്പെടുത്തുന്നു.

### 1-35 മാലിന്യ നിർമ്മാർജനത്തിനായി വാഹനം വാടകയ്ക്ക് -ട്രിപ് ഷീററ് ഹാജരാക്കിയില്ല

2022-23 സാമ്പത്തിക വർഷം പറവൂർ നഗരസഭയിൽ മാലിന്യ നിർമ്മാർജനത്തിനായി വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളതും വാടക അനുവദിച്ചിട്ടുള്ളതുമാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം/തീയതി | തുക (₹) | വാഹനം ഉപയോഗിച്ച തീയതി |
|---|---|---|---|
| 1. | 44/27.9.2022 | 29400/- | 29.8.2022-3.9.2022 |
| 2. | 67/15.10.2022 | 33000/- | 27.9.2022-5.10.2022 |
| 3. | 9/3.11.2022 | 44000/- | 6.10.2022-17.10.2022 |
| 4. | 56/26.11.2022 | 44000/- | 18.10.2022-29.10.2022 |
| 5. | 69/30.01.2023 | 39600/- | 31.10.2022-30.11.2022 |
| 6. | 9/1.3.2023 | 79200/- | 31.10.2022-30.11.2022 |
| | | | |

ഇത്തരത്തിൽ വാടക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .വിശദീകരണം ലഭ്യമാക്കുന്നതിന് 03.02.2024 ൽ നല്കിയ 46ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടതോ, അല്ലാത്തതോ ആയ ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുമ്പോൾ നിർബന്ധമായും വാഹനങ്ങളുടെ വിശദ വിവരം ട്രിപ്പ് ഷീറ്റ് അടക്കം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-36 ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

2022-23 സാമ്പത്തിക വർഷം പറവൂർ നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി വേതനം അനുവദിക്കുന്നതിൽ ചുവടെ ചേർക്കുന്നവയ്ക്ക് അംഗീകൃത തസ്തിക നിലവിൽ ഉണ്ടോ എന്ന വിഷയത്തിൽ വിശദീകരണം നല്കുന്നതിനു 03.02.2024 ൽ നല്കിയ 44ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചില്ല..

1.ലൈബ്രറി -ലൈബ്രേറിയനെ കൂടാതെ ലൈബ്രറി അറ്റന്ററെ നിയമിച്ചിട്ടുള്ളതു സംബന്ധിച്ച്.

2. ഡാറ്റാ എൻട്രി ഓപ്പറേററെ നിയമിച്ചിട്ടുള്ളതു സംബന്ധിച്ച്.

കൂടാതെ നഗരസഭ 2022-23 സാമ്പത്തിക വർഷം ദിവസ വേതനം അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളുടെയും അംഗീകാരം സംബന്ധിച്ച് 02.02.2024 ൽ നല്കിയ 38ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ള എല്ലാ തസ്തികകളുടെയും അംഗീകാരം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

### 1-37 ദുരിതാശ്വാസനിധി

2003 ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പറവൂർ നഗരസഭയുൽ ദുരിതാശ്വാസനിധി ആരംഭിച്ചിട്ടുണ്ടോ?കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി നഗരസഭാദ്ധ്യക്ഷനും നഗരസഭ കൗൺസിലർമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയും അടങ്ങുന്ന നഗരസഭ കൗൺസിലിന്റെ ഒരു സബ് കമ്മറ്റി ഉണ്ടായിരിക്കേണ്ടതും നഗരസഭാദ്ധ്യക്ഷൻ പ്രസ്തുത സബ് കമ്മറ്റിയുടെ ചെയർമാനും സെക്രട്ടറി അതിന്റെ കൺവീനറുമായിരിക്കുന്നതുമാണ്.ചട്ടം5(2) പ്രകാരം,നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം ,അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുവാൻ ഒരു രജിസ്റ്ററും സബ്കമ്മറ്റിയുടെ യോഗ നടപടികളുടെ മിനിട്സ് രേഖപ്പെടുത്താൻ ഒരു മിനിട്സ് പുസ്തകവും സൂക്ഷിച്ച് പോരേണ്ടതാണ്. നഗരസഭയിൽ ചട്ടം4(3) പ്രകാരമുള്ള സബ്കമ്മറ്റി

രൂപീകരിച്ചിട്ടുണ്ടോ? സബ്കമ്മറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും മിനിടിസ് ബുക്ക്, അപേക്ഷ വിവരങ്ങളും ധനഹായ വിവരങ്ങളും ചേർത്ത രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതുമാണ്.

**1-38 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

2022-23 സാമ്പത്തിക വർഷം കെ എസ് ഇ ബിയിലേക്ക് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് അടവാക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർനം/തീയതി | തുക (₹) |
|---|---|---|
| 1. | 53/4.6.22 | 41898 |
| 2. | 74/25.3.2023 | 25437 |
| 3. | 17/6.10.2022 | 15256 |
| ആകെ | | 82,591/- |

പ്രസ്തുത പ്രവർത്തികളുടെ വിശദമായ എസ്റ്റിമേറ്റ്,പ്രവർത്തി നിർവ്വഹണ വിവരം എന്നിവ ലഭ്യമാക്കിയില്ല.വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനു 02.02.24 ൽ നല്കിയ 40 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവുതുക ₹82,591/-തടസ്സപ്പെടുത്തുന്നു.

**1-39 എട്ടിയോടം റോഡ് റീ കോൺക്രീറ്റിംഗ് & കവർ സ്ലാബ് ഇടൽ-അധിക തുക നൽകി**

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.ഒ0123/23,(323/22) പറവൂർ നഗരസഭ വാർഡ് 29 എട്ടിയോടം റോഡ് റീ കോൺക്രീറ്റിംഗ് & കവർ സ്ലാബ് ഇടൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹3,10,000/-( മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| കരാറുകാരൻ, കരാർ നം | ശ്രീ. കെ.വി രാജേഷ്, 60/21-22 തീയതി.27.12.2021 |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 476/19-20 &212/19-20 ബുക്ക്. പ്രവൃത്തിമൂല്യം-₹2,58,881.88/-+10% ടെണ്ടർ എക്സസ്,+ 12 % GST= 3,15,246/- |
| തൻവർഷത്തെ ചെലവ് വിവരം | ₹2,16,930/- ( ബിൽ നം 119/17.09.2022)( 2nd Part & Final Bill)<br>₹5,246/-( ബിൽ നം 143/29.09.2022-ടെണ്ടർ എക്സസ് അനുവദിക്കാനുള്ള 259/23 നം പ്രോജക്റ്റിലെ ചെലവ്) |

മേൽ പ്രവൃത്തിയുടെ ഭാഗമായി എട്ടിയോടം റോഡ് ബൈ ലൈനിൽ 45 M നീളത്തിൽ 60 സെ.മീ വീതിയിലും 15 സെമീ കനത്തിലും ഒരു കവർ സ്ലാബും, എട്ടിയോടം തോടിനു കുറുകെ 21.5 മീ നീളത്തിൽ 2.4 മീ വീതിയിലും, 20 സെ.മീ കനത്തിലും ഒരു കവർസ്ലാബ് ഇടലുമാണ് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ചിരുന്നത്. ആകെ 14.37 എം3 RCC ക്ക് ശരാശരി 90 കി.ഗ്രാം/എം3 എന്ന തോതിൽ 1.318 ടൺ കമ്പി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും കാനക്ക് കുറുകെ 50 സെ.മീ വീതിയിൽ മാത്രം വിവിധ നീളത്തിൽ കവർ സ്ലാബ് ഇടുകയാണ് ചെയ്തിട്ടുള്ളത്. തോടിനു കുറുകെ 2.4 സെമി വീതിയിലുള്ള കവർ സ്ലാബ് വർക്ക് ചെയ്തു കാണുന്നില്ല.

മേൽ പ്രവർത്തിയുടെ എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയതിൽ വന്ന തെറ്റുമൂലം അധികം നൽകാനിടയായ ₹4,213/-കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ₹4,213/-ടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

**1-40 എർത്ത് വർക്ക് എസ്കവേഷൻ-അധിക നിരക്ക് നൽകി**

നഗരസഭയിൽ 2022-23 ൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ചെയ്ത എർത്ത് വർക്ക് എസ്കവേഷൻ എന്ന ഇനത്തിന് വ്യത്യസ്തമായ നിരക്കുകൾ നൽകിക്കാണുന്നു. വിവിധ റോഡുകളോട് ചേർന്നുള്ള കാന നിർമ്മാണത്തിന് ഇത്തരത്തിൽ വ്യത്യസ്ത നിരക്ക് കണക്കിലെടുത്തതുമൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. സാധാരണയായി Mord Data യിൽ എർത്ത് വർക്കിന് 3.5.1 എന്ന കോഡ് പ്രകാരം ₹358.50/m3 എന്ന നിരക്കാണ് നൽകാറുള്ളത്(2018 DSoR). എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികളിൽ 11.1.1.1 എന്ന കോഡ് പ്രകാരം 764.67/ M3 എന്ന നിരക്ക് നൽകിയിരിക്കുന്നു. തൻ വർഷം നടപ്പിലാക്കിയ പ്രവർത്തിയിൽ ഇക്കാരണത്താൽ ₹34552/- യുടെ അധിക ചെലവുണ്ടായതായി കാണുന്നു.വിശദ വിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-41 മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ്-കരാർ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ്.223/23- വാർഡ് 1-മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ്. |
| സാങ്കേതികാനുമതി | 37889/22-23 Dated 13.09.2022, ₹ 2,10,000/- |
| കരാറുകാരന്റെ പേര്, തുക | ശ്രീ. വിജു കെ.വി, ₹1,59,335.10/- |
| കരാർ നം | 11/2022-23 തീയതി 20.10.2022 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹2,08,946/-(ബിൽ നം 332/09.02.2023) |

നഗരസഭയുടെ വാർഡ് 1 മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ് എന്ന പ്രോജക്റ്റ് നിർവ്വഹണത്തിനായി ഇ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (₹1,59,335.10/-) ശ്രീ. വിജു.കെ.വി . എന്ന കരാറുകാരനുമായി മേൽപ്രകാരം കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ നൽകിയപ്പോൾ കരാർ തുകയേക്കാൾ അധികതുക

നൽകിയിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

**1-42 നഗരസഭ റോഡുകളുടെ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പ്രവൃത്തി പൂർത്തിയാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | SO 136/2023, നഗരസഭ റോഡുകളുടെ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| അടങ്കൽ | ₹87,000/-( കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1. ബിൽനം 113/05.09.22-₹8,880/-<br>2.ബിൽനം 153/07.10.22-₹13,320/-<br>3.ബിൽനം 184/02.11.22-₹11,100/-<br>4.ബിൽനം 200/01.12.22-₹8,880/-<br>ആകെ ----------------₹42,180/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് 3000/- രൂപ വീതം ആകെ 29 വാർഡിന് ₹87,000/-യുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി ഇന്റർവ്യൂ വഴി തെരെഞ്ഞെടുത്ത ശ്രീമതി വിൻസു എം വി ക്ക് വിവിധ ബില്ലുകളിലായി നൽകിയ ₹42,180/- ആണ് പ്രോജക്ട് പ്രകാരമുള്ള ചെലവ് . ഫയൽ പരിശോധിച്ചതിൽ 4,14 എന്നിവ ഒഴികെയുള്ള വാർഡുകളിലെ സർവ്വെ പൂർത്തിയായിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2022 നവംബർ 30 ന് മുൻപ് എല്ലാ നഗരസഭകളിലും R Track Data Collection & Processing പൂർത്തിയാക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടറുടെ 28.10.2022 ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ വാർഡ് ഒന്നിന് ₹5,000/-നിരക്കിൽ നഗരസഭക്ക് ചെലവഴിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2022 നവംബർ 30 മുതൽ R Track Data Base ലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും റോഡ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുക എന്നും അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണവിവരം അറിയിക്കേണ്ടതും അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/30.01.2024) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക ₹42,180/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-43 നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപ്പണി-കരാർ പ്രകാരമുള്ളതിലും അധികം തുക അനുവദിച്ചു**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.0016/23- നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപ്പണി |
| സാങ്കേതികാനുമതി | 20225/22 Dated 26.09.2022, ₹10,00,000/- |
| കരാറുകാരന്റെ പേര്, ക്വോട്ട് ചെയ്ത തുക | ശ്രീ. പാർത്ഥൻ കെ.എസ്, ₹6,94,797.06/- |
| കരാർ നം | 34/2022-23 തീയതി 15.12.2022 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹8,45,496/-( ബിൽ നം 543/28.03.2023) |

നഗരസഭയുടെ ടൗൺഹാൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രോജക്ടാണിത്. ഇ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (₹6,94,797.06/-)പാർഥൻ കെ.എസ് എന്ന കരാറുകാരനുമായി മേൽപ്രകാരം കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 23 ഇനങ്ങളുള്ള എസ്റ്റിമേറ്റിൽ 11 ഇനങ്ങൾ ഒഴിവാക്കിയും, ചില ഇനങ്ങൾ എസ്റ്റിമേറ്റിലെ അളവിലും അധികരിച്ചുമാണ് ചെയ്തിട്ടുള്ളത്. എന്നിരുന്നാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. ഫൈനൽ ബിൽ നൽകിയപ്പോൾ കരാർ തുകയേക്കാൾ അധികതുക നൽകിയിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ ഖണ്ഡിക 3-5 ൽ ചേർത്തിട്ടുണ്ട്.

**1-44 ആരോഗ്യമാത പള്ളി റോഡ് ബൈലൈനായ ദേവസ്വം പറമ്പ് റോഡ് റീടാറിംഗ്-കാലി ബാരലിന്റെ വില കുറവായി ഈടാക്കി**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.063/23- ആരോഗ്യമാത പള്ളി റോഡ് ബൈലൈനായ ദേവസ്വം പറമ്പ് റോഡ് റീടാറിംഗ് |
| കരാറുകാരന്റെ പേര് | ശ്രീ. സാബു ടി.ജെ |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹5,38,413/-(ബിൽ നം 539/27.03.2023) |

മേൽ പ്രവത്തിയിൽ 21 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബിലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിരുന്നില്ല. പിന്നീട് ₹3,801/ - 123030100762/04.05.2023 നമ്പർ രസീതു പ്രകാരം നഗരസഭയിൽ അടവാക്കിയതായി കാണുന്നു. 21 ബാരലിന്റെ വില നികുതി ഉൾപ്പെടെ ₹5,901/- ആണ് ഈടാക്കേണ്ടിയിരുന്നത്(281x 21= 5901/-( 238+18% GST =₹281) കുറവായി ഈടാക്കിയ ₹2,100/-(5901-3801) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 27/01.02.2024) മറുപടി ലഭ്യമാക്കിയില്ല. ₹2,100/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

**1-45 നഗരസഭ സ്ലോട്ടർ ഹൗസ് നവീകരണം-പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ.0110/23- (110/22)നഗരസഭ സ്ലോട്ടർ ഹൗസ് നവീകരണം |
| സാങ്കേതികാനുമതി | 52258/21-22 Dated 28.10.2021, ₹5,35,000/- |
| കരാറുകാരന്റെ പേര്, തുക | ആശിഷ കാസിം, ₹4,24,801.07+12 % ജി.എസ്.ടി=₹4,75,777/- |
| കരാർ നം | 48/2021-22 തീയതി 23.12.2021 |
| അളവ് പുസ്തകം | 533/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| ചെലവഴിച്ച തുക | BRN No 22110347018501511499/20.03.2023 ₹2,81,478/- |

നഗരസഭയുടെ സ്ലോട്ടർ ഹൗസ് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള പ്രോജക്റ്റാണിത്. ഫ്ലോറിംഗ്, ഡ്രയിനേജിന് കവറിംഗ് സ്ഥാപിക്കൽ തുടങ്ങി 12 ഇനങ്ങളാണ് പ്രവൃത്തിയിലുള്ളത് .ഇ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (₹4,75,777.20/-(including GST 12 %)) ആശിഷ കാസിം എന്ന കരാറുകാരനുമായി 23.12.2021 ൽ കരാറിലേർപ്പെട്ട് അന്നുതന്നെ സൈറ്റ് കൈമാറിയിട്ടുണ്ട്. സാങ്കേതിക അനുമതി പ്രകാരം 6 മാസമാണ് പൂർത്തീകരണ കാലാവധി. 2021-22 ൽ ആവിഷ്കരിച്ച മേൽ പ്രോജക്റ്റ് പൂർത്തീയാവാത്തതിനാൽ 2022-23 ൽ സ്പിൽ ഓവർ പ്രോജക്റ്റായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ നിലവിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ആകെ 2 ഇനങ്ങൾ ചെയ്തതിന് ( ഫ്ലോറിംഗ്, ഡ്രെയിൻ കവറിംഗ്) അളവെടുത്ത് പാർട്ട് ബിൽ നൽകിയിരിക്കുന്നു. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 22.06.2022 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതു വരെ ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരനെതിരെ നടപടിയൊന്നും എടുത്തതായി കാണുന്നില്ല. കാലാവധി നീട്ടുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ട് 07.10.22 ലെ PW-11996/21 നം കത്തു പ്രകാരം കരാറുകാരന് ഓർമ്മക്കുറിപ്പ് നൽകിയതല്ലാതെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. ആകെ രണ്ട് ഇനങ്ങളാണ് അളവുപുസ്തകം പ്രകാരം ചെയ്തിട്ടുള്ളത്. ഇതിന്റെ അളവെടുത്ത തീയതി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 30.03.2022 ൽ ചെക്ക് മെഷർ നടത്തിയതായി പേജ് നം 5 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള പാർട്ട് ബിൽ അനുവദിച്ചത് 29.03.2023 ലെ ബിൽ നം 555/29.03.2023 പ്രകാരമാണ്. വൈകി ബിൽത്തുക അനുവദിച്ചതിനാൽ 12% ത്തിനു പകരം 18 % ജി.എസ്.ടി അനുവദിക്കേണ്ടിവന്നിട്ടുണ്ട്. അതുവഴി താഴെ കാണുംവിധം ₹14,312/-സി.എഫ് സി ഗ്രാന്റിൽ നിന്നും അധികം ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| ആകെ അനുവദിച്ച തുക | 2,38,541 + 18% ജി.എസ്.ടി = 2,81,478 |
| ആകെ പ്രവൃത്തി മൂല്യം | 2,38,541 + 12 % ജി.എസ്.ടി = 2,67,166 |
| അധിക ചെലവ് | ₹14,312/- |

3. പാർട്ട് ബില്ലിൽ നിന്നും നിയമാനുസൃത നികുതികളും 2.5 % റിട്ടെൻഷനും പിടിച്ചിട്ടുണ്ട്. എന്നാൽ പിഴയൊന്നും ഈടാക്കിയിട്ടില്ല.

4. പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം 34/02.02.2024) പ്രവൃത്തിയുടെ പ്രധാന ഇനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പെയിന്റിംഗ് ഉൾപ്പെടെയുള്ള ഫിനിഷിംഗ് ജോലികളാണ് പൂർത്തീകരിക്കാനുള്ളതെന്നും, പണി പൂർത്തീകരിക്കാൻ കരാറുകാരന് നോട്ടീസ് നൽകുന്നതാണെന്നുമാണ് അറിയിച്ചത്. പിഴ ഈടാക്കാത്തതു സംബന്ധിച്ചോ നികുതി ഇനത്തിൽ അധികച്ചെലവ് വന്നതിനെ കുറിച്ചോ മറുപടിയിൽ പരാമർശമില്ല.

2021-22 ൽ തുടങ്ങിയ സ്ലോട്ടർ ഹൗസ് നവീകരണ പ്രവൃത്തികൾ രണ്ടുവർഷത്തോളമായിട്ടും പൂർത്തീകരിക്കാത്തത് കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഫൈനൽ ബിൽ നൽകുമ്പോൾ നിയമാനുസൃത പിഴ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

താഴെ ചേർത്ത ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമനമ്പർ | ജീവനക്കാരന്റെ പേര്, , തസ്തിക, സ്ഥാപനം | അർദ്ധവാർഷിക വരുമാനം (₹) | ഈടാക്കേണ്ട തൊഴിൽ നികുതി (₹) | ഈടാക്കിയ തൊഴിൽ നികുതി (₹) | രസീത് നമ്പർ/ തീയതി | കുറവ് (₹) |
|---|---|---|---|---|---|---|
| 1 | ജയശ്രീ, ചീഫ് അക്കൌണ്ടന്റ്, ശാന്തി ക്ലിനിക്ക് ഹോസ്പിറ്റൽ, നോർത്ത് പറവൂർ | 125886/- | 1250/- | 1000/- | 109687/ 31-1-2023 | 250/- |
| 2 | ശ്രീജ ബൽരാജ്, അഡ്മിനിസ്ട്രേറ്റർ, ശാന്തി ക്ലിനിക്ക് ഹോസ്പിറ്റൽ, നോർത്ത് പറവൂർ | 125976/- | 1250/- | 1000/- | 109687/ 31-1-2023 | 250/- |
| 3 | അരുൺ.കെ.എ, അക്കൌണ്ടന്റ്, പതിയാറ സാനിറ്റേഴ്സ് | 115600/- | 1000/- | 750/- | 110909/ 28-2-2023 | 250/- |
| 4 | ഹരിഹരൻ.വി, പാർട്ട് ടൈം മീനിയൽ,<br>ഗവ.ടൌൺ മോഡൽ എൽ.പി.എസ്, എൻ.പറവൂർ | 126290/- | 1250/- | 1000/- | 110918/ 28-2-2023 | 250 |
| 5 | അന്ന എബ്രഹാം<br>(HSST Chemistry Jr), ജി.ജി.എച്ച്.എസ്സ്.എസ്സ് നോർത്ത് പറവൂർ | 146376 | 1250/- | 1000/- | 110239/ 14-2-2023 | 250 |
| 6 | ഇസബെല്ല മൊയ്തീൻ, SM, AXIS ബാങ്ക് പറവൂർ | 209240/- | 1250/ | 830/- | 500035/ 5-5-2023 | 420/- |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഡാനി അമൽ ഷാജു. AM, AXIS ബാങ്ക് പറവൂർ | 132200/- | 1250/- | 750/- | 500035/ 5-5-2023 | 500/- |
| 8 | രെഞ്ജിത.ടി.ശ്യാം, AM, AXIS ബാങ്ക് പറവൂർ | 128150/- | 1250/- | 750/- | 500035/ 5-5-2023 | 500/- |
| ആകെ | | | | | | 2670/- |

മേൽ ചേർത്ത ജീവനക്കാരിൽ നിന്ന് കുറവായി തൊഴിൽ നികുതി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/3-2-2024) ടി തുക അടവാക്കുന്നതിന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന ₹2670/- മേൽ ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എട്ടിയോടം റോഡ് റീ കോൺക്രീറ്റിംഗ് & കവർ സ്ലാബ് ഇടൽ-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.ഓ0123/23,(323/22) പറവൂർ നഗരസഭ വാർഡ് 29 എട്ടിയോടം റോഡ് റീ കോൺക്രീറ്റിംഗ് & കവർ സ്ലാബ് ഇടൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹3,10,000/-( മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| കരാറുകാരൻ, കരാർ നം/തീയതി | ശ്രീ. കെ.വി രാജേഷ്, 60/21-22 തീയതി.27.12.2021 |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 476/19-20 &212/19-20 ബുക്ക്. പ്രവൃത്തിമൂല്യം-₹2,58,881.88/-+10% ടെണ്ടർ എക്സസ്,+ 12 % GST= ₹3,15,246/- |
| തൻവർഷത്തെ ചെലവ് വിവരം | ₹/-2,16,930 ( ബിൽ നം 119/17.09.2022)( 2nd Part & Final Bill)<br>₹5,246( ബിൽ നം 143/29.09.2022-ടെണ്ടർ എക്സസ് അനുവദിക്കാനുള്ള 259/23 നം പ്രോജക്റ്റിലെ ചെലവ്) |

മേൽ പ്രവൃത്തിയുടെ ഭാഗമായി എട്ടിയോടം റോഡ് ബൈ ലൈനിൽ 45 M നീളത്തിൽ 60 സെ.മീ വീതിയിലും 15 സെമീ കനത്തിലും ഒരു കവർ സ്ലാബും, എട്ടിയോടം തോടിനു കുറുകെ 21.5 മീ നീളത്തിൽ 2.4 മീ വീതിയിലും, 20 സെ.മീ കനത്തിലും ഒരു കവർസ്ലാബ് ഇടലുമാണ് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ചിരുന്നത്. ആകെ 14.37 എം3 RCC ക്ക് ശരാശരി 90 കി.ഗ്രാം/എം3 എന്ന തോതിൽ 1.318 ടൺ കമ്പി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും കാനക്ക് കുറുകെ 50 സെ.മീ വീതിയിൽ മാത്രം വിവിധ നീളത്തിൽ കവർ സ്ലാബ് ഇടുകയാണ് ചെയ്തിട്ടുള്ളത്. തോടിനു കുറുകെ 2.4 സെമി വീതിയിലുള്ള കവർ സ്ലാബ് വർക്ക് ചെയ്തു കാണുന്നില്ല.

എന്നാൽ അളവ് പുസ്തകം(നം 212/19-20) പ്രകാരം ചുവടെ ചേർക്കും പ്രകാരമാണ് RCC വർക്ക് ചെയ്തിട്ടുള്ളത്.

| RCC വർക്ക് | | കമ്പിയുടെ അളവ് | |
|---|---|---|---|
| പേജ് നം 5 | 1.50 എം3 (12.5 &15 സെ.മി കനത്തിൽ) | പേജ് നം 3 | 174.53 കി.ഗ്രാ(180.70 കി.ഗ്രാം എന്ന് തെറ്റായി കണക്കിലെടുത്തിരിക്കുന്നു) |
| പേജ് നം 16 | 1.10 എം3(20 സെ.മി കനത്തിൽ) | പേജ് നം 15 | 109.33 കി.ഗ്രാം |
| പേജ് നം 21 | 4.80 എം3 (20 സെ.മി കനത്തിൽ) | പേജ് നം 19 | 752.78. കി.ഗ്രാം |
| ആകെ | 7.4 എം3 | | 1036.64 കി.ഗ്രാം ( 1.037 ടൺ) |

ആകെ 7.4 എം3 മാത്രമാണ് RCC വർക്ക് ചെയ്തിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റിലെ നിരക്കനുസരിച്ച് ഇതിന് പരമാവധി വേണ്ടിവരുന്നത് 0.666 ടൺ കമ്പിയാണ് (7.4x.090=0.666tonne). എന്നാൽ അളവുപുസ്തകത്തിൽ പേജ് നം 26 ൽ ആകെ 1.0428 ടൺ കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും അതനുസരിച്ച് കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ കണക്കാക്കിയ എം3 ന് 90കി.ഗ്രാം എന്ന അളവിൽ കൂടുതൽ കമ്പി ഉപയോഗിച്ചതായി കാണുന്നു. അതുവഴി ചുവടെ ചേർക്കും പ്രകാരം അധികച്ചെലവുണ്ടായതായി കണക്കാക്കുന്നു.

| ഇനം | നിരക്ക്(₹) | അനുവദിച്ച തുക(₹) | അനുവദിക്കാവുന്ന നിരക്ക്(₹) | അധികച്ചെലവ് കണക്കാക്കിയത് (₹) |
|---|---|---|---|---|
| 4-11.8 Supply & Fitting And Placing | 72,475.33/tonne | 1.0428x 72,475.22=75,576.93(കണക്കുകൂട്ടിയതിലെ പിശകുമൂലം 78,577.27 നൽകി) | 0.666x 72,475.22= 48,268.5 | 27,308/-+10% ടെണ്ടർ എക്സസ്, 12 & ജി.എസ്.ടി |

| | | | | | |
|---|---|---|---|---|---|
| TMT Bar.... | | | | | |

സാധാരണയായി കവർസ്ലാബ് RCC ക്ക് 80 മുതൽ 100 കി.ഗ്രാം കമ്പിയാണ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്താറുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ 140 കി.ഗ്രം/എം3 എന്ന തോതിലാണ് കണക്കിലെടുത്തിട്ടുള്ളത്. കൂടാതെ എർത്ത് വർക്ക് എക്സ്കവേഷൻ വഴി ലഭിച്ച 6.6 എം3 (പേജ് നം 13) മണ്ണിന്റെ വിനിയോഗം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

കണക്കു കൂട്ടിയതിലെ പിശകുമൂലം ചുവടെ ചേർക്കും പ്രകാരം ₹4,213/-കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

| ഈ ഇനത്തിൽ അനുവദിക്കാവുന്ന തുക(₹) | | ഈ ഇനത്തിൽ അനുവദിച്ച തുക(₹) | അധികം നൽകിയ തുക (₹) |
|---|---|---|---|
| | 1.037 X 72475.33=75,156.91=75,157 | 1.0428 X 72475.33=78,577.27 | |
| + 10 % 10% ടെണ്ടർ എക്സസ്, | 75157+7,516=82,673 | 78577+7,858=86,435 | |
| +12 % GST | 9921 | 10,372 | |
| ആകെ | 92,594 | 96,807 | 4,213 |

മേൽ അപാകതകൾക്ക വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 26/01.02.2024) തോടിനു കുറുകെ കവർസ്ലാബ് നിർമ്മിച്ചിട്ടുള്ളതും, സ്ലാബ് എടുത്തു മാറ്റേണ്ടിവരുമ്പോൾ പൊട്ടാതിരിക്കാൻ ഡബിൾ ലെയർ റീ ഇൻഫോഴ്സ്മെന്റ് നൽകിയതിനാലാണ് കമ്പിയുടെ ഉപയോഗം കൂടിയതെന്നും അറിയിച്ചു. പ്രവൃത്തി ചെയ്യുമ്പോൾ ഡിസൈൻ തയ്യാറാക്കുന്നതിനനുസരിച്ച് എസ്റ്റിമേറ്റിൽ നിന്നും വ്യത്യാസം വരുന്നതിൽ അസ്വാഭാവികതയില്ല എന്ന മറുപടി അംഗീകരിക്കുന്നു. എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയതിൽ വന്ന തെറ്റുമൂലം അധികം നൽകാനിടയായ ₹4,213/-കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ₹4,213/-ടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 എർത്ത് വർക്ക് എസ്കവേഷൻ-അധിക നിരക്ക് നൽകി

നഗരസഭയിൽ 2022-23 ൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ചെയ്ത എർത്ത് വർക്ക് എസ്കവേഷൻ എന്ന ഇനത്തിന് വ്യത്യസ്തമായ നിരക്കുകൾ നൽകിക്കാണുന്നു. വിവിധ റോഡുകളോട് ചേർന്നുള്ള കാന നിർമ്മാണത്തിന് ഇത്തരത്തിൽ വ്യത്യസ്ത നിരക്ക് കണക്കിലെടുത്തതുമൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. സാധാരണയായി Mord Data യിൽ എർത്ത് വർക്കിന് 3.5.1 എന്ന കോഡ് പ്രകാരം അനുവദനീയമായ നിരക്ക് ₹358.50/m3 ആണ് നൽകാറുള്ളത്(2018 DSR). എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികളിൽ 11.1.1.1 എന്ന കോഡ് പ്രകാരം ₹764.67/ M3 എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | കരറുകാരന്റെ പേര് | ചെയ്ത ഇനം , അളവ് | നല്കിയ തുക ₹764.77/ പ്രകാരം തുക (₹) | അനുവദനീയമായ തുക. ₹358.50/m3 (₹) | അധിക ചെലവ് (₹) |
|---|---|---|---|---|---|---|
| 1 | 143/23-വാർഡ് 16 വഴിക്കുളങ്ങര ബൈലൈൻ റോഡ് കാന നിർമ്മാണം | സലാം ടി.കെ | കാന നിർമ്മാണത്തിനായി 60 സെ.മി. വീതിയിൽ 25.34.എം3 എർത്ത് വർക്ക് | 19,377 | 9,084/- | 10,293+18% GST=12,146 |
| 2 | 140/23-കെ.എം.മാത്യു റോഡിൽ കാനയുടെ സൈഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം | ബിജു ഫ്രാൻസീസ് | സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 70സെ.മി. വീതിയിൽ 12.91എം3 എർത്ത് വർക്ക് | 9,873 | 4628 | 5,245 +18% GST=6,189 |
| 3 | 220/23-വാർഡ് 13-വൈദ്യരുപടി ഈസ്റ്റ് ബൈ ലൈൻ റോഡ് കാന നിർമ്മാണം | ബിജു ഫ്രാൻസീസ് | കാന നിർമ്മാണത്തിനായി 70സെ.മി. വീതിയിൽ 13.787.എം3 എർത്ത് വർക്ക് | ക്വോട്ട് നിരക്കായ 691.35/എം3 നിരക്കിൽ9532/- | 4463 | 5,069+ 18% GST=5,951 |
| 4 | 168/23-വാർഡ് 29-മുളരിക്കൽ റോഡ് ബൈ ലൈൻ റീ കോൺക്രീറ്റിംഗ്, കാന നിർമ്മാണം | ശ്യം കെ.ടി | കാന നിർമ്മാണത്തിനായി 70 സെ.മി. വീതിയിൽ 24.64എം3 എർത്ത് വർക്ക് | ക്വോട്ട് നിരക്കായ 664.67/എം3 നിരക്കിൽ16,377/- | 7677 | 8,700+ 18% GST=10,266 |

Bridges/Culverts Having Span > 1.50 M പോലുള്ള പ്രവൃത്തികൾക്കാണ് 11.1.1.1 കോഡ് പ്രകാരമുള്ള നിരക്ക് നൽകാവുന്നത്. മേൽ പ്രവൃത്തികളിൽ കേവലം 70 സെ.മീ. വീതിയിലുള്ള എർത്ത് വർക്കാണ് ചെയ്തിരിക്കുന്നത്. അതിന് ഉയർന്ന നിരക്ക് നൽകിയതിലൂടെ മേൽപ്രവൃത്തികളിൽ അധികച്ചെലവുണ്ടായിട്ടുണ്ട്. പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 05/27.01.2024) ക്രമ നം 2 പ്രകാരമുള്ള 140/23-കെ.എം.മാത്യു റോഡിൽ കാനയുടെ സൈഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികളിൽ അധിക ചെലവുണ്ടായതായി അംഗീകരിക്കുകയും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ റീടെയിനിംഗ് വാൾ നിർമ്മാണത്തിനുള്ള ഫൗണ്ടേഷനു വേണ്ടിയാണ്

മണ്ണെടുത്തിട്ടുള്ളതെന്നും, ലഭിച്ച മണ്ണ് ബാക്ക് ഫില്ലിംഗ് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുത്തിയാണ് 3.5.1 ൽ നിന്നും വ്യത്യസ്തമായി 11.1.1.1ഐറ്റം നൽകിയിട്ടുള്ളതന്നും ചൂണ്ടിക്കാട്ടി. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. Bridges/Culverts Having Span > 1.50 M പോലുള്ള പ്രവൃത്തികൾക്കാണ് 11.1.1.1 കോഡ് പ്രകാരമുള്ള നിരക്ക് നൽകാവുന്നത്. മേൽ പ്രവൃത്തിയിൽ കേവലം 70 സെ.മീ വീതിയിൽ മാത്രമാണ് മണ്ണെടുത്തിട്ടുള്ളത്. ആയതിനാൽ ഈ പ്രവൃത്തിയിലും 3.5.1 എന്ന കോഡ് പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ആയതിനാൽ മേൽ പട്ടികയിൽ കാണുംവിധം ഓരോ പ്രവൃത്തിയിലും വന്നിട്ടുള്ള അധിക ചെലവ് ബന്ധപ്പെട്ട കരാറുകരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ആകെ ₹34,552/-(12,146+6,189+5,951+10,266=34,552) ഓഡിറ്റിൽ നിരാകരിക്കുന്നു. PRICE Software ൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അനുയോജ്യമായ സ്പെസിഫിക്കേഷൻ തെരെഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ അപാകതയില്ലെന്ന് ഉറപ്പുവരുത്തി മാത്രം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**3-3 ദേവസ്വം പറമ്പ് റോഡ് റീടാറിംഗ്-കാലി ബാരലിന്റെ വില കുറവായി ഈടാക്കി**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.063/23- ആരോഗ്യമാത പള്ളി റോഡ് ബൈലൈനായ ദേവസ്വം പറമ്പ് റോഡ് റീടാറിംഗ് |
| കരാറുകാരന്റെ പേര് | ശ്രീ. സാബു ടി.ജെ |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹5,38,413/-(ബിൽ നം 539/27.03.2023) |

മേൽ പ്രവൃത്തിയിൽ 21 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിരുന്നില്ല. പിന്നീട് ₹3,801/ - 123030100762/04.05.2023 നമ്പർ രസീതു പ്രകാരം നഗരസഭയിൽ അടവാക്കിയതായി കാണുന്നു. 21 ബാരലിന്റെ വില നികുതി ഉൾപ്പെടെ ₹5,901/- ആണ് ഈടാക്കേണ്ടിയിരുന്നത്(281x 21= 5901/-( 238+18% GST =₹281) കുറവായി ഈടാക്കിയ ₹2,100/-(5901-3801) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 27/01.02.2024) മറുപടി ലഭ്യമാക്കിയില്ല. ₹2,100/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-4 മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ്-കരാർ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.223/23- വാർഡ് 1-മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ്. |
| സാങ്കേതികാനുമതി | 37889/22-23 Dated 13.09.2022, ₹2,10,000/- |
| കരാറുകാരന്റെ പേര്, തുക | ശ്രീ. വിജു കെ.വി, ₹1,59,335.10/- |
| കരാർ നം | 11/2022-23 തീയതി 20.10.2022 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹2,08,946/-(ബിൽ നം 332/09.02.2023) |

നഗരസഭയിലെ വാർഡ് 1 മാട്ടുമ്മൽ തിരുത്തി ബൈലൈൻ റോഡ് റീ കോൺക്രീറ്റിംഗ് എന്ന പ്രോജക്ട് നിർവ്വഹണത്തിനായി ഇ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (₹1,59,335.10/-) ശ്രീ. വിജു.കെ.വി . എന്ന കരാറുകാരനുമായി മേൽപ്രകാരം കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ നൽകിയപ്പോൾ ചുവടെ കാണും പ്രകാരം കരാർ തുകയേക്കാൾ അധികതുക നൽകിയിട്ടുള്ളതായി കാണുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹1,77,072.60+ 18% ജി.എസ്.ടി= ₹2,08,946/- |
| കരാർ പ്രകാരം പരമാവധി അനുവദിക്കാവുന്ന തുക | ₹1,59,335.10 +18% ജി.എസ്.ടി= ₹1,88,015/- |
| അധികം നൽകിയത് | ₹17,734.5+ 18% ജി.എസ്.ടി =₹20,931/- |

പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 06/27.01.2024) കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. തുക ഈടാക്കി ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അധികം ചെലവഴിച്ച ₹20,931/-ഓഡിറ്റിൽ നിരാകരിക്കുന്നു.

**3-5 നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപ്പണി-കരാർ പ്രകാരമുള്ളതിലും അധികം തുക അനുവദിച്ചു**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.0016/23- നഗരസഭ ടൗൺ ഹാൾ അറ്റകുറ്റപ്പണി |
| സാങ്കേതികാനുമതി | 20225/22 Dated 26.09.2022, ₹ 10,00,000/- |
| കരാറുകാരന്റെ പേര്, ക്വോട്ട് ചെയ്ത തുക | ശ്രീ. പാർത്ഥൻ കെ.എസ്, ₹6,94,797.06/- |
| കരാർ നം | 34/2022-23 തീയതി 15.12.2022 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹8,45,496/-( ബിൽ നം 543/28.03.2023) |

നഗരസഭയുടെ ടൗൺഹാൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രോജക്ടാണിത്. ഇ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (₹6,94,797.06/-)പാർഥൻ കെ.എസ് എന്ന കരാറുകാരനുമായി മേൽപ്രകാരം കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 23 ഇനങ്ങളുള്ള എസ്റ്റിമേറ്റിൽ 11 ഇനങ്ങൾ ഒഴിവാക്കിയും, ചില ഇനങ്ങൾ എസ്റ്റിമേറ്റിലെ അളവിലും അധികരിച്ചുമാണ് ചെയ്തിട്ടുള്ളത്. എന്നിരുന്നാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. ഫൈനൽ ബിൽ നൽകിയപ്പോൾ ചുവടെ കാണും പ്രകാരം കരാർ തുകയേക്കാൾ അധികതുക നൽകിയിട്ടുള്ളതായി കാണുന്നു.5%വരെ അധിക അളവിൽ പ്രവൃത്തി ചെയ്യിക്കാമെങ്കിലും ക്വാട്ട് തുകയിൽ അതിലുമധികം തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല.അധികം അളവ് ചെയ്യേണ്ടതിന്റെ ആവശ്യകതയും വ്യക്തമല്ല.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹7,16,521 + 18% ജി.എസ്.ടി=₹ 8,45,496/- |
| കരാർ പ്രകാരം പരമാവധി അനുവദിക്കാവുന്ന തുക | ₹6,94,797 +18% ജി.എസ്.ടി= ₹8,19,860/- |
| അധികം നൽകിയത് | ₹21,724+ 18% ജി.എസ്.ടി<br>=₹ 25,634/- |

പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 02/24.01.2024) തുക തിരിച്ചടക്കാൻ കരാറുകാരന് നോട്ടീസ് നൽകിയതായി അറിയിച്ചു. തുക ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. ₹25634/-യുടെ അധികച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്ത പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

വാർഷിക കണക്ക് പ്രകാരം 460600100-Electricity Deposits എന്ന ഹെഡിൽ ₹2,20,677/-നീക്കിയിരിപ്പുണ്ട്. 460600200– Telephone Deposits എന്ന ഹെഡിൽ ₹500/-ഉം നീക്കിയിരിപ്പുണ്ട്. മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്കും, മറ്റ് ഇംപ്ലിമെന്റിംഗ് ഏജൻസികൾക്കും നൽകിയ മുൻകൂർ തുകകൾ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ക്രമീകരിക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക (2021-22)(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ.യു.ആർ.ഡി.എഫ്.സി | KURDFC/ULB /371/14 തീയതി 07.02.16 | - | 74,17,709/- | - | - | 74,17,709/- |
| 2 | ഇ.എം.എസ്. ലോൺ | EDCB – 1759/- | - | 1,35,320/- | - | - | 1,35,320/- |

**പി.എം.എ.വൈ. ഭവന പദ്ധതി (ഹഡ്കോയിൽ നിന്നുമുള്ള ലോൺ)**

ഹഡ്കോ ലോൺ തിരിച്ചടവ് സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ തുകയും ലോൺ രജിസ്റ്ററിലെ തുകയും തമ്മിൽ 2021-22 വർഷം മുതൽ വ്യത്യാസമുണ്ട്. ആയതിനാൽ 2021-22 മുതലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻ വർഷം ലഭിച്ച വായ്പ തുക(₹)/ തിയതി | ആകെ വായ്പ തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 2021-22 | പി.എം.എ. | GO(Ms) No.68 | 4,03,59,999/- | 4,60,000/- 22.02.2022 | 4,49,59,999/- | 34,53,333/- | 0 | 4,15,06,666/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2022-23 | വൈ. ഭവന പദ്ധതി (ഹഡ്കോയിൽ നിന്നുള്ള ലോൺ) | /2018/ LSGD Dated 18.05.2018 | 4,15,06,666/- | 0 | 4,15,06,666/- | 34,53,334/- | 0 | 3,80,53,332/- |

2021-22 വർഷം വായ്പ തിരിച്ചടവ് ₹18,000/- കൂടുതൽ അടച്ചതായി വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് 2022-23 ൽ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുകയിൽ വ്യത്യാസം വന്നത്. കൂടാതെ 2022-23 ൽ ഉത്ഭവത്തിൽ നിന്ന് കറവ് ചെയ്ത ₹17,26,667/- വാർഷിക ധനകാര്യ പത്രികയിൽ കണക്കിലെടുത്തിട്ടില്ല. ആയതിനാൽ AFS ഉം, ലോൺ രജിസ്റ്ററും തമ്മിൽ ₹17,08,667/- യുടെ വ്യത്യാസമുണ്ട്. (AFS പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹3,97,61,999/-)

| 2022-23 വർഷത്തിൽ തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക |
| ജി.ഒ. നമ്പർ/തിയതി | പ്രോജക്ട് നമ്പർ & പേര് | |
| G O (Rt) No. 6872/22/Fin Dated 12.10.2022 | എസ്.0316/23 - ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹17,26,667/- |
| G O (Rt) No. 1049/23/Fin Dated 13.02.2023 | എസ്.0331/23 - ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹17,26,667/- |
| ആകെ | | ₹34,53,334/- |

### 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങൾ ഒന്നും ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപ്പത്രികയിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡ് ഓഫ് അക്കൗണ്ട് 350200125 ആണ്. ഓഡിറ്റ് റിക്കവറിയിലൂടെ ലഭിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | റിപ്പോർട്ട് വർഷം | ഈടാക്കിയ തുക(₹) | ഒടുക്കിയ വ്യക്തിയുടെ പേര് | രസീത് നമ്പർ/തിയതി |
|---|---|---|---|---|
| 1 | 2020-21 | 2772/- | കെ പി രാധാകൃഷ്ണൻ | 122030100856/ 29.04.2022 |
| 2 | 2020-21 | 2851/- | ഇഗ്നീഷ്യസ് കെ ജെ | 122030104047/ 05.08.2022 |
| | | 5623/- | | |

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-17 | 2009-10 | 3.7.10(i) | തൊഴിലധിഷ്ഠിത ഐ.ടി. സെന്റർ | 28.5.2014ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നടത്തിയ തെളിവെടുപ്പിൽ ആവശ്യമായ അധിക വിവരങ്ങൾ 21.7.14 ലെ എൽ.എഫ്.ഇ(പി.ജി) 1065/14 നം. കത്ത് പ്രകാരം ആവശ്യപ്പെട്ടു. 12.8.2014 ലെ എ3-5654/12 പ്രകാരം നഗരസഭയിൽ നിന്നും മറുപടി നൽകി. |

### 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ് / സർചാർജ് നടപടികൾ നിലവിലില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹18,39,54,614.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹17,37,82,814.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹2,670 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹87,430 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹16,29,030 |

ചെലവിനങ്ങളിലുള്ള നഷ്ടം/ വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലെ തുകയാണ്

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹1250 | - | ഡോ.സിനി.ടി.എൻ സെക്രട്ടറി നഗരസഭ |
| 2-1 | ₹1420 | - | ശ്രീമതി. മിനി ആന്റണി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-1 | | ₹4,213 | ശ്രീ സിജോ. പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | ₹34,552 | ശ്രീ സിജോ. പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | ₹2,100, | ശ്രീ സിജോ. പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | ₹20,931 | ശ്രീ സിജോ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | ₹25,634 | ശ്രീ സിജോ. പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹2,670 | ₹87,430 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | ₹2,26,320 | ബിനോയ് ആർ,ഹെൽത്ത് സൂപ്പർവൈസർ |
| 1-25 | ₹40,000 | രജനി വി.പി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-26 | ₹30,688 | രജനി വി.പി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-27 | ₹2,90,000 | ബിനോയ് ആർ,ഹെൽത്ത് സൂപ്പർവൈസർ |
| 1-29 | ₹96,700 | ഡോ.സിനി ടി.എൻ, സെക്രട്ടറി. |
| 1-29 | ₹1,55,050 | മിനി ആന്റണി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-31 | ₹3,98,066 | രാഗേഷ് പാലേരി വീട്ടിൽ, പ്രോജക്ട് ഓഫീസർ |
| 1-31 | ₹52,535 | ഡോ.സിനി ടി.എൻ, സെക്രട്ടറി. |
| 1-32 | ₹25,000 | രജനി വി.പി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-33 | ₹1,10,000 | ഡോ.സിനി ടി.എൻ, സെക്രട്ടറി. |
| 1-34 | ₹79,900 | ഡോ.സിനി ടി.എൻ, സെക്രട്ടറി. |
| 1-38 | ₹57,154 | ഡോ.സിനി ടി.എൻ, സെക്രട്ടറി. |

| | | |
|---|---|---|
| 1-38 | ₹25,437 | മിനി ആന്റണി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-42 | ₹42,180 | സിജോ. പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹16,29,030 | |

**(സി) കേന്ദ്ര –സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ബിനോയ് ആർ,ഹെൽത്ത് സൂപ്പർവൈസർ | ബിക്ലീൻ സിറ്റി മാനേജർ, മാവേലിക്കര മുനിസിപ്പാലിറ്റി | കുളത്തിന്റെ തെക്കേതിൽ , നടുവത്ത്ചേരി, ചവറ സൗത്ത്, കൊല്ലം |
| 2 | രജനി വി.പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, നോർത്ത് പറവൂർ നഗരസഭ | പാണേലിക്കുടി ഹൗസ്, സൗത്ത് വാഴക്കുളം, ആലുവ-5 |
| 3 | ഡോ.സിനി ടി.എൻ, സെക്രട്ടറി | സെക്രട്ടറി തിരൂർ നഗരസഭ | നവമാളിക, എടക്കാട്.പി.ഒ, പോരുവഴി, കൊല്ലം |
| 4 | മിനി ആന്റണി, സെക്രട്ടറി ഇൻ ചാർജ്ജ് | റെവന്യൂ സൂപ്രണ്ട്, കൊച്ചിൻ കോർപറേഷൻ | 2 B ക്ലാസ്സിക്ക് റെഡിഡൻസി ജനതാ, വൈറ്റില |
| 5 | സിജോ.പി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | പനങ്ങാട്ട് ഹൗസ്, കാവിൽകടവ്, കൊടുങ്ങല്ലൂർ | അസിസ്റ്റന്റ് എഞ്ചിനീയർ,നോർത്ത് പറവൂർ നഗരസഭ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1975-76, 1976-77, 1977-78 | എൽ.എഫ്.ഇ(എം2)54/85 / 09.09.85 |
| 1978-79 | എൽ.എഫ്.ഇ(എം2)1050/81 / 05.05.81 |
| 1979-80 | എൽ.എഫ്.ഇ(എം2)54/85 / 05.11.85 |
| 1980-81 | എൽ.എഫ്.ഇ(എം1)2891/82 / 11.07.82 |
| 1981-82 | എൽ.എഫ്.ഇ(എം1)97/84 / 09.11.84 |
| 1982-83 | എൽ.എഫ്.ഇ(എം1)1729/86 / 13.09.86 |
| 1983-84 | എൽ.എഫ്.ഇ(എം1)1647/87 / 30.01.88 |
| 1984-85 | എൽ.എഫ്.ഇ(എം1)488/89 / 25.07.85 |
| 1985-86 | എൽ.എഫ്.ഇ(എം1)52/90 / 15.02.90 |
| 1986-87 | എൽ.എഫ്.ഇ(എം1)1710/90 / 1.08.91 |
| 1987-88 | എൽ.എഫ്.ഇ(എം1)415/92 / 05.02.98 |
| 1988-89 | എൽ.എഫ്.ഇ(എം1)1360/93 / 11.07.94 |
| 1989-90, 1990-91 | എൽ.എഫ്.ഇ(എം1)1436/95 / 29.06.96 |
| 1991-92, 1992-93, | എൽ.എഫ്.ഇ(എം1)477/97 / 15.05.97 |

| | |
|---|---|
| 1993-94 | |
| 1997-98 | എൽ.എഫ്.ഇ(എം1)1767/99 / 23.02.01 |
| 1998-99 | എൽ.എഫ്.ഇ(എം1)372/03 / 10.11.03 |
| 1999-00 | എൽ.എഫ്.ഇ(എം1)37/07 / 19.04.05 |
| 2000-01 | എൽ.എഫ്.ഇ(എം1)591/05 / 24.01.06 |
| 2001-02 | എൽ.എഫ്.ഇ(എം1)580/06 / 03.10.07 |
| 2007-08 | എൽ.എഫ്.ഇ(എം1)251/09 / 04.06.10 |
| 2009-10 | എൽ.എഫ്.ഇ(എം1)1192/11 / 12.07.12 |
| 2008-09, 2010-11 | എൽ.എഫ്.ഇ(എം1)59/13 / 06.02.03 |
| 2011-12 | എൽ.എഫ്.ഇ(എം1)763/14 / 01.09.14 |
| 2012-13 | എൽ.എഫ്.ഇ(എം1)908/15 / 20.06.2015 |
| 2013 – 14 & 2014 -15 | കെ.എസ്.എ-ഇ.കെ.എം(എം2)980/2016/02.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)140/2017/08.02.2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം(എം.1)1060/2017/15.09.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം(എം.1)286/2019/ 21.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം(എം.1)2034/2019/ 10.12.2019 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം(എം.1)723/2022/20.07.2022 |
| 2020-21 | കെ.എസ്.എ - ഇ.കെ.എം(എം1)/1330/2022/22.08.2022 |
| 2021-22 | കെ.എസ്.എ - ഇ.കെ.എം(എം1)/2129/2022/19.04.2023 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-07-2023 and submitted on 24-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the North Paravoor Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of North Paravoor Municipality for the year 2022-2023

**Date:** 20/03/2024

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of North Paravoor Municipality for the Year 2022-2023 .

**1.Major Observations**

1. Non inclusion of notes to accounts in financial statements and non-disclosure of material facts.
2. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
3. Lack of Municipal act Budget rules adversely affecting budgetary control system.
4. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Bank account without any transaction for many years are still appearing in AFS.
2. Amount resumed by Government from treasury account on 31.03.2023 is not accounted in AFS.
3. HUDCO loan repayment deducted at source from Plan Fund not acounted in AFS.
4. Bank interest included in AFS does not tally with the ctual bank interest in pass book.
5. Details of Grants & contributions of previous year is not mentioned in AFS.
6. Non submission of bank statements/pass books for audit.
7. Closing balance of bank account as per pass book does not tally with closing balance as per bank reconciliation statement.
8. Details of bank account not included in AFS.
9. Bank interest received from different bank account to amounting to Rs. 464850/- not accounted in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്